# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഓഗസ്റ്റ് 25 | ദീപം 55 | നാളം 25 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## സ്വാതന്ത്ര്യത്തിന്റെ ഏഴര പതിറ്റാണ്ടുകൾ

# നടുവൊടിഞ്ഞ് ഇന്ത്യൻ കാർഷികമേഖല




അഡ്വ. വി. സി. സെബാസ്റ്റ്യൻ


സ്വാതന്ത്ര്യത്തിന്റെ ഏഴരപ്പതിറ്റാണ്ടുകൾ നാം പിന്നിട്ടു. രാജ്യമെമ്പാടും നടന്ന കൊട്ടിഘോഷങ്ങൾക്കിടയിൽ, കണ്ണീരിൽ കുതിർന്ന ഒരു ജനസമൂഹത്തെ പലരും മറന്നു. ഭാരതത്തിന്റെ ആത്മാവ് നിറഞ്ഞുനിൽക്കുന്നത് ഗ്രാമങ്ങളിലാണെന്നു പറഞ്ഞ് ആവേശം കൊള്ളിച്ച തലമുറകൾ കാലയവനികയ്ക്കുള്ളിൽ മറഞ്ഞപ്പോൾ അവരോടൊപ്പം ഗ്രാമീണകാർഷികമേഖലയും കടന്നുപോയി എന്നതാണു സത്യം.

തകർന്നടിഞ്ഞ സ്വന്തം കൃഷിഭൂമിയെ ഉറ്റുനോക്കി നിറകണ്ണുകളുമായി ഇന്ത്യയിലെ കർഷകരിന്ന് നെടുവീർപ്പിടുന്നു. അധികാരത്തിലേറുന്ന ജനാധിപത്യ സർക്കാരുകളുടെ മുമ്പിൽ തൊഴുകൈകളുമായി കുമ്പിട്ടിട്ടും, കർഷകനെ ബുർഷ്വയായി ചിത്രീകരിച്ചവരെക്കാൾ അതിക്രൂരന്മാരായി സംരക്ഷകരെന്നു വീമ്പിളക്കി നടന്നവർ മാറുമ്പോൾ കൊടുംചതിയുടെയും വഞ്ചനയുടെയും 75 വർഷത്തെ ചരിത്രത്താളുകൾ തുറക്കാതെ നിവൃത്തിയില്ല. നടുവൊടിച്ച് നടുക്കടലിലേക്കു കർഷകനെ വലിച്ചെറിഞ്ഞതാരെന്നുള്ള അന്വേഷണം എത്തിച്ചേരുന്നത് ഈ ചരിത്രസത്യങ്ങളുടെ പിന്നാമ്പുറങ്ങളിലേക്കാണ്. അടിമകളെപ്പോലെ കാൽക്കീഴിലൊതുക്കി വിഡ്ഢിവേഷം കെട്ടിച്ച് കർഷകനെ വിലപറഞ്ഞു വിൽക്കുന്ന രാഷ്ട്രീയഭരണ നേതൃത്വങ്ങളുടെ ദുഷ്ച്ചെയ്തികൾക്കെതിരേ സ്വാതന്ത്ര്യത്തിന്റെ ഏഴരപ്പതിറ്റാണ്ടിന്റെ ആഘോഷവേളയിലെങ്കിലും വിരൽചൂണ്ടുവാൻ കർഷകനാകണം.

### കാർഷികവിപ്ലവങ്ങൾ

നൂറ്റാണ്ടുകൾ പഴക്കമുള്ള ഇന്ത്യയുടെ കാർഷികസാംസ്കാരത്തിന് ഊടും പാവും നേടാനായത് 1940 കളിലാണ്. 1940 കളിലെ 'ഗ്രോ മോർ ഫുഡ്' പദ്ധതിയും 1950 കളിലെ ഭക്ഷ്യനാണ്യവിളകളുടെ സമഗ്ര ഉത്പാദനപദ്ധതിയുമാണ് ഇന്ത്യയുടെ കാർഷികമുന്നേറ്റത്തിന്റെ നാഴികക്കല്ലുകൾ. 1968 ൽ തുടക്കംകുറിച്ച ഹരിതവിപ്ലവം കാർഷികരംഗത്ത് പുത്തൻ ഉണർവേകി. തുടർന്നിങ്ങോട്ട് 1996 ലെ എവർഗ്രീൻ വിപ്ലവം, മത്സ്യവും വെള്ളവും ലക്ഷ്യംവച്ച നീലവിപ്ലവം. വർദ്ധിച്ച ക്ഷീരോത്പാദനം വിളിച്ചറിയിച്ച വെള്ളവിപ്ലവം, ധാന്യങ്ങളുടെ വിളവു വർദ്ധനവിനായി മഞ്ഞവിപ്ലവം, ബയോടെക്നോളജി റെവല്യൂഷൻ എന്നിങ്ങനെ ഭാരത കാർഷികമേഖലയിന്ന് ഐസിറ്റി വിപ്ലവത്തിലൂടെ സഞ്ചരിക്കുന്നു. നേട്ടങ്ങൾ ഒട്ടേറെ അവകാശപ്പെടുന്നുണ്ടെങ്കിലും കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കും കർഷകരുടെ നിലനില്പിനും പുരോഗതിക്കും ഈ വിപ്ലവങ്ങൾക്കായോ എന്നു വിലയിരുത്താൻ ആരും തയ്യാറാകുന്നില്ല. ഈ കാലയളവിൽ ആഗോളകാർഷിക മേഖലയിലെ വളർച്ചയുമായി തട്ടിച്ചുനോക്കുമ്പോൾ ഇന്ത്യ വളരെ പിന്നിലാണെന്നതാണു വാസ്തവം.



വിവിധ കാർഷികവിപ്ലവങ്ങളിലൂടെ 1990വരെ നാലു തൂണുകളിൽ നിലനിന്ന് പ്രതീക്ഷകളോടെ ഇന്ത്യ മുന്നേറി. 1991-ലെ ആഗോളീകരണത്തിലൂടെ ആദ്യത്തെ തൂൺ ഇടിഞ്ഞുവീണു. 1995 ൽ ലോകവ്യാപാരസംഘടനയിൽ അംഗമായി കാർഷികമേഖലയൊന്നാകെ വിദേശശക്തികളുടെ കാൽക്കീഴിലാക്കിയപ്പോൾ അടുത്ത തൂണും, 2004 ൽ ആസിയാൻ കരാറിലൂടെയും 2009 ൽ ചരക്കുനിയന്ത്രണം എടുത്തുകളഞ്ഞതിലൂടെയും മൂന്നാമത്തെ തൂണും നിലംപരിശായി. ഇങ്ങനെ, ഒറ്റത്തൂണിൽ നിന്ന് ആടിയുലഞ്ഞ ഇന്ത്യയുടെ കാർഷികമേഖലയെ കർഷകനെ മറന്ന് വ്യവസായലോബികൾക്കും വിദേശശക്തികൾക്കുമായി തീറെഴുതിക്കൊടുത്ത് വിപ്ലവം കസറിയപ്പോൾ രാജ്യത്തെങ്ങും രക്തപ്പുഴ ഒഴുക്കി കർഷകർ മരിച്ചുവീണു. കർഷക ആത്മഹത്യയുടെ കണക്കുകൾ വാക്കുകളിലും വരയിലും ഒതുങ്ങുന്നതല്ല.


▶ 8


# ആശങ്കയുടെ തിരത്തള്ളലിൽ തീരദേശജനത




മോൺ. യൂജിൻ പെരേര


കഴിഞ്ഞ കുറെ വർഷങ്ങളായി മത്സ്യത്തൊഴിലാളിസമൂഹം അതിജീവനഭീഷണി നേരിടുകയാണ്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടൽകയറ്റം, കിടപ്പാടങ്ങളുടെ നഷ്ടം, തൊഴിൽനഷ്ടം, മത്സ്യലഭ്യതയിലെ കുറവ്, കാലാവസ്ഥാമുന്നറിയിപ്പ്, മണ്ണെണ്ണയുടെ വിലക്കയറ്റം തുടങ്ങിയവ ജനങ്ങളുടെ ജീവിതം വഴിമുട്ടിച്ചിരിക്കുന്നു. മുന്നൂറിലേറെ കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത ക്യാമ്പുകളിൽ ദീർഘനാളായി കഴിയുകയാണ്. കൂടാതെ, ധാരാളം വീടുകൾ ഭാഗികമായി തകർന്നു. മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് അധികാരികൾ തയ്യാറാകുന്നില്ലെന്നു മാത്രമല്ല, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമ്മാണം ഒരു വലിയ വെല്ലുവിളിയായി നമ്മുടെ ജനതയുടെമേൽ ഉയർന്നുകൊണ്ടിരിക്കുകയാണ്.



ഏകദേശം 7525 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന വിഴിഞ്ഞം വാണിജ്യ തുറമുഖം, നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധനതുറമുഖത്തിന് 500 മീറ്റർ തെക്കുമാറി വലിയ കടപ്പുറത്തുനിന്നാരംഭിച്ച് 1.2 കി.മീറ്റർ കടലിലേക്കുപോയി തെക്കോട്ടു തിരിഞ്ഞ് 3.2 കി.മീ. നീളമുള്ള പുലിമുട്ട് അടിമലത്തുറ ഭാഗത്താണ് അവസാനിക്കുന്നത്. കപ്പൽചാനൽ സംബന്ധിച്ച് ആഴിമലക്ഷേത്രത്തിനു നേരെയാണെന്നു സമ്മതിച്ചിട്ടുണ്ടെങ്കിലും അദാനി ഗ്രൂപ്പ് കരുംകുളംവരെയെന്നും, പൂവാർവരെയെന്നും അഭിപ്രായം മാറ്റിപ്പറഞ്ഞുകൊണ്ടിരിക്കുന്നു.


▶ 12



# ദീപനാളം
# സാഹിത്യോത്സവം

**ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ – ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി അഖിലകേരളാടിസ്ഥാനത്തിൽ സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.**

**ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ.**



## പൊതുനിബന്ധനകൾ

- രണ്ടു ഘട്ടങ്ങളിലായാണ് മത്സരം. ആദ്യഘട്ടത്തിൽ കാലികപ്രാധാന്യമുള്ള ഏതു സാമൂഹികവിഷയവും തിരഞ്ഞെടുത്ത് എഴുതാവുന്നതാണ്. രചനാമികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രമായിരിക്കും രണ്ടാം ഘട്ടത്തിൽ പ്രവേശനം.
- എൻട്രികൾ ഡിറ്റിപി ചെയ്ത് അയയ്ക്കേണ്ടതാണ്. ഒരു പേജിൽ നാല്പതു വരിയെന്ന കണക്കിൽ ഉപന്യാസം അഞ്ചു പേജിലും, കഥ മൂന്നു പേജിലും, കവിത ഇരുപതു വരിയിലും കവിയരുത്.
- ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർ കളർ, ക്രയോൺസ് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്.
- ഹൈസ്കൂൾ - ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
- എൻട്രികൾ editordeepanalam@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കോ 7306874714 എന്ന വാട്സാപ്പ് നമ്പരിലേക്കോ പിഡിഎഫ് ആയി അയയ്ക്കേണ്ടതാണ്.
- എൻട്രികൾ **2022 ഓഗസ്റ്റ് 31** നുമുമ്പ് ലഭിച്ചിരിക്കണം.
- രജിസ്ട്രേഷൻഫീസ് 100 രൂപ. Deepanalam A/C No: 435 922 000 334 59, IFSC : CNRB 001 43 59 (Canara Bank, Pala Branch) എന്ന നമ്പരിലേക്ക് രജി. ഫീസ് ഗൂഗിൾപേ ചെയ്യേണ്ടതാണ്.
- എൻട്രികളോടൊപ്പം E-mail ID യും ഫോൺ നമ്പരും ബാങ്ക് ട്രാൻസാക്ഷൻ IDയും സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രവും നിർബന്ധമായും ചേർത്തിരിക്കണം. നിബന്ധനകൾ പാലിക്കാത്ത രചനകൾ പരിഗണിക്കുന്നതല്ല.
- ഫൈനൽ മത്സരങ്ങൾ (രണ്ടാം റൗണ്ട്) **സെപ്റ്റംബർ 9 വെള്ളിയാഴ്ച** രാവിലെ 10 മണി മുതൽ ദീപനാളം ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.
- രണ്ടാം റൗണ്ട് മത്സരങ്ങളിലേക്കു യോഗ്യരാകുന്നവർക്കുള്ള നിർദേശങ്ങൾ വ്യക്തിപരമായി അറിയിക്കുന്നതാണ്.
- ഫൈനൽ റൗണ്ടിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കും.

**കാഷ് അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**

ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക്

**1-ാം സമ്മാനം ₹ 3001**
**2-ാം സമ്മാനം ₹ 2001**
**3-ാം സമ്മാനം ₹ 1001**

മികച്ച രചനകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

575+ PLACEMENT OFFERS FOR 2022 BATCH
NBA NATIONAL BOARD of ACCREDITATION
Core branches accredited by NBA
ISO 9001:2015 Certified College
₹55 LAKHS HIGHEST ANNUAL SALARY PACKAGE, 2018-22 BATCH Goldman Sachs
ST. JOSEPH'S COLLEGE OF ENGINEERING AND TECHNOLOGY - PALAI -
SJC
Managed by the Catholic Diocese of Palai
Admission Enquiries B.Tech & M.Tech: 8078 700 700, 8078 700 701 NRI Seats: 8078 701 701 • MBA: 7034 73 73 99
MCA: 7034 76 76 99 • Hotel Management & Catering Technology (BHM): 8593 96 76 76
BTech . MTech . PhD . MBA . MCA
Approved by AICTE Affiliated to APJ Abdul Kalam Technological University, Thiruvananthapuram

# ജീവിതത്തിന്റെ താക്കോൽ



ജോസ് വഴുതനപ്പിള്ളി

നമുക്കെല്ലാം നിലനില്ക്കാൻ അത്യാവശ്യം വേണ്ടുന്ന ഒന്നാണു ജീവജലം. ജലമില്ലെങ്കിൽ പക്ഷിമൃഗാദികളില്ല, സസ്യലതാദികളും മരങ്ങളുമില്ല; എന്തിന് ഈ പ്രപഞ്ചംപോലുമില്ല. നമ്മുടെ ശരീരത്തിലെ ജീവരക്തമായി അതൊഴുകുന്നു. നമ്മുടെ നാടിന്റെ സമ്പദ്വ്യവസ്ഥയെയും നിലനില്പിനെപ്പോലും നിയന്ത്രിക്കുന്ന ഒരു പ്രധാന ശക്തിയാണത്. ഒരു തുള്ളി ജലത്തിനുള്ളിൽ എല്ലാ മഹാസമുദ്രങ്ങളുടെയും നിഗൂഢരഹസ്യങ്ങൾ അടങ്ങിയിട്ടുണ്ട് എന്നാണ് ഖലീൽ ജിബ്രാന്റെ മഹത്തായ വാക്കുകൾ. ജീവൻ നിലനിറുത്തുന്ന ഒരു മാന്ത്രികവസ്തുവാണിത്.



ജപ്പാനിലെ പ്രസിദ്ധ ഗവേഷകനും അറിയപ്പെടുന്ന എഴുത്തുകാരനുമായ മസാരു ഇമോട്ടയുടെ ലോകമെമ്പാടും ജനശ്രദ്ധ പിടിച്ചുപറ്റിയ ഒരു പുസ്തകമാണ് 'ജലത്തിന്റെ യഥാർത്ഥ ശക്തി'. നാം നിസ്സാരവത്കരിച്ചു വൃഥാ ഒഴുക്കിക്കളയുന്ന വെള്ളമാണു പ്രമേയം. മനുഷ്യന്റെ ചിന്തകൾ എങ്ങനെ ജലവിഭവത്തെ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചും മറ്റും ധാരാളം ഉൾക്കാഴ്ചകൾ നൽകുന്ന പുസ്തകം. ജലത്തിനു നമ്മെ രോഗാവസ്ഥയിൽനിന്നു സംരക്ഷിക്കാനാകും എന്ന് ഈ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

**സ്വാസ്ഥ്യത്തിന്റെ താക്കോൽ**

'ജലത്തിന്റെ യഥാർത്ഥശക്തി'യിൽ അദ്ദേഹം സ്ഥാപിക്കുന്നത് ജലമാണ് സ്വാസ്ഥ്യത്തിന്റെ താക്കോൽ എന്നാണ്. ശരീരത്തിന്റെ മുഖ്യഘടകമായ ജലവുമായി സദാ സമ്പർക്കം പുലർത്തിക്കൊണ്ടു നമുക്കെങ്ങനെ ആരോഗ്യം സംരക്ഷിക്കാമെന്ന് ഈ പുസ്തകം വിശദമാക്കുന്നു. പ്രാർത്ഥനകളിലൂടെ മഴവെള്ളം മാലിന്യവിമുക്തമാക്കാനും ഭൂപ്രകൃതിയെ സംരക്ഷിക്കാനുമുള്ള മാർഗങ്ങൾ അദ്ദേഹം ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

പുസ്തകത്തിന്റെ ആമുഖത്തിൽ മസാരു പറയുന്നതിതാണ്: ''ഈ പുസ്തകത്തിലൂടെയുള്ള യാത്ര എനിക്കോ നിങ്ങൾക്കോ യാദൃച്ഛികമായി സംഭവിക്കുന്നതല്ല. എന്റെ ഗവേഷണങ്ങളിലൂടെ എനിക്കു തുറന്നുകിട്ടിയതുപോലെ ഇതിലെ വാക്കുകളും ചിത്രങ്ങളും ഒരു പുത്തൻലോകത്തിന്റെ അനുഭവങ്ങളിലേക്കു നിങ്ങളെയും വഴിനടത്തും. ജലത്തിന്റെ അസാമാന്യമായ സാധ്യതകളെക്കുറിച്ചു മനസ്സിലാക്കി അതിനെ ഉപയോഗിച്ചുകൊണ്ട് നമ്മുടെ ആരോഗ്യത്തെയും ജീവിതത്തെയും എങ്ങനെ മെച്ചപ്പെടുത്താമെന്ന് നമുക്കിവിടെ മനസ്സിലാക്കാം. വെള്ളവുമായി നമുക്കുള്ള ബന്ധം എന്താണ്? നാം കുടിക്കുന്നതുകൂടാതെ നമ്മുടെ ശരീരത്തിലെ 70 ശതമാനത്തോളംവരുന്ന ജലാംശത്തെക്കുറിച്ചും നാം ബോധവാന്മാരാകണം. മറ്റുള്ളവരുമായി നാം ഇടപെടുമ്പോൾ ജലാംശത്തിനുവരുന്ന മാറ്റങ്ങൾ കൂടി മനസ്സിലാക്കുന്നതു പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ വ്യക്തിപരമായ ഒരു ഉത്തരവാദിത്വമാണ് വെള്ളത്തെക്കുറിച്ചു വിശദമായി പഠിക്കുക എന്നത്. കാരണം, ഈ ഉപഗ്രഹത്തിലെ ഏറ്റവും അമൂല്യവും അത്യന്താപേക്ഷിതവുമായ ഒരു വിഭവമാണ് ജലം. നമ്മുടെ ചേതനയെ, ബോധ്യത്തെ, വാക്കുകളെ അത് പ്രാർത്ഥനകളിലൂടെ ചൈതന്യോന്മുഖമാക്കുന്നു; നമ്മുടെ മറ്റുള്ളവരോടുള്ള പ്രതിബദ്ധത വർധിപ്പിച്ചുകൊണ്ട് പരസ്പരം സ്നേഹത്തിലും കൃതജ്ഞതയിലും വളരുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ജലത്തെക്കുറിച്ചുള്ള വിജ്ഞാനം മനുഷ്യകുലത്തിന്റെയും സർവജീവജാലങ്ങളുടെയും സമാധാനപൂർണമായ ജീവിതത്തിനു വഴിയൊരുക്കുമെന്ന് മസാരു ഉദ്ബോധിപ്പിക്കുന്നു.

പുസ്തകത്തെക്കുറിച്ച് കിറിൽ സോകോലോഫ് ഇങ്ങനെ അഭിപ്രായപ്പെടുന്നു: "സാർവത്രികമായ ഒരു വലിയ സത്യമാണ് മസാരു ഉദ്ഘോഷിക്കുന്നത്. നമ്മുടെ ശരീരത്തിലെ സിംഹഭാഗമായ ജലത്തിലൂടെ ഊർജം പകർന്നുനൽകപ്പെടുന്നു; പ്രസരിപ്പിക്കപ്പെടുന്നു. ജലവുമായുള്ള നമ്മുടെ സംസർഗ്ഗത്തിൽ നമുക്കുള്ളിലേക്കു സ്നേഹത്തിന്റെയും കൃതജ്ഞതയുടെയും തിരമാലകൾ വന്നുപതിക്കുകയും എല്ലാ വൈകാരികതയുടെയും അത്യുന്നതശൃംഗത്തിൽ അത് ഈ ഗൃഹത്തിലെ എല്ലാ മനുഷ്യരെയും കൊണ്ടുചെന്നെത്തിക്കുകയും ചെയ്യുന്നു"

**ചൈതന്യം സദാ വർഷിക്കുന്ന വിഭവം**

മനുഷ്യപുരോഗതിയിൽ നിർണായകസ്ഥാനം വഹിക്കുന്ന മർമപ്രധാനവും ചൈതന്യമുണർത്തുന്നതുമായ ഒരു വിഭവസമ്പത്താണ് ജലം. ലിയനാർഡോ ഡാവിഞ്ചി പറയുന്നതുപോലെ സർവത്തിന്റെയും ചാലകശക്തിയാണത്. ഖരവസ്തുക്കളുടെ ഗതാഗതം, ധാതുപദാർഥങ്ങളുടെയും രാസവസ്തുക്കളുടെയും പോഷകവസ്തുക്കളുടെയും ലയനം, താപഊർജത്തിന്റെ സംഭരണം ഇതെല്ലം വഴിതുറക്കുന്നത് അനേകം വ്യാവസായികവും കാർഷികവുമായ പുരോഗതിയുടെ സാധ്യതകളിലേക്കാണ്.

ജീവിതത്തിന്റെ താക്കോലാണു ജലം. സമുദ്രത്തിൽ വളരുന്ന 'ഫ്യറ്റോപ്ലാന്റിക്രോൺ' എന്നുവിളിക്കുന്ന സസ്യങ്ങൾ നാം ശ്വസിക്കുന്ന ഓക്സിജന്റെ 70 ശതമാനത്തോളം നമുക്കു സംഭാവന ചെയ്യുന്നു. തടാകങ്ങളിലെയും നദികളിലെയും കിണറുകളിലെയും ജലം നമ്മുടെ ജീവൻ നിലനിറുത്തുന്നത് നമുക്കറിയാം. നാം കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ വളരുന്നത് ഇതേ ജലത്താലാണ്.

പ്രകൃതിയിൽ ജലസ്രോതസ്സുകൾ തുടർച്ചയായി നവീകരിക്കപ്പെടുന്നുണ്ട്. കാർമേഘങ്ങൾ മഴയായി ചൊരിഞ്ഞു നമ്മുടെ പ്രാണനെ നിലനിറുത്തുന്നു. എന്നാൽ, പ്രകൃതിയുടെ ഈ സ്വയം നവീകരിക്കാനുള്ള ശേഷി നശിച്ചുകൊണ്ടിരിക്കുന്നു. ജലസ്രോതസുകൾ ഉണങ്ങിവരണ്ടു. ഇക്കഴിഞ്ഞ നൂറ്റാണ്ടിലെ വൻകിട വ്യവസായവത്കരണവും നാഗരികസംസ്കാരത്തിന്റെ വളർച്ചയും കാരണം കുടിവെള്ളത്തിന്റെ ക്ഷാമം പതിന്മടങ്ങായിരിക്കുന്നു.

സമ്പദ്വ്യവസ്ഥയുടെയും ജനസാന്ദ്രതയുടെയും വരാനിരിക്കുന്ന വളർച്ചകൂടി അനുമാനിക്കുമ്പോൾ 2040 ആകുമ്പോഴേക്കും ജലലഭ്യതയുടെ 40 ശതമാനം കണ്ടു ജലത്തിന്റെ ആവശ്യം വർധിക്കുമെന്നാണ് യുഎൻ കണക്കുകൂട്ടലുകൾ.

കാലാവസ്ഥയിൽ ഒരു വലിയ അടിയന്തരാവസ്ഥ തന്നെയാണ് വന്നുചേർന്നിരിക്കുന്നത്. അപ്രതീക്ഷിതമായുള്ള മഴയും പൊടുന്നനെയുള്ള വൻവരൾച്ചയും കാലിഫോർണിയയും ഓസ്ട്രേലിയായയുംപോലുള്ള രാജ്യങ്ങളിൽ ഉണ്ടാകുന്നു. ഗ്രീൻലണ്ടിൽ കാട്ടുതീമൂലം നാശനഷ്ടങ്ങൾ സംഭവിക്കുന്നു. ലോകത്തിലെ കാലാവസ്ഥാമാറ്റങ്ങൾക്കുള്ള കാരണവും ജലത്തോടുബന്ധപ്പെട്ടു കിടക്കുന്നു.

കുടിവെള്ളത്തിന്റെ ക്ഷാമം നമ്മെ ജലത്തിന്റെ വിനിയോഗത്തെ എങ്ങനെ നിയന്ത്രിക്കാം, എങ്ങനെ മലിനമാകുന്ന ജലത്തെ ശുദ്ധീകരിച്ചു വീണ്ടും ഉപയോഗിക്കാം എന്നതിനെക്കുറിച്ചൊക്കെ ഗൗരവമായി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്. ലാസ് വെഗാസ്, സിങ്കപ്പൂർ, വിൻഡ്ഹോക്ക്, ബെർലിൻപോലുള്ള നഗരങ്ങളിൽ പലവിധത്തിലുള്ള പുത്തൻ കണ്ടെത്തലുകളിലൂടെ ജലശുദ്ധീകരണത്തിനും അതിന്റെ ലഭ്യത ഉറപ്പുവരുത്തുവാനും മാർഗങ്ങൾ സ്വീകരിക്കുന്നു.

**വെറുതെ ഒഴുക്കിക്കളയുന്ന വെള്ളം**

കേരളത്തിലെ കാര്യമെടുത്താൽ നമുക്ക് ആറുമാസം കിട്ടുന്ന മഴവെള്ളത്തിന്റെ നല്ലൊരു പങ്ക് വെറുതെ കടലിലേക്ക് ഒഴുകിപ്പോവുകയാണ്. നമ്മുടെ കൃഷി സമ്പ്രദായങ്ങൾ മാറണം. ജലസംഭരണികൾ ഉണ്ടാവണം. നമ്മുടെ പുരപ്പുറത്തും കോൺക്രീറ്റ് കെട്ടിടങ്ങൾക്കുമേലും വന്നു പതിക്കുന്ന മഴത്തുള്ളികൾ മുറ്റത്തുകൂടി കനാലുകളിലും തോടുകളിലും ഒഴുകിയെത്തി ഒടുവിൽ അറബിക്കടലിലെ ഉപ്പുവെള്ളത്തോടു ചേരുന്ന ദയനീയമായ കാഴ്ച നാം കാണുന്നുണ്ട്. എന്നാൽ, ഈ ജലം ഒരു പരിധിവരെയെങ്കിലും നമുക്കു സംഭരിക്കാമെന്നും കുടിവെള്ളത്തിനായും കൃഷിക്കായും വിനിയോഗിക്കാമെന്നും അധികമാരും ഇപ്പോഴും ചിന്തിക്കുന്നില്ല.

സമ്പദ്വ്യവസ്ഥയുടെ എല്ലാത്തലങ്ങളിലും ജലത്തിന് ഒരു മുഖ്യമായ സ്ഥാനമുണ്ട്. എല്ലാ ജീവജാലങ്ങളുടെയും നിലനില്പിനെത്തന്നെ അതു ബാധിക്കുന്നു. ഈ ഉപഗ്രഹത്തിന്റെ ഭാവിയെത്തന്നെ ബാധിക്കുന്ന പ്രശ്നമാണ് ജലവിഭവത്തിന്റെ പരിപാലനം. തലമുറകളായി മനുഷ്യകുലത്തെയും സർവജീവജാലങ്ങളെയും നിലനിറുത്താൻ ജലത്തിനു കഴിഞ്ഞു. പക്ഷേ, അതിനിയും തുടരണമെങ്കിൽ നാം ജാഗരൂകരാകേണ്ടിയിരിക്കുന്നു. ഈ വിഭവത്തെ വേണ്ടുംവിധം, ഉചിതരൂപത്തിൽ ബഹുമാനിക്കാനും വിലമതിക്കാനും പഠിക്കണം. നാം എങ്ങനെ ഈ വിലമതിക്കാനാവാത്ത വിഭവത്തെ പ്രതിബദ്ധതയോടെ കൈകാര്യം ചെയ്യുന്നുവോ അതനുസരിച്ചായിരിക്കും ഈ ഭൂമിയുടെയും നമ്മുടെ കുഞ്ഞുങ്ങളുടെയും ഭാവി. ■

## ആഴ്ചമൊഴി



ഇൻഫോസിസിനെക്കാളും മികച്ച കമ്പനികൾ വളർത്തിയെടുക്കാനാകുംവിധം കഠിനാധ്വാനം ചെയ്യുന്ന ഒട്ടേറെ ചെറുപ്പക്കാരുണ്ട് ഇന്ന്. അവരുടെ ആശയങ്ങൾ കൃത്യമായ ധാരണകളിൽനിന്നു രൂപംകൊണ്ടതും അവരുടെ പ്രവർത്തനങ്ങൾ ധാർമികതയിലൂന്നിയുള്ളതുമാണെങ്കിൽ തീർച്ചയായും വിജയിക്കാനാകും. ഇന്ത്യപോലൊരു രാജ്യത്ത് സഹാനുഭൂതിയോടെയുള്ള മൂലധനനിക്ഷേപത്തിനു മാത്രമേ ഭാവിയുള്ളൂ. ദാരിദ്ര്യത്തിനും അനാരോഗ്യത്തിനും ക്ലേശങ്ങൾക്കും നടുവിൽ ആഡംബരം ശരിയല്ലെന്ന് പുതുപ്പണക്കാർ മനസ്സിലാക്കണം.

എൻ.ആർ. നാരായണമൂർത്തി

---



ഭാഷാചരിത്രത്തെയും സാഹിത്യചരിത്രത്തെയും ദേശചരിത്രത്തിന്റെ കേവലമായ അനുബന്ധങ്ങളായി കണ്ടുകൂടാ. അവയെ മനസ്സിലാക്കാൻ നമുക്കു പല കഥകൾ പറയണം, കൂട്ടിയും അകറ്റിയും വായിക്കണം. ഇതിനു കഴിയണമെങ്കിൽ ഏകശിലാരൂപമായ ഒരു ഇന്ത്യൻ സംസ്കാരത്തെയും സാഹിത്യത്തെയും മതത്തെയും ദർശനത്തെയും ചരിത്രത്തെയുംകുറിച്ചുള്ള അപകടകരമായ സങ്കല്പം നാം ഉപേക്ഷിക്കണം. നമ്മുടെ വൈവിധ്യത്തിന്റെ അംഗീകാരമാണ് നമ്മെ ഒന്നിപ്പിച്ചുനിർത്തുന്നത്. ആ അന്യോന്യസഹിഷ്ണുതയും ബഹുമാനവും ഇല്ലാതാകുന്ന നിമിഷം ഇന്ത്യ എന്ന ആശയം തന്നെ ഇല്ലാതാകും.

സച്ചിദാനന്ദൻ.

# സുനിതയുടെ ഉത്തരങ്ങൾ



വിജയകുമാരി ചാക്കോ

ജീവിതത്തിലെ ദുരനുഭവങ്ങൾ പലപ്പോഴും വ്യക്തികളെ അന്തർമുഖരാക്കാറുണ്ട്. ഈ അനുഭവങ്ങളുടെ ഉത്തരവാദിത്വം കൂടി ഇരകളുടെ മേൽ കെട്ടിവയ്ക്കപ്പെടുമ്പോൾ ഉൾവലിഞ്ഞ് ജീവിതം തീർക്കുന്ന എത്രയോ വ്യക്തികളുണ്ട്. മുഖ്യധാരയിൽനിന്നു മറ്റുള്ളവരാലോ, സ്വയമോ മാറ്റി നിറുത്തപ്പെടുന്നവർ. എന്നാൽ, 15-ാം വയസ്സിൽ നേരിടേണ്ടി വന്ന കൂട്ടബലാത്സംഗമെന്ന പ്രതികൂലാനുഭവത്തെ, ഇത്തരം തിന്മകൾക്കെതിരേ ശബ്ദിക്കാനവളെ പ്രാപ്തിയാക്കിയാലോ? തന്റെ പ്രതിഷേധം ഇത്തരം തിന്മകളുടെ തീവ്രമായ ഇടങ്ങളിൽനിന്നും വ്യക്തികളെ രക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും അവരുടെ ജീവിതത്തെ ശുദ്ധമായ തൊഴിലിടങ്ങളുമായി സംയോജിപ്പിച്ച് അഭിമാനപൂർവമായ ജീവിതം നയിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്ന പദ്ധതിയായി മാറിയാലോ? ഡോക്ടർ സുനിതാ കൃഷ്ണനെന്ന, ഹൈദരബാദിൽ താമസിക്കുന്ന മലയാളിവനിത നമ്മെ അതിശയിപ്പിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.

2016 ൽ സാമൂഹികസേവനരംഗത്തെ മികവിന് രാജ്യം പത്മശ്രീ നൽകിയ സുനിതയ്ക്ക് തനിക്കു ലഭിച്ച അസംഖ്യം ബഹുമതികളെക്കാൾ പ്രചോദനമാകുന്നത് തന്റെ കർമരംഗത്തെ പ്രതിസന്ധികളാണ്. രാജുകൃഷ്ണൻ, നളിനി എന്നീ പാലക്കാടൻദമ്പതികളുടെ മകളായി ബാംഗ്ലൂരിൽ സുനിത ജനിച്ചപ്പോൾത്തന്നെ അവൾക്ക് കാലിനു വൈകല്യമെന്ന പ്രതിസന്ധി കൂട്ടിനുണ്ടായിരുന്നു. കളികളുടെ ലോകത്തിൽനിന്നു വൈകല്യമവളെ മാറ്റിനിറുത്തിയെങ്കിലും പഠനവും വായനയും എന്നും സന്തതസഹചാരിയായി കൂടെ നിന്നു. സുനിതയുടെ വാക്കുകളിൽത്തന്നെ പറഞ്ഞാൽ 'നിന്റെയടുത്തെന്തില്ല എന്നതിലുപരിയായി നിന്റെയടുത്തെന്തുണ്ട് എന്നു ചിന്തിക്കൂ' എന്ന അച്ഛന്റെ വാക്കുകളിലൂന്നി വൈകല്യം മറികടന്നപ്പോൾ അവളൊരു പോരാളിയായി മാറുകയായിരുന്നു.

തന്റെ ഗ്രാമത്തിലെ ദരിദ്രമായ ഇടങ്ങളിലെ കുട്ടികൾക്ക് ഡാൻസ് ക്ലാസുകൾ എടുക്കുക, പഠിച്ച പാഠങ്ങൾ പകർന്നു നൽകുക തുടങ്ങിയവയായിരുന്നു കൊച്ചു സുനിതയുടെ താത്പര്യം. അവർണരുടെ ഇടയിൽ ഒരു കൗമാരക്കാരി ചെയ്യുന്ന ഈ അറിവുപകർന്നുകൊടുക്കലാണ് ഗ്രാമത്തിലെ ചിലയാളുകളെ പ്രകോപിപ്പിച്ചതും പതിനഞ്ചുവയസ്സുകാരിയായ ആ കുട്ടിറ്റീച്ചറെ എട്ടുപേരുടെ കൂട്ട ലൈംഗികാക്രമണത്തിനിരയായിത്തീർത്തതും. വീട്ടിലും നാട്ടിലും ഒറ്റപ്പെട്ട അവസ്ഥ, പലയിടങ്ങളിൽനിന്നുയരുന്ന കുറ്റപ്പെടുത്തലുകൾ, നീതി നടപ്പാക്കേണ്ടവർ കുറ്റവാളികളുടെ പക്ഷം ചേരുന്നത്... തുടങ്ങി സുനിതയെ വിഷാദത്തിലേക്കു തള്ളിവിടാൻ കാരണങ്ങളേറെയുണ്ടായിരുന്നുവെങ്കിലും അവൾ തളർന്നില്ല. അപരാധികളായവർ അനുഭവിക്കേണ്ട നാണക്കേടും ശിക്ഷയും അനുഭവിക്കുവാൻ തന്റെ ജന്മം വിട്ടുകൊടുക്കില്ല എന്നവൾ തീരുമാനിച്ചു. അറിവു പകർന്നു കൊടുക്കുക എന്നതിലുപരിയായി ഇത്തരം ഹീനമായ അതിക്രമങ്ങൾക്കതിരേ പൊരുതുകയാണ് തന്റെ ജീവിതനിയോഗമെന്നവൾ മനസ്സിലാക്കി. തുടർന്നുള്ള വിദ്യാഭ്യാസം അതിനുള്ള വഴിയായി അവൾ കണ്ടു. സാമൂഹികസേവനത്തിലാണ് ബിരുദാനന്തരബിരുദം നേടിയത്. ഗവേഷണവും ആ മേഖലയിൽത്തന്നെ.

കലാലയപഠനകാലത്തും തുടർന്നുമൊക്കെ ചുവന്ന തെരുവുകളിലെ നിത്യസന്ദർശകയായതെന്തിനെന്ന ചോദ്യത്തിനവർ നൽകുന്ന ഉത്തരമിതാണ്: "ലൈംഗികാതിക്രമം ഒരു വ്യക്തിയുടെ ജീവിതത്തെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുവെന്നു മനസ്സിലാക്കിയ വ്യക്തിയാണു ഞാൻ. എന്നാൽ, ഈ അതിക്രമം അതിന്റെ എല്ലാ ക്രൂരതകളോടും കൂടെ



ദിവസത്തിൽ അനേകം പ്രാവശ്യം ഏറ്റുവാങ്ങുന്നവരാണവർ. അന്നന്നത്തെ ആഹാരത്തിനായി തൊഴിൽതേടി വന്നവർ, സ്നേഹിതരാൽ പറ്റിക്കപ്പെട്ടവർ, മനുഷ്യവാണിഭത്തിന്റെ ഇരകളായ അനാഥബാല്യങ്ങൾ, ഒരിക്കൽ കാലിടറിയതിന്റെ പേരിൽ എന്നും ചൂഷണം ചെയ്യപ്പെടുന്നവർ. അവരുടെ പ്രായം മൂന്നു വയസ്സുമുതൽ തുടങ്ങുന്നു... അവർക്കായി പ്രവർത്തിക്കണമെന്നാണ് എന്റെ ആഗ്രഹം. ഞാനവിടെ മിക്കവാറും ദിവസങ്ങളിൽ ചെല്ലും. അവരുമായി സംസാരിക്കും. തിരസ്കരണത്തിന്റെ അനുഭവമായിരുന്നു... തങ്ങളുടെ ജീവിതത്തിലിനി ഇവിടെനിന്നൊരു മോചനം അവരുടെ ഭാവനകളിൽപോലുമുണ്ടായിരുന്നില്ല."

ഒരിക്കൽ പത്തു വയസ്സുള്ള, ബുദ്ധിമാന്ദ്യം സംഭവിച്ച ഒരു പെൺകുട്ടിയെ അവിടെ കണ്ടു. അനേകരാൽ ആക്രമിക്കപ്പെട്ട തന്റെ നേരേ വലിച്ചെറിയപ്പെട്ട ചില്ലിക്കാശ് എന്തിനെന്നുപോലുമറിയാത്ത അവളെ രക്ഷപ്പെടുത്താമെന്നൊരന്തേവാസി തന്നെ അവളോടു പറഞ്ഞു. അങ്ങനെ ബാംഗ്ലൂർ നഗരത്തിലെ ഒരു വേശ്യാലയത്തിൽനിന്ന് അവിടത്തന്നെയുള്ള രണ്ടു സ്ത്രീകളുടെ സഹായത്താൽ അവളെ രക്ഷിച്ചുകൊണ്ട് തന്റെ പ്രവർത്തനം ആരംഭിച്ചു.

1996 ൽ ബാംഗ്ലൂരിൽ നടന്ന ലോകസുന്ദരിമത്സരത്തിനെതിരായ പ്രക്ഷോഭത്തിൽ പങ്കെടുത്ത് ജയിൽവാസമനുഷ്ഠിച്ചപ്പോഴാണ് സുനിത പൊതുരംഗത്തു ശ്രദ്ധിക്കപ്പെടുന്നത്. സ്ത്രീസൗന്ദര്യത്തെ ശരീരത്തിന്റെ അഴകളവുകളിൽ തളച്ചിടുന്ന, കൗമാരധാരണകളെ സ്വാധീനിച്ച് അവരുടെ ആത്മവിശ്വാസത്തെ തകർക്കുന്ന കച്ചവടതാത്പര്യത്തോടെ നടത്തുന്ന ഇത്തരം മത്സരങ്ങൾക്ക് സുനിത അന്നുമിന്നും എതിരുതന്നെ.

ഹൈദരബാദിലെ ചുവന്ന തെരുവായ മെഹ്ബൂബ് കി മെഹ്ദിയിലെ കുടിയൊഴിപ്പിക്കലിലൂടെ അനേകായിരം സ്ത്രീകളും കുട്ടികളും കൊടിയ ദുരന്തത്തിലായി. അവരുടെ വീടുകൾ അഗ്നിക്കിരയായി, പലരും കാരാഗൃഹത്തിലാക്കപ്പെട്ടു... പലരും എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളുടെ അടിമകളായിരുന്നു. അനേകർ മരണപ്പെട്ടു. കുഞ്ഞുങ്ങൾ അനാഥരാക്കപ്പെട്ടു. ഈ ദുരവസ്ഥയിൽ അവരെ സഹായിക്കാൻ സുനിത മുന്നോട്ടു വന്നു. ഇടുക്കി ജില്ലയിലെ തൊടുപുഴ സ്വദേശിയായ ബ്രദർ ജോസ് വെട്ടിക്കലിന്റെ സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിച്ചു. അവിടത്തെ സ്ത്രീകളുടെ പിന്തുണയോടെ അവശേഷിച്ച ഒരു കെട്ടിടത്തിൽ പ്രജ്വല എന്ന സംരംഭത്തിന് അന്നു തുടക്കം കുറിക്കപ്പെട്ടു.

രക്ഷിക്കപ്പെട്ടവരുടെയും സമാനമനസ്കരായ സാമൂഹികപ്രവർത്തകരുടെയും കൂട്ടായ്മയിൽ പ്രജ്വല ചൂഷണത്തിനെതിരായി വേറിട്ട വഴികളിലൂടെ വളർന്ന് രാജ്യത്തെ ഏറ്റവും വലിയ മനുഷ്യാവകാശപ്രസ്ഥാനമായി മാറി. ജീവൻ പണയംവച്ചും രക്ഷാപ്രവർത്തനം നടത്തുകയാണ് പ്രജ്വലയുടെ പ്രവർത്തനരീതി. ഈ രക്ഷായാത്രയിൽത്തന്നെ സുനിതയ്ക്ക് 17 ൽ പരം ആക്രമണങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. കാരണം ഏതാണ്ട് 500 ബില്യൻ ഡോളർ വ്യവസായമാണ് ചുവന്ന തെരുവുകളോടനുബന്ധിച്ചു നടക്കുന്നത്... ലഹരിക്കടത്ത്, ആയുധക്കച്ചവടം എന്നിവ കഴിഞ്ഞാൽ അധോലോകസംഘങ്ങളുടെ സഹായത്തോടെ നടക്കുന്ന മൂന്നാമത്തെ സാമൂഹികതിന്മയാണിത്. മൂന്നു വയസ്സുമുതൽ 50 വയസ്സിനു മുകളിലുള്ളവർ വരെയടങ്ങുന്ന 7000ത്തിനു മുകളിൽ സ്ത്രീകളെയും പുരുഷന്മാരെയും 4 അടി 6 ഇഞ്ച് ഉയരമുള്ള ഈ വനിത നയിക്കുന്ന സംഘടനയ്ക്ക് രക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. 1000 ൽപരം വ്യക്തികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവന്നു.

'ഞങ്ങളുടെ ഈ നശിച്ച ജീവിതത്തിൽനിന്നു ഞങ്ങളുടെ മക്കളെ രക്ഷിക്കൂ' എന്ന ഈ സ്ത്രീകളുടെ രോദനമാണ് അവരുടെ മക്കൾക്കുവേണ്ടി (എച്ച്.ഐ.വി. ബാധിതരും അല്ലാത്തവരും) സ്കൂളുകളും പുനരധിവാസകേന്ദ്രങ്ങളും ആരംഭിക്കാൻ പ്രേരണയായത്. ഇത്തരത്തിലുള്ള 17 കേന്ദ്രങ്ങളാണ് ഇപ്പോഴുള്ളത്. കൂട്ടബലാത്സംഗത്തിനിരയായവരും എയ്ഡ്സ് ബാധിതരുമൊക്കെ ഇത്തരം കേന്ദ്രങ്ങളിൽ ശാന്തജീവിതം നയിക്കുന്നു.

ചുവന്ന തെരുവിൽനിന്നു മോചിതരാക്കപ്പെട്ട സ്ത്രീകൾ തങ്ങളുടെ ഭൂതകാലം മറന്ന് തൊഴിലിലും നിർമ്മാണപ്രവർത്തനങ്ങളിലും സജീവമായി അഭിമാനത്തോടെ ജീവിക്കുന്നു. ആത്മാഭിമാനം നശിച്ച് ലഹരിക്കും രോഗങ്ങൾക്കും അടിമകളായ ഇത്തരം സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥാന്തരപ്രവർത്തനത്തിൽ പോലീസും ഭരണകൂടവും സുനിതയെ പിന്തുണയ്ക്കുന്നു. ഇപ്പോൾ ആന്ധ്രാ വനിതാ കമ്മീഷൻ അംഗമാണ് സുനിത. 2011 ൽ കേരളത്തിലും വനിതാ കമ്മീഷൻ ഉപദേശികയായിരുന്നു.

ഏഴുവർഷംമുമ്പ് സുനിത നടത്തിയ ഒരു പോരാട്ടം Shame the rapist campaign വളരെ മാധ്യമശ്രദ്ധ പിടിച്ചുപറ്റി. കുട്ടികളെയും സ്ത്രീകളെയും ലൈംഗികമായി ആക്രമിച്ച് അതിന്റെ വീഡിയോ ഓൺലൈൻ മാധ്യമങ്ങളിൽ അപ്ലോഡ് ചെയ്യുന്ന പ്രവണതയ്ക്കെതിരായിരുന്നു അത്. വർഷങ്ങളോളം ഇത്തരം വീഡിയോകൾ സമൂഹമാധ്യമങ്ങളിൽ കറങ്ങിനടന്നു. ഇതു ശ്രദ്ധയിൽപ്പെട്ട സുനിത പെൺകുട്ടിയുടെ സ്വത്വം വെളിപ്പെടാത്ത രീതിയിൽ അവ അപ്ലോഡ് ചെയ്ത് പ്രതികളെ തിരിച്ചറിയുകയും അവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരികയും ചെയ്യണമെന്ന അഭ്യർത്ഥന സമൂഹമനഃസാക്ഷിക്കു മുമ്പിൽ വച്ചു. ഇത്തരം 150 ൽ പരം വീഡിയോകൾ കണ്ടെടുക്കപ്പെട്ടു. പല പ്രതികളും ശിക്ഷിക്കപ്പെട്ടു. പക്ഷേ, ഈ പ്രവൃത്തിയുടെ പേരിൽ ധാരാളം ആക്രമണങ്ങൾ (സൈബർ, ശാരീരികം) സുനിതയ്ക്കു നേരിടേണ്ടിവന്നു.

സുനിതയുടെ പ്രവർത്തനമണ്ഡലത്തിൽ അവർക്കു പിന്തുണ നൽകുന്ന മലയാളികളിൽ ഒരാൾ ശ്രീ. രാജേഷ് ടച്ച്റിവറാണ് (In the name of Budha അദ്ദേഹത്തിന്റെ അന്താരാഷ്ട്ര ബഹുമതികൾ നേടിയ ഫിലിം). സുനിതയുടെ അനുഭവങ്ങളെയും പ്രവർത്തനങ്ങളെയും ആധാരമാക്കി ഡോക്യുമെന്ററികളും സിനിമകളും അദ്ദേഹം സംവിധാനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്തു. അവരുടെ സംയുക്ത സംരംഭമായ 'എന്റെ' എന്ന മലയാളം സിനിമ സുനിതയുടെ അനുഭവത്തിന്റെ നേർസാക്ഷ്യമാണ്.

പീഡനത്തിനിരയാക്കപ്പെടുന്ന ഓരോ വ്യക്തിയും രക്ഷിക്കപ്പെടുമ്പോൾ ഞാനാണ് രക്ഷിക്കപ്പെടുന്നത്, അവർക്കു നീതി കിട്ടുമ്പോൾ എനിക്കാണു നീതി കിട്ടുന്നത് എന്നുറച്ചു വിശ്വസിക്കുന്ന സുനിതയെപ്പോലെ പ്രതിസന്ധികളെ സമൂഹനന്മയ്ക്കുള്ള ഉത്തരങ്ങളായി മാറ്റാൻ നമ്മിൽ എത്രപേർക്കാവും? ■

---

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## അട്ടക്കുളങ്ങര



അട്ടക്കുളങ്ങര എന്ന സ്ഥലനാമത്തിന് വനിതാ ജയിലിന്റെ പേരിൽ കുപ്രശസ്തി കൈവന്നിട്ടുണ്ട്. സരിത, സ്വപ്ന തുടങ്ങിയ വി.ഐ.പി. കുറ്റവാളികളാണ് അട്ടക്കുളങ്ങരയ്ക്ക് കുപ്രശസ്തി നേടിക്കൊടുത്തത്. അവർമൂലം അട്ടക്കുളങ്ങര കേരളജനതയ്ക്കൊന്നാകെ പരിചിതമായി. മാധ്യമപ്രവർത്തകർ പ്രശസ്തിക്ക് ആക്കം കൂട്ടുകയും ചെയ്തു. അട്ടക്കുളങ്ങര വനിതാ ജയിൽ എന്നതിലുപരി ആ സ്ഥലനാമത്തിന്റെ നിരുക്തിയും പൊരുളുമാണ് ഈ കുറിപ്പിനു വിഷയം.

തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു സ്ഥലനാമമാണ് അട്ടക്കുളങ്ങര. അട്ടക്കുളങ്ങര എന്ന സംജ്ഞാനാമത്തെ അട്ടം+കുളം+കര എന്നു പിരിച്ചെടുക്കാം. ഇവിടെ പൂർവപദം 'അട്ട' എന്നല്ല അട്ടം എന്നാണെന്നു മനസ്സിലാക്കുക. ശത്രുക്കളുടെ വരവു കാണുന്നതിനും അവരെ തടയുന്നതിനും ഉണ്ടാക്കിയിരുന്ന കാവൽമാടമാണ് അട്ടം (കൊത്തളം). കൂടാതെ, മേൽത്തട്ട്, തട്ടിൻപുറം മേട തുടങ്ങിയ വിവക്ഷിതങ്ങളും അട്ടത്തിനുണ്ട്. ദ്രാവിഡത്തിൽനിന്നു സംസ്കൃതം കടംകൊണ്ട പദമായിരിക്കാം അട്ടം എന്നൊരഭിപ്രായമുണ്ട്*. അതെന്തായാലും നാനാർത്ഥവാചിയായ ഒരു പദമാണ് അട്ടം. അനേകം അട്ടങ്ങൾ, കൊട്ടാരങ്ങൾ മുതലായവ ഉള്ള സ്ഥലം അട്ടസ്ഥലിയാകും. അവിടെയും പൂർവപദം 'അട്ട'യല്ല; അട്ടം ആണ്. വിശേഷണമായ അട്ടയ്ക്ക് ഉയർന്ന എന്നും നാമമായ അട്ടയ്ക്ക് ഒരു ചെറിയ ഇഴജന്തു എന്നും അർത്ഥം.

അട്ടം+കുളം, സന്ധി ചെയ്യുമ്പോൾ അട്ടക്കുളം എന്നാകുന്നു. (അനുസ്വാരലോപം ககாரദ്വിത്വം) കുളം + കരയാണ് സന്ധിയിൽ കുളങ്ങരയാകുന്നത്. (അട്ടം + കുളം = അട്ടക്കുളം; കുളം + കര = കുളങ്ങര). "കുളം + കര = കുളങ്ങര. മ് + ക = ങ് + ക = ങ്ങ. പരസവർണ്ണനവും പൂർവസവർണനവും (സവർണനം എന്ന അധ്യായം നോക്കുക) പ്രവർത്തിക്കുന്നു. കണ്ഠ്യഖരം ഓഷ്ഠ്യാനുനാസികത്തെ ആദ്യം സ്വവർഗ്ഗാനുനാസികമാക്കുന്നു. ങ് പിന്നീട് ക കാരത്തെ അനുസാനികാതിപ്രസരംകൊണ്ട് ങ ആക്കി"** അങ്ങനെ കുളം + കര, കുളക്കരയാവാതെ കുളങ്ങരയാകുന്നു. അട്ടം + കുളം + കര സമാസിക്കുമ്പോൾ അട്ടക്കുളങ്ങരയാകുമെന്നു ചുരുക്കാം.

* കുഞ്ഞൻപിള്ള, ശൂരനാട്ട്, എഡിറ്റർ, മലയാള മഹാനിഘണ്ടു, വാല്യം 1, കേരളസർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം, 2016, പുറം – 190.

** ലത, വി. നായർ, സമ്പാദനം, എൻ. ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം–370

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



അവിടുത്തെ കല്പനകളാണ് എന്റെ ആനന്ദം; അവയാണ് എനിക്ക് ഉപദേശം നൽകുന്നത്.
സങ്കീർത്തനങ്ങൾ 119:24

**എഡിറ്റോറിയൽ**

# ഇവിടെ സ്വാതന്ത്ര്യം ജാതിപ്പിശാചിനോ?

ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തലേന്ന്, രാജ്യം മുഴുവൻ ആഘോഷത്തിമിർപ്പിലായിരിക്കവേ, രാജസ്ഥാനിൽ ഒരു ദളിത്കുടുംബത്തിൽനിന്ന് ഒരു കുഞ്ഞുപ്രാണന്റെ നിലവിളിയുയർന്നു. അതേ, ജാതിവിവേചനത്തിന്റെ പേരിൽ മൂന്നാംക്ലാസ് വിദ്യാർത്ഥിയായ ഒമ്പതുവയസ്സുകാരൻ അതിക്രൂരമായി കൊലചെയ്യപ്പെട്ടു. അടിച്ചമർത്തപ്പെട്ടവരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള അനുകമ്പയാണ് ഇന്നത്തെ ഇന്ത്യയുടെ സുപ്രധാന വാക്ക് എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു തന്റെ പ്രഥമസ്വാതന്ത്ര്യദിനസന്ദേശത്തിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്ത അതേ ദിനം തന്നെയാണ് ജാതിഭീകരതയുടെ തേർവാഴ്ച രാജ്യമനഃസാക്ഷിയെ ഞെട്ടിച്ചത്.

സ്കൂളിലെ മൺകൂജയിൽനിന്ന് ദാഹജലം എടുത്തുകുടിച്ചെന്ന കുറ്റത്തിനാണ് സ്കൂൾമാനേജർകൂടിയായ അധ്യാപകന്റെ കൊടുംപീഡ കുട്ടി ഏല്ക്കേണ്ടിവന്നത്. 'ഉന്നതജാതിക്കാർ'ക്കായി വച്ചിരുന്ന പാത്രത്തിൽനിന്നു കുടിവെള്ളമെടുക്കുന്നതുകണ്ട് അധ്യാപകൻ ക്രൂരമായി മർദിച്ചെന്ന് കുടുംബം പോലീസിൽ പരാതിപ്പെട്ടു. പക്ഷേ, സാക്ഷിപറയാൻ സ്കൂളിലെ പട്ടികജാതിവിഭാഗത്തിൽപ്പെട്ട ജീവനക്കാർപോലും തയ്യാറായില്ല എന്നത് വർണ, വർഗ വിവേചനങ്ങൾ അതിഭീകരമായി രാജ്യത്തുടനീളം ഇപ്പോഴും നിലനില്ക്കുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. അധ്യാപകന്റെ ഭീകരമർദനത്തിനു ശമനമേകാൻ വിവിധ ആശുപത്രികളിൽ അലഞ്ഞുതിരിഞ്ഞതല്ലാതെ ഫലമുണ്ടായില്ല. 25 ദിവസത്തിനുശേഷം കുട്ടി മരിച്ചപ്പോൾ മാത്രമാണ് പുറംലോകം ഈ ദാരുണവാർത്ത അറിഞ്ഞുതുടങ്ങിയത്. പ്രതിഷേധം ആളിക്കത്തിയതോടെ പട്ടികജാതി അതിക്രമവിരുദ്ധനിയമം ചുമത്തി അധ്യാപകനെ പോലീസ് അറസ്റ്റു ചെയ്തെങ്കിലും അതൊരു പുകമറ മാത്രമാകാനേ സാധ്യതയുള്ളൂ.

ഇത് ഉത്തരേന്ത്യയിലെ ഒരൊറ്റപ്പെട്ട വാർത്തയായി തള്ളേണ്ടതില്ല. സ്വാതന്ത്ര്യദിനത്തിൽത്തന്നെയാണ് തമിഴ്നാട്ടിലെ ദളിത്വിഭാഗത്തിൽപ്പെട്ട പഞ്ചായത്തു പ്രസിഡന്റുമാർ ജാതിയുടെ പേരിൽ വിവേചനമനുഭവിക്കുന്ന നാണംകെട്ട വാർത്തയും പുറത്തുവന്നത്. ദളിത് പ്രസിഡന്റുമാരുടെ ഓഫീസുകളിൽ കസേരപോലുമില്ലെന്ന് തമിഴ്നാട് അൺടച്ചബിലിറ്റി ഇറാഡിക്കേഷൻ ഫ്രണ്ട് നടത്തിയ സർവേയിലാണ് വെളിപ്പെടുത്തൽ. മാത്രമല്ല, ദളിതരായ പ്രസിഡന്റുമാർക്ക് സ്വാതന്ത്ര്യദിനത്തിലും ദേശീയപതാക ഉയർത്താനോ തൊടാനോ പോലുമുള്ള അവകാശമില്ലത്രേ.

ജാതീയമായ ഉച്ചനീചത്വത്തിന് അറുതിവരാത്ത ഒരു രാജ്യത്താണ് സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം നാം ആഘോഷിക്കുന്നത്. 'ഉന്നതജാതി'ക്കാരുടെ കാഴ്ചകൾക്ക് അസ്വസ്ഥതയും അഭംഗിയുമുണ്ടാകാതിരിക്കാൻ ദളിത്കുടുംബങ്ങളോ മറ്റാരെങ്കിലുമോ ജാതിമതിലുകൾ കെട്ടിയുയർത്തിയ സാമ്പ്രദായികസംസ്കാരങ്ങളിൽനിന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ഇനിയും മോചിതമായിട്ടില്ല. നവോത്ഥാനനായകരും അവരുടെ ദർശനങ്ങളും ഇവിടെ വെളിച്ചത്തിന്റെ വിപ്ലവം സൃഷ്ടിച്ചെന്നു പറയുമ്പോഴും, ഉച്ചനീചവേർതിരിവുകളുടെ അവശേഷിപ്പുകൾ ഒരു തീരാശാപംപോലെ രാജ്യത്തെ വേട്ടയാടുന്നുണ്ടെന്ന കാര്യം വിസ്മരിച്ചുതള്ളരുത്.

'നരനു നരനശുദ്ധ വസ്തുപോലും! ധരയിൽ നടപ്പതു തീണ്ടലാണുപോലും! നരകമിവിടെയാണു ഹന്ത കഷ്ടം! ഹര! ഹര! ഇങ്ങനെ വല്ല നാടുമുണ്ടോ?' - മനുഷ്യന് മനുഷ്യൻ അശുദ്ധവസ്തുവായും, ഭൂമിയിൽ നടക്കുന്നതു തീണ്ടലായും കരുതുന്ന ഈ നാടാണു നരകമെന്നു കുമാരനാശാൻ വിലപിച്ചത് ലജ്ജയോടെ മാത്രമേ ഇന്നും നമുക്കു കേൾക്കാനാവൂ. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും തറവാടികളെന്നു മേനി പറയുന്ന നമുക്കിനി എന്നാണ് പരിവർത്തനങ്ങളുണ്ടാകുന്നത്? ജാതിക്കും മതത്തിനും വർണത്തിനും വർഗത്തിനും ലിംഗവ്യത്യാസങ്ങൾക്കുമെല്ലാമതീതമായി 'സമത്വരാഷ്ട്രം' കെട്ടിപ്പടുക്കാൻ ഇന്ത്യയിലെ പൗരസമൂഹം ഇനിയെന്നാണ് വിദ്യാസമ്പന്നരാകുന്നത്?

■

# മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന സഭയുടെ സൗമ്യമുഖം: മാർ ജോസഫ് പെരുന്തോട്ടം

## മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേകജൂബിലിക്കു തുടക്കം

പാലാ : സഭയുടെ നിലപാടുകളോടു ചേർന്നുനിന്ന് പാലാ രൂപതയെ നയിക്കാനും സഭയുടെ നവീകരണ-പുനരുദ്ധാരണപ്രവർത്തനങ്ങളിൽ ഏറെ ആത്മാർത്ഥതയോടെ പ്രവർത്തിക്കാനും മാർ ജോസഫ് പള്ളിക്കാപറമ്പിലിനു കഴിഞ്ഞതായി ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം. മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേകസുവർണജൂബിലിയാരംഭത്തോടനുബന്ധിച്ചു സന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

എപ്പോഴും സന്തോഷവാനും വിനയാന്വിതനും ഏവർക്കും പ്രിയപ്പെട്ടവനുമായ ബിഷപ് പള്ളിക്കാപറമ്പിൽ ഒരു മെത്രാൻ ആരായിരിക്കണം, എന്തായിരിക്കണം എന്നു കാണിച്ചുതന്നു. എന്നും ആരോപണങ്ങൾക്ക് അതീതനായിരുന്നു. രൂപതാഭരണത്തിലും ജീവിതത്തിലുമെല്ലാം അങ്ങേയറ്റം സംയമനം പാലിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നും മാർ പെരുന്തോട്ടം പറഞ്ഞു.

മാർ മാത്യു അറയ്ക്കൽ, വികാരി ജനറൽ മോൺ. ജോസഫ് തടത്തിൽ എന്നിവർ പ്രസംഗിച്ചു.

മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കുന്നത്ത്, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ മാത്യു അറയ്ക്കൽ എന്നിവരും 43 വൈദികരും സഹകാർമികരായി.



1927 ഏപ്രിൽ 10 ന് മുത്തോലപുരം പള്ളിക്കാപറമ്പിൽ ദേവസ്യ-ഏലി ദമ്പതികളുടെ രണ്ടാമത്തെ പുത്രനായാണ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ ജനിച്ചത്. വാഴക്കുളത്തും മാന്നാനത്തുമായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. മദ്രാസ് ലയോള കോളജിൽനിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയ അദ്ദേഹം പാഠ്യേതരവിഷയങ്ങളിലും മികവു പ്രദർശിപ്പിച്ചിരുന്നു.

1958 നവംബർ 23 ന് റോമിലെ ഉർബൻ കോളജിന്റെ ചാപ്പലിൽ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രിഫെക്ട് കർദിനാൾ ഗ്രിഗറി പീറ്റർ അജഗിയാനിയനിൽനിന്ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ വൈദികപട്ടം സ്വീകരിച്ചു. 1968 ൽ വടവാതൂർ സെമിനാരിയുടെ റെക്ടറായി ചുമതലയേറ്റു. സെമിനാരി റെക്ടറായി സേവനം ചെയ്തുകൊണ്ടിരിക്കെയാണ് 1973 ൽ പാലാ രൂപതയുടെ സഹായമെത്രാനായി അദ്ദേഹം നിയമിതനായത്.

1973 ഓഗസ്റ്റ് 15 മുതൽ 1981 മാർച്ച് 25 വരെ സഹായമെത്രാനായും തുടർന്ന് 2004 മേയ് ഒന്നുവരെ മെത്രാനായും പാലാ രൂപതയിൽ ശ്ലൈഹിക ശുശ്രൂഷ നിർവഹിച്ച് രൂപതാംഗങ്ങളുടെ ആത്മീയവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി അദ്ദേഹം പ്രയത്നിച്ചു. സൗമ്യതയും വിനയവും മുഖശ്രീയായി കരുതി പാലാ രൂപതയെ 23 വർഷം നയിക്കുവാനും പരിപാലിക്കുവാനും ബിഷപ് അതീവ ശ്രദ്ധ പുലർത്തി. ബഹുഭാഷാപണ്ഡിതനും കർമോത്സുകനായ ഭരണാധികാരിയുമായിരുന്ന അദ്ദേഹം പുതിയ ഇടവകസമൂഹങ്ങൾ തീർത്തു. ഉന്നതസാങ്കേതികവിദ്യാഭ്യാസരംഗത്തേക്ക് പാലാ രൂപത കാൽവച്ചത് മാർ പള്ളിക്കാപറമ്പിലിന്റെ കാലത്താണ്.

■

# അമ്മൂമ്മ അറിയാത്ത ദൈവം



സി.എൽ. ജോസ്

ഒരാഴ്ചയായി കോരിച്ചൊരിയുന്ന മഴയാണ്. തുള്ളിക്കൊരുകുടം എന്നപോലെയുള്ള കനത്ത മഴ. വീശിയടിക്കുന്ന കാറ്റുമുണ്ട്. നിലയ്ക്കാത്ത പേമാരിയും ശമിക്കാത്ത കാറ്റും. പ്രകൃതിക്ക് കലിയിളകിയതുപോലെ. പേമാരി മൂലം ആ കായലോരപ്രദേശമാകെ വെള്ളത്തിൽ മുങ്ങി. ഘോരമായ വെള്ളപ്പൊക്കത്തിൽ ചെറിയ വീടുകളും വാഹനങ്ങളും മുങ്ങിപ്പോയി. പല വലിയ വീടുകളും തകർന്നു. വലിയ കെട്ടിടങ്ങൾക്കും ഭീഷണിയായി. വെള്ളം പടിപടിയായി ഉയർന്നു. അടുത്ത കാലത്തൊന്നും സംഭവിച്ചിട്ടില്ലാത്ത വിധത്തിലുള്ള പ്രളയവും പ്രകൃതിക്ഷോഭവും.

സദാസമയവും ജപമാലയും പ്രാർത്ഥനയുമായി കഴിയുന്ന വൃദ്ധയായ ഒരു ഭക്തസ്ത്രീ ഒരു വീട്ടിൽ ഒറ്റയ്ക്കാണു താമസം. വേലയ്ക്കു നിൽക്കുന്നവൾ എന്നും രാവിലെ വന്നു പണികൾ കഴിച്ചുവച്ചു പോവുകയാണു പതിവ്. നാലഞ്ചു ദിവസമായി അവൾ വന്നിട്ടില്ല. വെള്ളപ്പൊക്കത്തിൽ വൃദ്ധയ്ക്കു രക്ഷപ്പെടാൻ പറ്റാത്ത അവസ്ഥ. വീടിന്റെ താഴത്തെ നിലയിൽ വെള്ളം കയറിയപ്പോൾ ആത്മരക്ഷാർത്ഥം അടുത്ത നിലയിലേക്ക് അവർ കയറിക്കൂടി. വേവലാതിയോടെ വെളിയിലേക്കു നോക്കിയിരിക്കുകയാണവർ. അപ്പോഴും ഉള്ളുരുകി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

ഈ സമയത്തു തോണി തുഴഞ്ഞുവന്ന ഒരു യുവാവ് വൃദ്ധയെ രക്ഷപ്പെടുത്താൻ സന്നദ്ധനായി.

"അമ്മൂമ്മേ ഈ തോണിയിലേക്കു ചാടിക്കൊള്ളൂ. ഞാൻ രക്ഷിക്കാം."

ഭക്തസ്ത്രീ വൈമനസ്യത്തോടെ പറഞ്ഞു:

"അയ്യോ, തോണിയിലേക്കു ചാടാനോ? എന്നെക്കൊണ്ടു വയ്യ. മോൻ പൊയ്ക്കൊ. ദൈവം എന്നെ എങ്ങനെയെങ്കിലും രക്ഷിച്ചോളും."

യുവാവു രണ്ടുമൂന്നു വട്ടം നിർബന്ധിച്ചെങ്കിലും വല്യമ്മ കൂട്ടാക്കിയില്ല. യുവാവു തോണി തുഴഞ്ഞുപോയി.

കുറെക്കഴിഞ്ഞപ്പോൾ ആ നിലയിലും വെള്ളം കയറി. ക്രമാതീതമായ ഒഴുക്കുമുണ്ട്. ഇത്രയുമായപ്പോൾ ഭക്തസ്ത്രീ പരിഭ്രാന്തയായിത്തുടങ്ങി. ചുറ്റുമുള്ള വീടുകൾ മിക്കതും മുങ്ങിപ്പോയിരിക്കുന്നു. വല്യമ്മ ഒറ്റപ്പെട്ടതുപോലെയായി. അപ്പോഴേക്കും പുറംചുമരിൽ ചാരിവച്ചിരിക്കുന്ന കോണി ശ്രദ്ധയിൽപ്പെട്ടു. അവർ പ്രാണഭയത്താൽ അതിൽ വലിഞ്ഞുകയറി വിഷമിച്ചുനിന്നു. വെള്ളം താനേ ഇറങ്ങുമെന്നും അപ്പോൾ കോണിയിൽനിന്നിറങ്ങി രക്ഷപ്പെടാമെന്നും വല്യമ്മ കണക്കുകൂട്ടി. പക്ഷേ, ആ കണക്കുകൂട്ടൽ തെറ്റിച്ചുകൊണ്ട് വെള്ളം പടിപടിയായി ഉയർന്നുകൊണ്ടേയിരുന്നു.

ഭയനിർഭരമായ ആ നിമിഷങ്ങളിൽ ഏതാണ്ടൊരദ്ഭുതം പോലെ അതാ ഒരു മോട്ടോർബോട്ട് അകലെ



നിന്നു പാഞ്ഞുവരുന്നു. ദൂരെനിന്നുതന്നെ ബോട്ട് ഡ്രൈവർ കോണിയിൽ അള്ളിപ്പിടിച്ചു നിൽക്കുന്ന വല്യമ്മയെ കണ്ടു. നല്ലവനായ ഡ്രൈവർ ഉടനെ ബോട്ടിനെ ആ ഭാഗത്തേക്കു തിരിച്ചു. വല്യമ്മയുടെ അവസ്ഥയും നിസ്സഹായതയും മനസ്സിലാക്കി ഏതു വിധേനയും രക്ഷപ്പെടുത്താൻവേണ്ടി അയാൾ വിളിച്ചുപറഞ്ഞു:

"അമ്മൂമ്മേ, വേഗം ഇതിലേക്കു ചാടൂ. ഞാൻ താങ്ങിക്കോളാം... ധൈര്യമായി ചാടൂ!"

"അയ്യോ, ചാടാൻ എനിക്കു പേടിയാ."

വല്യമ്മ ശങ്കിച്ചു നിന്നതേയുള്ളൂ"

"ചാടിക്കോളൂ. ഒന്നും പേടിക്കേണ്ട. വല്യമ്മയെ താങ്ങാനുള്ള കരുത്തെനിക്കുണ്ട്. ഒരു ഭയവും വേണ്ട... ഉം... ചാടിക്കോളൂ... വേഗമാകട്ടെ..."

"ഇല്ല വേണ്ട... ദൈവം എന്നെ രക്ഷിക്കും. അവിടുന്ന് ഒരു വഴി കണ്ടിട്ടുണ്ടാവും."

മോട്ടോർ ബോട്ട് അതിവേഗം തിരിച്ചുപോയി. അല്പം കഴിഞ്ഞപ്പോഴേക്കും തള്ളിവന്ന വെള്ളത്തിന്റെ ശക്തിയാൽ കോണി ഇളകിമറിഞ്ഞു വീണു. ഒപ്പം ഭക്തസ്ത്രീയും വീണുമുങ്ങി. ഒഴുക്കിൽപ്പെട്ട് അവരെ കാണാതായി. ദാരുണമായ അന്ത്യം!

മരിച്ചു സ്വർഗത്തിൽ ചെന്ന വല്യമ്മ ദൈവത്തെ ഒന്നു കാണണമെന്നു മനോവിഷമത്തോടെ ആവശ്യപ്പെട്ടു. അതനുസരിച്ച് അവരെ ദൈവത്തിന്റെ മുമ്പിലേക്കാനയിച്ചു.

ഭക്തസ്ത്രീ: (വല്ലാത്ത പരിഭവത്തോടെ.) ഞാൻ തികഞ്ഞൊരു ഭക്ത. മുടങ്ങാതെ പള്ളിയിൽപോയിരുന്നവൾ. തുടരെ ജപമാല ചൊല്ലുന്നവൾ. പാവങ്ങളെ ധാരാളം സഹായിച്ചവൾ. എന്നിട്ടും ആപത്ഘട്ടത്തിൽ എന്റെ ജീവൻ രക്ഷിക്കാൻവേണ്ടി അവിടുന്ന് ഒന്നും ചെയ്തില്ലല്ലോ, വല്ലാത്ത ചതിയായിപ്പോയി. എനിക്കു സങ്കടമുണ്ട്."

ദൈവം: ഒന്നും ചെയ്തില്ലെന്നോ? നിന്റെ അവസ്ഥയും വിഷമവും മനസ്സിലാക്കി, നിന്നെ രക്ഷിക്കാൻവേണ്ടിയാണ് നിനക്കു മാത്രമായിട്ട് ഒരു തോണി ഞാൻ പറഞ്ഞയച്ചത്. നീ അതിൽ കയറിയില്ല. അതിനു ശേഷം കുറേക്കഴിഞ്ഞ് ഒരു ബോട്ടും ഞാൻ പറഞ്ഞുവിട്ടു. അവർ രണ്ടുപേരും മാറി മാറി നിർബന്ധിച്ചില്ലേ? എല്ലാ സഹായവും വാഗ്ദാനം ചെയ്തില്ലേ? ജീവൻ രക്ഷിക്കാൻ ശ്രമിച്ചില്ലേ? എന്നിട്ടും നീ..! രക്ഷപ്പെടാത്തത് പിന്നെ എന്റെ കുറ്റമാണോ?" ■



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# കൊഞ്ഞനം കുത്തുന്ന ഭാവന

കഥ, തിരക്കഥ, സംഭാഷണം എന്നിവയ്ക്കുപുറമെ ഗാനരചന നിർവഹിക്കുകയും ചലച്ചിത്രം സംവിധാനം ചെയ്യുകയും ചെയ്ത് ബഹുമുഖപ്രതിഭ തെളിയിച്ച അപൂർവം ചിലരുണ്ട് മലയാളത്തിൽ. തിക്കുറിശ്ശി സുകുമാരൻനായർ, പി. ഭാസ്കരൻ, ശ്രീകുമാരൻ തമ്പി എന്നിവരുടെ പേരുകളാണ് സംശയമെന്യെ എടുത്തുപറയാവുന്നത്. എന്നാൽ ആ ശ്രേണിയിലേക്കു കടന്നുകയറാൻ പിന്നീടു പലരും ശ്രമിച്ചിട്ടുണ്ടെങ്കിലും ഗാനരചനയിൽ അവർ പരാജയമായിരുന്നു. ഇതാ ഏറ്റവുമൊടുവിൽ 'പദ്മ' എന്ന ചിത്രം തെളിയിക്കുന്നതും മറ്റൊന്നല്ല. ഗാനരചന - അനൂപ് മേനോൻ; സംഗീതം - നിനോയ് വർഗീസ്; ആലാപനം - രാജ്കുമാർ രാധാകൃഷ്ണൻ.

"മൗനത്തിൻ പൂങ്കവിളിൽ
നാണത്തിന്റെ മുല്ലമലർക്കൊടിയോ
വാതില്ക്കൽ വന്നൊളിക്കും
പൂവെയിലിൻ തങ്കച്ചിലമ്പൊലിയോ
വിണ്ണിൽപായും മിന്നൽനാളം
നിന്നനുരാഗം പെയ്യും നേരം
ആരൊരുമറിയാതെ കാലങ്ങളറിയാതെ
നെഞ്ചിൽ നോവായ് എന്നും."

അഹങ്കാരത്തിനു കൈയും കാലും വച്ചു എന്നു നാം തമാശയായി പറയാറുണ്ട്. ഇവിടെ മൗനത്തിനാണ് അങ്ങനെ ശരീരമുണ്ടായിരിക്കുന്നത്. ദോഷം പറയരുതല്ലോ, മൗനത്തിനു പൂങ്കവിളൊക്കെ ഉണ്ടത്രേ. തീർന്നില്ല, ആ പൂങ്കവിളിന്റെ വിശേഷണം. അവിടെ നാണത്തിന്റെ മുല്ലമലർക്കൊടിയാണോ എന്നു സംശയിക്കുന്നു പാട്ടെഴുത്തുകാരൻ. കവിതയിലും ഗാനത്തിലും ഭാവനയാകാം. പക്ഷേ, അതു കൊഞ്ഞനം കുത്തുന്ന തരത്തിലാകരുത്. വാതില്ക്കൽ വന്നൊളിക്കുന്ന പൂവെയിലിനെ കാണാൻ ചന്തമുണ്ട്. ഇവിടെ അനൂപ് മേനോൻ സൃഷ്ടിച്ച പൂവെയിൽ തങ്കച്ചിലമ്പൊലി മുഴക്കുന്നതാണ്. കലികാലവൈഭവം എന്നല്ലാതെ എന്തു പറയാൻ.

വിണ്ണിൽ പായുന്ന മിന്നൽനാളത്തിനും കാര്യമായ പണി കൊടുക്കാൻ രചയിതാവു മറന്നില്ല. നായികയുടെ അനുരാഗം കടംകൊണ്ട് അത് (മിന്നൽനാളം) പെയ്യുകയാണുപോലും. എല്ലാം ആരോരുമറിയാതെയും കാലങ്ങളറിയാതെയും എന്നും നെഞ്ചിൽ നോവായി മാറിയെന്നും അറിയിക്കുന്നു പാട്ടെഴുത്തുകാരൻ. കൊള്ളാവുന്ന കുറെ പദങ്ങൾ മാലപോലെ കോർത്തെടുത്താൽ ഗാനമായി എന്നു ധരിച്ചുവച്ചിരിക്കുന്നു അനൂപ് മേനോൻ. അദ്ദേഹത്തോട് സ്നേഹബുദ്ധ്യാ പറയട്ടെ, അങ്ങനെ എഴുതുന്നതല്ല ഉത്തമ ഗാനം. ലക്ഷണമൊത്ത ഗാനം എന്തെന്നറിയണമെങ്കിൽ അദ്ദേഹം വയലാർ രാമവർമയുടെയോ പി. ഭാസ്കരന്റെയോ മറ്റോ ഗാനങ്ങൾ കേൾക്കണം.

"കാതോരമെത്തുന്ന പാട്ടിൽ
നീ തേടുന്ന ഗന്ധർവനാദം
മെയ്യോരമലിയുന്ന മഞ്ഞിൽ
നീയറിയുന്ന കൽഹാരഗന്ധം
വിണ്ണിൽ തുഷാരം പൊഴിയുന്ന നേരം
സിന്ദൂരരേണുവിൽ
ഒന്നായ് അലിയും വിമൂകം."

പല്ലവിയുമായി വലിയ ബന്ധമൊന്നുമില്ല ഈ അനുപല്ലവിക്ക്. പദമടുക്കാനുള്ള പ്രവണത ഈ ഗാനഭാഗത്തും പ്രകടമായി കാണാം. ഓരോ ഈരടിക്കും അർത്ഥം തോന്നുമെങ്കിലും മൊത്തത്തിൽ ഗാനത്തിന്റെ ആശയം ചിന്തിക്കുമ്പോൾ നിരാശതയായിരിക്കും ഫലം. മെയ്യോരം മഞ്ഞലിയുന്നതിന് എന്തു പ്രസക്തി? മൗനത്തിൽ തുടങ്ങി ഗാനം മൗനത്തിൽ (വിമൂകം) അവസാനിപ്പിക്കുന്നു രചയിതാവ്.

അനൂപ് മേനോന് ഗാനരചന വഴങ്ങുന്നതല്ലെന്ന് ഇതിനു മുമ്പുതന്നെ വ്യക്തമായിട്ടുള്ളതാണ്. അദ്ദേഹം കുറച്ചു പാട്ടുകൾ എഴുതിയിട്ടുണ്ടെങ്കിലും അവയൊന്നും കുറ്റമറ്റതല്ല. അതേ നിലവാരമാണ് ഇവിടെ പരാമർശിച്ച ഗാനത്തിനുമുള്ളത്. പലതും കൈയാളാനുള്ള ആഗ്രഹം നല്ലതാണ്. അതിനു പ്രതിഭകൂടി അനുഗ്രഹിക്കണമല്ലോ. പക്ഷേ, ഒരു കാര്യമുണ്ട്. ഇക്കാലത്ത് നേരെ ചൊവ്വേ പാട്ടെഴുതാൻ കഴിവുള്ളവർ ഒരാളുമില്ല എന്നതിനാൽ ആര് എന്തെഴുതിയാലും ഒരു പ്രയോജനവുമില്ല. കഷ്ടം! നമ്മുടെ ഗാനരംഗം ഇത്രമാത്രം അധഃപതിച്ചല്ലോ. ■




**ഓഗസ്റ്റ് 28**
**കൈത്താക്കാലം**
**ആറാം ഞായർ**

**ഉത്പ 8 : 1–11**
**ഉത്തമഗീതം 6 : 1–4**
**വെളി 21 : 9–14**
**യോഹ 6 : 16–24**

# മനുഷ്യരക്ഷയുടെ പെട്ടകം



**ഡോ. ജോസഫ് കരികുളം**

വചനപ്രഘോഷണത്തിന്റെ ഫലം പൂർണതോതിൽ അനുഭവിക്കുന്നത് സഭയാണ്. ദൈവവചനത്തിന്റെ സാന്നിധ്യത്തിന്റെ ഫലവും, പ്രസ്തുത സാന്നിധ്യം ജനത്തിനുണ്ടാക്കുന്ന അനുഗ്രഹങ്ങളുടെ ഫലവും അനുഭവപ്പെടുന്നതും പ്രവർത്തിക്കുന്നതും സഭയിൽത്തന്നെയാണ്. കാരണം, സഭ മിശിഹായുടെ ശരീരവും നാമോരോരുത്തരും അതിലെ അംഗങ്ങളുമാണ്. ഈ വിഷയത്തെക്കുറിച്ചാണ് കൈത്താക്കാലം ആറാം ഞായറാഴ്ചത്തെ വായനകൾ നമ്മോടു സംവദിക്കുന്നത്.

### സഭയുടെ ദൈവികമാനുഷികതലങ്ങൾ

സഭ, മിശിഹായുടെ ശരീരമെന്ന നിലയിൽ, മിശിഹായുടെ വചനത്തെ ഭക്ഷണമാക്കുന്നവളാണ്. അതേവചനം, ഇന്നു മാംസമാക്കപ്പെടുന്നതും പങ്കുവയ്ക്കപ്പെടുന്നതും സഭയിലാണ്. മിശിഹായോടുള്ള ഈ ബന്ധത്തിൽ സഭയുടെ ദൈവികതലം വെളിവാക്കപ്പെടുന്നു.

അതുപോലെതന്നെ ഈശോയിലുള്ള വിശ്വാസത്തിൽ മാമ്മോദീസാ സ്വീകരിച്ച് സഭയിൽ അംഗങ്ങളായിരിക്കുന്ന ദൈവജനവുമുണ്ട്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, 'നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്' (1 കോറി. 12:27). അതിനാൽ സഭയെ മനുഷ്യരുടെ കൂട്ടമായി മാത്രമോ, ദൈവജനം മാത്രമായോ, മിശിഹായുടെ ശരീരം മാത്രമായോ ചുരുക്കുന്നത് ശരിയായ കാഴ്ചപ്പാടല്ല. 'ഞങ്ങളാണ് സഭ, ഞങ്ങൾ പറയുന്നതുപോലെ കേൾക്കണം' എന്നാക്രോശിക്കുന്ന കുറെ സഭാമക്കളുടെ വാദവും, 'തങ്ങളാണ് സഭ' എന്നു ചിലപ്പോഴെങ്കിലും ചിന്തിച്ചുപോകുന്ന സഭാധികാരികളുടെയും വൈദികരുടെയും സന്യസ്തരുടെയും ചിന്തയും ഒരുപോലെ തെറ്റാണ്. സഭയുടെ അധികാരികളും അതിലെ മനുഷ്യനിർമിതങ്ങളായ എല്ലാ സംവിധാനങ്ങളും സ്ഥാപനങ്ങളും ഇല്ലാതായേക്കാം. എന്നാൽ, ദൈവപുത്രനായ ഈശോമിശിഹായുടെ ശരീരമെന്ന നിലയിൽ നിത്യതയിലുള്ള സഭയുടെ അസ്തിത്വം ഇല്ലാതാകില്ല. നാമോരോരുത്തരുമാകട്ടെ തായ്ത്തണ്ടായ സഭയോടു ചേർന്നുനിന്ന് അവളിൽനിന്ന് ആവശ്യകമായ പോഷകങ്ങൾ സ്വീകരിക്കുകയും പരസ്പരം വളർത്തുകയും ചെയ്യുന്നു.

ഭൗതികമായി നമുക്കു കാണാൻ സാധിക്കുന്ന, സഭയിലെ വലിയ സ്ഥാപനങ്ങളെയും അതു നടത്തിക്കൊണ്ടുപോകുന്നവരുടെ ഭരണചാതുര്യത്തെയുമൊക്കെ സഭയുടെ ഉള്ളും ഉള്ളടക്കവുമായി തെറ്റിദ്ധരിക്കപ്പെടുകയാണ്. അതുകൊണ്ടുതന്നെ വിശ്വാസികളുടെ ആത്മീയവളർച്ച ഈ സ്ഥാപനങ്ങളുടെ വളർച്ചയും തളർച്ചയുമായി വിലയിരുത്തുന്നു. ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചില്ലെങ്കിൽ സഭയിൽനിന്നകന്നുപോകുന്ന, വിശ്വാസം ഇല്ലാതാകുന്ന പ്രവണത കൂടുതലാണ്. സഭയെന്നാൽ ഈ സ്ഥാപനങ്ങളല്ല എന്നും, അത് മിശിഹായുടെ ശരീരമാണെന്നും, ആ ശരീരത്തോടു ചേർക്കപ്പെട്ടവരാണ് നമ്മൾ എന്നുമുള്ള ബോധ്യം വളർന്നുവരേണ്ടിയിരിക്കുന്നു.

### നോഹയുടെ പെട്ടകം – പുതിയ ഉടമ്പടിയിലെ സഭ


ഇന്നത്തെ ആദ്യവായന നോഹയുടെ കാലത്തുണ്ടായ ജലപ്രളയത്തിന്റെ അന്ത്യത്തെക്കുറിച്ചുള്ളതാണ് (ഉത്പ 8:1–11). ജലപ്രളയത്തിനു മുമ്പായി ദൈവം നോഹയോട് പെട്ടകം നിർമ്മിക്കാനാവശ്യപ്പെട്ടു. ആ പെട്ടകം പ്രളയകാലത്ത് ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനമായി മാറി. പ്രളയത്തിനുശേഷം നോഹ പെട്ടകം തുറന്ന് ജീവജാലങ്ങളെ പെറ്റുപെരുകാനായി പുറത്തേക്കു വിടുന്നു.

നോഹയുടെ പെട്ടകം സഭയുടെ പ്രതീകമാണ്. സഭ മനുഷ്യരക്ഷയുടെ പെട്ടകമാണ്. ഈ ലോകത്തിന്റെ പ്രളയങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപോകുന്ന മനുഷ്യർക്ക് അഭയം നൽകുന്നതിനുള്ള, രക്ഷ നേടുന്നതിനുള്ള ബൃഹത്തായ സംവിധാനമാണ് സഭ. സഭയാകുന്ന പെട്ടകം എല്ലാത്തരത്തിലുമുള്ള ആളുകളെയും സ്വീകരിക്കുന്നു. വഴി തെറ്റിപ്പോയവരെ വിശുദ്ധീകരിച്ച് ഉള്ളിലേക്കു സ്വീകരിക്കുന്നു. നല്ല മനുഷ്യർക്ക് കൂടുതൽ വിശുദ്ധീകരണത്തിനുള്ള മാർഗങ്ങളൊരുക്കുന്നു. വിശുദ്ധീകരിക്കപ്പെട്ടവരെ ദൈവമനുഷ്യസമാഗമത്തിന്റെ അൾത്താരയിലെത്തിക്കുന്നു. അങ്ങനെ സഭ മനുഷ്യരക്ഷയുടെ മാധ്യമവും മനുഷ്യരക്ഷ നടക്കുന്ന സംവിധാനവുമായി മാറുന്നു.

### ഈശോയുടെ ഉദ്യാനം സഭ

അതിതീക്ഷ്ണമായി പ്രണയിക്കുന്ന കാമുകീകാമുകന്മാരുടെ ഭാഷയിൽ ദൈവമനുഷ്യബന്ധത്തെ ചിത്രീകരിക്കുന്ന പുസ്തകമാണ് ഉത്തമഗീതം. ഈശോയും സഭയുമായുള്ള ബന്ധത്തെ അതിൽ ദർശിക്കാനാവും. ദൈവത്തിന്റെ ഉദ്യാനമാണ് സഭ. ദൈവത്തിന്റെ മക്കളായ നമ്മെ വിശുദ്ധിയുടെ കവചംകൊണ്ട് സംരക്ഷിച്ചുനിറുത്തുന്ന ഉദ്യാനം (ഉത്തമഗീതം 6:2). സഭയിൽ പ്രസരിക്കുന്ന വിശുദ്ധിയുടെ പരിമളം ദൈവത്തെ സന്തോഷിപ്പിക്കുന്നു. വിശുദ്ധിയുടെ പരിമളം പരത്തുന്ന തന്റെ ജനത്തെ സന്ദർശിക്കാൻ അവൻ തന്റെ ഉദ്യാനത്തിലേക്കിറങ്ങുന്നു.

'ഞാനെന്റെ പ്രിയന്റേതാണ്' (6,3a) എന്ന നിരന്തര ബോധ്യം വിശുദ്ധിയുടെ പരിമളത്തോടെ എന്നും ജീവിക്കാൻ സഭയെ പ്രേരിപ്പിക്കുന്നു. 'എന്റെ പ്രിയൻ എന്റേതും' (6,3b) എന്ന വിശ്വാസം അത്യുന്നതന്റെ സംരക്ഷണയിലാണ് താൻ എന്ന ആശ്വാസത്തിൽ ഈ ലോകത്തിൽ തുടരാൻ അവളെ പ്രാപ്തയാക്കുന്നു. സഭയുടെ മാഹാത്മ്യം ആട്ടിൻപറ്റത്തിന്റെ ഓമനത്തത്തോടും ആശ്രയത്വത്തോടും പൂവുകളിലെ രാജ്ഞിയായ ലില്ലിപ്പൂവിന്റെ നൈർമല്യത്തോടും ചേർത്തുവച്ചിരിക്കുന്നു. 'സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിലാണ്' മിശിഹായെ സ്തുതിക്കുന്നതെന്ന് വി. കുർബാനയിൽ മദ്ബഹായുടെ വിരി തുറക്കുന്നതിനു മുമ്പുള്ള പ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്നുണ്ടല്ലോ.



### സഭ – ജീവന്റെ അപ്പത്തിലേക്ക് എത്തിക്കുന്ന വഞ്ചി

യോഹന്നാന്റെ സുവിശേഷത്തിൽനിന്നുള്ള ഇന്നത്തെ വായനയിൽ (യോഹ 6:16–24) പരാമർശിക്കപ്പെടുന്ന സഭ ഈ ലോകത്തിന്റെ ക്ഷോഭങ്ങളിൽനിന്നു സംരക്ഷിച്ച്, ജീവന്റെ അപ്പമാകുന്ന ഈശോമിശിഹായിലേക്കു തന്റെ മക്കളെ എത്തിക്കുന്ന വഞ്ചിയാണ്. കടലിനക്കരെ കഫർണാമിലേക്ക് ശിഷ്യന്മാർ പുറപ്പെടുന്നത് ജീവന്റെ അപ്പത്തെ തിരിച്ചറിയുന്നതിനാണ് (യോഹ 6:25–29).

ഒരേസമയം മനുഷ്യരുടെയും ദൈവത്തിന്റെയുമായി സഭയെ മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു സാദൃശ്യമില്ല. ലോകജീവിതത്തിന്റെ ക്ഷോഭങ്ങളിലൂടെ, അന്ധകാരശക്തികളുടെ പേടിപ്പെടുത്തുന്ന പ്രബലതയിൽ സഭ തന്റെ മക്കളെയുമായി, ജീവന്റെ അപ്പമാകുന്ന പ്രിയനെയും തേടി സ്വർഗരാജ്യമാകുന്ന അക്കരയ്ക്കു യാത്ര ചെയ്യുകയാണ്. തന്റെ പ്രിയതമയെയും കാത്ത്, തന്റെ ആട്ടിൻപറ്റത്തെ മേയ്ക്കാനിറങ്ങിയവൻ അവളെ സമീപിക്കുന്നു. തന്റെ സംരക്ഷകനെ തിരിച്ചറിയാൻ സഭയാകുന്ന വഞ്ചിക്കു കഴിയുന്നുണ്ട്. അതുകൊണ്ടാണല്ലോ അവൻ കയറിയ നിമിഷംതന്നെ ആ വഞ്ചി അവർ ലക്ഷ്യം വച്ച കരയ്ക്കടുക്കുന്നത് (6:21b).

എന്നാൽ, വഞ്ചിക്കുള്ളിലെ ചില യാത്രക്കാർക്ക് അവനെ തിരിച്ചറിയാനാവുന്നില്ല. അവർ ഭയപ്പെടുന്നു, വിറയ്ക്കുന്നു, കോപിക്കുന്നു, ആക്രോശിക്കുന്നു. സഭയുടെ ആധികാരികത തള്ളിപ്പറയുന്നു. മാനുഷികമായ സകല കോലാഹലങ്ങളും കാട്ടിക്കൂട്ടുന്നു. ഈശോയെ വഞ്ചിയിൽ പ്രവേശിപ്പിക്കണമെന്ന് അവർക്കാഗ്രഹമില്ല. മറിച്ച്, തങ്ങളുടെ കാര്യം നേടണമെന്നു മാത്രം ആഗ്രഹിക്കുന്നു. ഈശോയെ വഞ്ചിയിൽ കയറ്റണമെന്ന് ആഗ്രഹിക്കുന്നവരെ അവർ ബഹളം വച്ച് സമ്മർദമുപയോഗിച്ച് മാറ്റിനിറുത്തുന്നു.


### സഭയുടെ ഭാവി – സ്വർഗീയജറൂസലേം

വെളിപാടിന്റെ പുസ്തകത്തിൽനിന്നുള്ള ലേഖനഭാഗം (വെളി 21:9–14) സഭയുടെ ഭാവി മഹത്ത്വം വർണിക്കുന്നു. ദൈവം യോഹന്നാനോടു പറയുന്നത്, 'കുഞ്ഞാടിന്റെ മണവാട്ടിയെ നിനക്കു ഞാൻ കാണിച്ചുതരാം' എന്നാണ് (21:9). എന്നാൽ, കാണിച്ചുകൊടുക്കുന്നതാകട്ടെ 'സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്ന വിശുദ്ധനഗരമായ ജറൂസലേമിനെ'യും (21:10). കുഞ്ഞാടിന്റെ മണവാട്ടി ഒരു വ്യക്തിയല്ല, ഒരു നഗരമാണ്, ഒരു സമൂഹമാണ്. പഴയ ഉടമ്പടിയിലെ ദൈവത്തിന്റെ നഗരമായ ജറൂസലേം പുതിയ ഉടമ്പടിയിൽ മഹത്ത്വീകരിക്കപ്പെട്ട സഭയായി മാറുന്നു.

സഭയിലെ അംഗങ്ങളെന്ന നിലയിൽ രണ്ടു കാര്യങ്ങൾ പ്രത്യേകം ഓർക്കാം. 1. സഭ ഈശോയുടെ ശരീരമാണ്. അതിനാൽ, അവൾ പൂർണമായും ആധ്യാത്മികവും സ്വർഗീയവുമാണ്. 2. സഭയാകുന്ന മിശിഹായുടെ ശരീരം നിർമിക്കപ്പെടുന്നത് വിശ്വാസികളിലാണ്. ഒരേസമയം സഭയിൽനിന്നു പോഷകങ്ങൾ സ്വീകരിക്കുന്നവരും സഭയിലേക്കു പോഷകങ്ങൾ നൽകുന്നവരുമാണ് നമ്മൾ എന്നു മറക്കാതിരിക്കാം.

■

## സിജോ പൈനാടത്തിന് മീഡിയ ഫെലോഷിപ്പ്



ന്യൂഡൽഹി: ദേശീയതലത്തിലുള്ള റീച്ച് – യുഎസ് എയ്ഡ് മീഡിയ ഫെലോഷിപ്പിന് ദീപിക സ്റ്റാഫ് റിപ്പോർട്ടർ സിജോ പൈനാടത്ത് അർഹനായി. 'ക്ഷയരോഗ നിർമാർജനത്തിലെ വെല്ലുവിളികൾ കോവിഡനന്തര കേരളത്തിൽ' എന്ന വിഷയത്തെ അധികരിച്ചുള്ള പഠനങ്ങൾക്കാണു ഫെലോഷിപ്പ്.

25,000 രൂപയും പ്രശസ്തിപത്രവും ന്യൂഡൽഹിയിൽ പത്രപ്രവർത്തനത്തിലെ ഉന്നതപരിശീലനവുമാണ് ഫെലോഷിപ്പിൽ ലഭിക്കുക. രാജ്യത്ത് ആകെ 15 പേർക്കാണ് ഫെലോഷിപ്പ്.

# നടുവൊടിഞ്ഞ് ഇന്ത്യൻ കാർഷികമേഖല

1-ാം പേജ് തുടർച്ച

'ജയ് ജവാൻ ജയ് കിസാൻ' എന്നു വിളിച്ചുപറഞ്ഞ് ഗ്രാമീണ കർഷകജനതയിലൂടെ മാത്രം ഇന്ത്യയുടെ രക്ഷയെന്നു കൊട്ടിഘോഷിച്ചവർ കിസാനെ മറന്നു. രാജ്യത്തെ സംരക്ഷിക്കുന്ന ജവാനും അന്നം നൽകി തീറ്റിപ്പോറ്റുന്ന കിസാനും തുല്യത നൽകിയ നാളുകൾ ചരിത്രമായിരിക്കുന്നു.

**രാജ്യാന്തര കരാറുകൾ**

ഭക്ഷ്യധാന്യങ്ങളുടെ പൊതുസംഭരണവും വിതരണവും കർഷകർക്ക് ന്യായവിലയ്ക്കുള്ള ഒരു നിശ്ചിതകമ്പോളം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉൽപാദനവർധനവിനുള്ള സാഹചര്യവും ഇന്ന് ഇല്ലാതായിരിക്കുന്നു. കർഷകർക്കുള്ള വിത്തും വളവും വൻതോതിൽ വെട്ടിക്കുറച്ചതും വളം, വൈദ്യുതി തുടങ്ങിയവയ്ക്കുണ്ടായിരുന്ന സബ്സിഡികൾ പിൻവലിച്ചതും കാർഷികരംഗത്ത് വൻപ്രതിസന്ധിയാണു സൃഷ്ടിച്ചിരിക്കുന്നത്. സ്ഥിരതയുള്ള ഉൽപന്നക്കമ്പോളം നഷ്ടപ്പെടുക മാത്രമല്ല, കാർഷികോൽപന്നവ്യാപാരത്തിലെ അന്തർദ്ദേശീയകരാറുകളും കൈകടത്തലുകളും ഉദാരവൽക്കരണവും കൂടി നമ്മെ ചതിക്കുഴിയിലുമാക്കിയിരിക്കുന്നു.

കിഴക്കിനെ ലക്ഷ്യംവച്ചുള്ള ഇന്ത്യയുടെ വ്യാപാരമുന്നേറ്റം ഈ മണ്ണിനെ തേനും പാലുമൊഴുകുന്ന പറുദീസയാക്കുമെന്നു കൊട്ടിഘോഷിച്ചവരിന്നെവിടെ? പതിറ്റാണ്ടുകൾക്കുമുമ്പ് ഇന്ത്യയിലെ കർഷകപ്രസ്ഥാനങ്ങൾ, ആസിയാൻ വ്യാപാരക്കൂട്ടായ്മയും രാജ്യാന്തരസ്വതന്ത്രവ്യാപാരക്കരാറുകളും കാർഷികമേഖലയ്ക്ക് ആഘാതമാകുന്നുവെന്നും നമ്മൾ അപകടം ക്ഷണിച്ചുവരുത്തരുതെന്നും പറഞ്ഞപ്പോൾ കർഷകനേതാക്കൾ നുണപ്രചാരണം നടത്തുകയാണെന്ന് ആക്ഷേപിച്ചവർ മാളങ്ങളിലൊളിച്ചോ? കർഷകജനകീയ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് മാറിമാറി കേന്ദ്രം ഭരിച്ച സർക്കാരുകൾ ഏർപ്പെട്ട രാജ്യാന്തര കർഷകവിരുദ്ധകരാറുകളുടെ ബാക്കിപത്രം വൻ കാർഷികത്തകർച്ചയായി നമ്മുടെ മുമ്പിലിപ്പോൾ രൂപപ്പെട്ടിരിക്കുന്നു.

**കർഷകവിരുദ്ധനിയമങ്ങൾ**

കർഷകവിരുദ്ധ കരിനിയമങ്ങൾ അടിച്ചേല്പിച്ച് വൻകിട കോർപ്പറേറ്റുകൾക്കും രാജ്യാന്തര കുത്തകകൾക്കും കാർഷികമേഖലയെ തീറെഴുതിക്കൊടുക്കാൻ കേന്ദ്രസർക്കാർ ശ്രമിച്ചപ്പോൾ രാജ്യതലസ്ഥാനത്തെ സ്തംഭിപ്പിച്ചുകൊണ്ട് രാജ്യത്തുടനീളം രൂപപ്പെട്ട കർഷകപ്രതിഷേധം സ്വതന്ത്രഭാരതത്തിലെ കറുത്ത അധ്യായമാണ്. കഷ്ടപ്പാടിന്റെയും നഷ്ടപ്പെടലിന്റെയും ദുഃഖദുരിതങ്ങളുമായി ഗ്രാമങ്ങളിൽനിന്ന് എല്ലാം വിട്ടെറിഞ്ഞ് നഗരങ്ങളിലേക്കും പട്ടണങ്ങളിലേക്കും തൊഴിൽതേടി പലായനം ചെയ്യുന്ന ഗ്രാമീണകർഷകരുടെ എണ്ണം ദിവസേന കൂടുന്നത് ഇന്ത്യയുടെ വൻ കാർഷികത്തകർച്ചയാണ് വിളിച്ചറിയിക്കുന്നത്.

**കർഷകനെ മറന്ന ഭരണം**

ആഗോളമത്സരത്തിനായി ഇന്ത്യയിലെ കർഷകനെ ശക്തിപ്പെടുത്താനുള്ള ദീർഘവീക്ഷണ കാർഷികവികസനമാണ് നമുക്കു വേണ്ടത്. ഉൽപാദനച്ചെലവിന് നിയന്ത്രണമുണ്ടാക്കി ഉൽപാദന വർധനവിനുള്ള ക്രിയാത്മക ഇടപെടലുകൾ, സംഭരണങ്ങൾ, സംരംഭങ്ങൾ, വിലസ്ഥിരത, ഗുണമേന്മ, വിപണനശൃംഖല എന്നിവയിൽ വ്യക്തമായ പദ്ധതികളുണ്ടാകണം. ആരോഗ്യപൂർണ്ണമായ



ഒരു കാർഷിക സംസ്കാരത്തിനു മാത്രമേ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കു ശക്തിപകരുന്ന ആഭ്യന്തര കമ്പോളം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കർഷകരെ മറന്നുള്ള ഉദ്യോഗസ്ഥ ഭരണ രാഷ്ട്രീയനേതൃത്വങ്ങളുടെ വികലമായ വികസന അജണ്ടകൾ ഭാരതത്തിന്റെ ഭക്ഷ്യോൽപാദനത്തിലും ധാന്യ ഉപഭോഗത്തിലും ഇന്ന് പ്രതിഫലിച്ചിരിക്കുന്നു. ഭക്ഷ്യസുരക്ഷയെക്കുറിച്ചു കൊട്ടിഘോഷിക്കുമ്പോഴും ദാരിദ്ര്യനിർമ്മാർജ്ജനം സ്വപ്നം മാത്രമായി നിലനിൽക്കുന്നു. ഗ്രാമീണ കാർഷികമേഖലകളിൽ കേന്ദ്രസർക്കാർ വികസനപദ്ധതികൾ ഗണ്യമായി വെട്ടിച്ചുരുക്കിയത് വളരെ ഗൗരവതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു.

**മാറ്റങ്ങൾക്കു തയ്യാറാകുക**

കാർഷികരംഗത്ത് ഇടനിലക്കാരുടെ ചൂഷണം അതിഭീകരമാണ്. സ്വന്തം ഉൽപന്നത്തിനു വിലനിശ്ചയിക്കാൻ സാധിക്കാത്ത അവസ്ഥ കർഷകനു മാത്രമേയുള്ളൂ. വൻവ്യവസായികളും വ്യാപാരികളുമടങ്ങുന്ന രാജ്യത്തെ ഉൽപാദകക്കൂട്ടായ്മയുടെ സംഘടിതശക്തിക്കുമുന്നിൽ ഭരണസംവിധാനങ്ങൾ മുട്ടുമടക്കിയിരിക്കുമ്പോൾ കർഷകനെങ്ങനെ രക്ഷപ്പെടും? വിലപേശി സംസാരിക്കുവാൻ കർഷകനാകുമ്പോഴേ അവന്റെ വിയർപ്പിനു വിലകിട്ടുകയുള്ളൂ.

കൃഷി ചെയ്യാൻ വായ്പകളും സബ്സിഡിയും പ്രഖ്യാപിച്ച് കാർഷികസംസ്കാരത്തിലേക്ക് ഒരു ജനവിഭാഗത്തെ മുഴുവൻ ഇറക്കിവിട്ടതിനുശേഷം പ്രതിസന്ധികളുണ്ടാകുമ്പോൾ അവരെ സഹായിക്കാൻ ധാർമ്മിക ഉത്തരവാദിത്വമുള്ളവർ ഒളിച്ചോടുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും വർഷംതോറും സാമ്പത്തികവർധന ഏർപ്പെടുത്തുന്ന ഭരണനേതൃത്വങ്ങൾ പ്രവർത്തനവൈകല്യംമൂലം സാമ്പത്തികതകർച്ച നേരിടുന്ന സർക്കാർവക സ്ഥാപനങ്ങളുടെയും കമ്പനികളുടെയും ബോർഡുകളുടെയും കടങ്ങളും നഷ്ടങ്ങളും എഴുതിത്തള്ളുമ്പോൾ പാവപ്പെട്ട കർഷകരെയും തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെയും സാധാരണക്കാരെയും നിർദ്ദയം അവഗണിക്കുന്ന അനീതി സ്വതന്ത്രഭാരതത്തിൽ പതിറ്റാണ്ടുകളായി തുടരുന്നു.

കാർഷികോൽപന്നങ്ങളുടെയും നാണ്യവിളകളുടെയും വിലത്തകർച്ചയോടൊപ്പം വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളിക്ഷാമം, വർദ്ധിച്ച ഉൽപാദനച്ചെലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, ഭൂപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ കർഷകരുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും സാധിക്കുന്നില്ലെങ്കിൽ വരുംനാളുകളിൽ കർഷക കൂട്ടയാത്മഹത്യകൾ പെരുകുമെന്നുറപ്പാണ്.

വിത്തുകളുടെ നിയന്ത്രണം പൂർണ്ണമായും കർഷകനു വേണം. കാർഷികപുരോഗതി കർഷകന്റെ കണ്ടുപിടിത്തങ്ങളിൽ നിന്നാണുണ്ടാകേണ്ടത്. കർഷകന്റെ പ്രായോഗിക അറിവും ബുദ്ധിയും കഴിവും ശാസ്ത്രത്തിന്റെ പിൻബലത്തോടെ കർമ്മനിരതമാക്കാനുള്ള പദ്ധതികളാണ് ദീർഘവീക്ഷണത്തോടെ സർക്കാരുകൾ നടപ്പാക്കേണ്ടത്. അതിജീവനത്തിനായി കർഷകർ സംഘടിച്ച് പുത്തൻ സംരംഭങ്ങൾ ആരംഭിച്ചാൽ മാത്രമേ സ്വാതന്ത്ര്യത്തിന്റെ 75 വർഷം പിന്നിടുന്ന ഇനിയുള്ള നാളുകളിൽ കാർഷികമേഖലയ്ക്ക് പിടിച്ചുനിൽക്കാനാവൂ.

രാജ്യത്തെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റാൻ ആവശ്യമായ ഭക്ഷ്യവസ്തുക്കളും, കോടിക്കണക്കിനു ജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന വ്യവസായസംരംഭങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കളും ഉൽപാദിപ്പിക്കുകയും കയറ്റുമതിയിലൂടെ സർക്കാരിനു കോടിക്കണക്കിനു രൂപയുടെ വരുമാനം നേടിക്കൊടുക്കുകയും ചെയ്യുന്ന കർഷകരെയും കാർഷികവൃത്തിയെയും വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കുവാൻ സർക്കാരുകൾ പരാജയപ്പെട്ടു. മണ്ണിനെ സ്നേഹിച്ച്, മരങ്ങൾ വച്ചുപിടിപ്പിച്ച് പകലന്തിയോളം വെയിലിനെയും മഴയെയും അവഗണിച്ച് പണിയെടുക്കുന്ന കർഷകന്റെ കഷ്ടപ്പാടിന്റെ കണ്ണീരൊപ്പാൻ തയ്യാറാകാതെ പലരും കാലങ്ങളായി മുഖംതിരിഞ്ഞു നിൽക്കുന്നത് വേദനാജനകംതന്നെ. ■

## ജിസ്മോന് ഏറ്റവും ഉയർന്ന ആർബിറ്റർ ടൈറ്റിൽ

മഹാബലിപുരം: ലോക ചെസ് ഒളിമ്പ്യാഡിനോടനുബന്ധിച്ചു നടന്ന ഫിഡേ കോൺഗ്രസിന്റെ സമാപനത്തിൽ ലോക ചെസ് ഫെഡറേഷന്റെ അംഗീകാരം മലയാളിക്കും. 'ഇന്റർനാഷണൽ ആർബിറ്റർ'(റഫറി) എന്ന ടൈറ്റിൽ മലയാളിയായ ജിസ്മോൻ മാത്യുവിനു നല്കാൻ ലോകചെസ് ഫെഡറേഷൻ തീരുമാനിച്ചു. എല്ലാ നോമുകളും ജിസ്മോൻ വിജയകരമായി പൂർത്തിയാക്കിയതായി ഫെഡറേഷൻ വിലയിരുത്തി. ഗ്രാൻഡ് മാസ്റ്റർ ടൂർണമെന്റുകൾ, ലോകചെസ് ചാമ്പ്യൻഷിപ്പുകൾ എന്നിവയിൽ ചീഫ് ആർബിറ്ററാകാനുള്ള യോഗ്യതയാണു ജിസ്മോനു ലഭിച്ചത്.

ലോകചെസ് ഫെഡറേഷന്റെ ഫിഡേ ആർബിറ്റർ ടൈറ്റിൽ ആദ്യമായി കേരളത്തിൽ എത്തിയത് ജിസ്മോൻ വഴിയായിരുന്നു. ചെസ് അസോസിയേഷൻ കേരളയുടെ ആദ്യഫിഡേ



ആർബിറ്റർ. ലോകയൂത്ത് ഒളിമ്പ്യാഡ്, കോമൺവെൽത്ത് ചെസ് ചാമ്പ്യൻഷിപ്പ്, ഗീതം വിസാഗ് ഗ്രാൻഡ്മാസ്റ്റർ ചെസ് എന്നീ മത്സരവേദികളിൽ കഴിവു തെളിയിച്ച് തനിക്കാവശ്യമായ നോമുകൾ കരഗതമാക്കാൻ ജിസ്മോനു പത്തുവർഷം നീക്കിവയ്ക്കേണ്ടി വന്നു.

പത്താംക്ലാസ്സിൽ പഠിക്കുമ്പോഴാണു ജിസ്മോൻ യാദൃച്ഛികമായി ചെസ് ലോകത്ത് എത്തിയത്. വീടിനു സമീപത്തെ ചെറിയ കടയിൽനിന്നു തുടങ്ങിയ കരുനീക്കം ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ അന്താരാഷ്ട്രറേറ്റിംഗ് നേടുന്ന കളിക്കാരനിലെത്തി.

ഇന്റർനാഷണൽ ഷോട്ടോക്കാൻ കരാട്ടേയിൽ ബ്ലാക്ക് ബെൽറ്റ് വരെ പഠിച്ച ജിസ്മോൻ കരാട്ടെ ചാമ്പ്യൻഷിപ്പുകളിലും നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. വലിയകുമാരമംഗലം (മൂന്നിലവ്) സെന്റ് പോൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഗണിതശാസ്ത്രാധ്യാപകനാണ്. തുടങ്ങനാട് സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപികയായ ഭാര്യ ജിനുമോൾ ചെസിൽ ഇന്റർനാഷണൽ ആർബിറ്ററായത് അടുത്ത കാലത്താണ്. മകൻ ഒലീവിയോ ജിസ്മോൻ.

# ബുദ്ധിവികാസത്തിനും സ്വരമാധുരിക്കും

കാർഷികം

ജോഷി മുഞ്ഞനാട്ട്





ബുദ്ധിവികാസത്തിന് പ്രകൃതിദത്ത ഒറ്റമൂലിയായി കാണുന്ന വയമ്പിന്റെ ശാസ്ത്രനാമം അക്കോറസ് കലാമസ് എന്നാണ്. ഇവ 'അരേസി' കുടുംബത്തിൽപ്പെടുന്നു. വയമ്പിന്റെ സസ്യശരീരമാസകലം കലാമസ് തൈലം അടങ്ങിയിരിക്കുന്നു. ഇവയുടെ വേരിൽ 'അക്കോറിൻ' എന്ന ഗ്ലൂക്കോസൈഡ് ധാരാളമുണ്ട്. ഒപ്പംതന്നെ, കലാമിൻ, കലാമോൾ, കലാമിനോൺ എന്നീ ഘടകങ്ങളടങ്ങിയ ബാഷ്പശീലതൈലവും. തണ്ടിലും ഇലകളിലും കലാമസ് തൈലത്തോടൊപ്പം ഓക്സാലിക് അമ്ലത്തിന്റെ സാന്നിധ്യവുമുണ്ട്.

ഒട്ടനവവധി ഔഷധഗുണങ്ങളുടെ ഉറവിടമാണു വയമ്പ്. കൊച്ചുകുട്ടികൾക്ക് തേനും വയമ്പും നൽകുന്നത് പണ്ടുകാലം മുതലേ ഉള്ള ശീലമാണ്.

ബുദ്ധിവികാസത്തിനു മാത്രമല്ല, ഗായകർക്ക് സ്വരമാധുര്യം നൽകുന്ന മരുന്നുകൂടിയാണിത്. കൂടാതെ, വില്ലൻചുമയ്ക്കും പ്രതിവിധിയായി ഇവ ഉപയോഗിക്കുന്നു. പലവിധ രോഗങ്ങളെ തടയാനുള്ള കഴിവ് വയമ്പിനുണ്ട്. ദഹനം വളരെ എളുപ്പമാക്കുന്നു വയമ്പ്. കൂടാതെ ശീതളപാനീയങ്ങൾക്ക് ഗന്ധരുചി നൽകാനും വയമ്പിന്റെ വേര് ഉപയോഗിക്കാറുണ്ട്. പല്ലിനും മോണയ്ക്കും തൊണ്ടയ്ക്കും ഉത്തമം.

പാർശ്വഫലങ്ങളില്ലാതെ തന്നെ ഒട്ടനവധി വലുതും ചെറുതുമായ രോഗങ്ങൾക്ക് ആശ്വാസമേകുന്ന വയമ്പിന് കമ്പോളത്തിൽ പ്രിയമേറുകയാണ്. വയമ്പു തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഉപയോഗിച്ചുവരുന്നു.

സാധാരണമായി കിഴങ്ങു മുറിച്ചുനട്ടാണ് ഇവയുടെ വംശവർദ്ധന. ഏപ്രിൽ ആദ്യവാരമാണ് നടീലിന് ഉചിതമെങ്കിലും മറ്റു സമയത്തും നടാം.

ആഴത്തിൽ കിളച്ചൊരുക്കിയ കൃഷിയിടത്തിൽ ചെറുകുഴികളെടുത്ത് ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ വളമായി ച്ചേർത്തു നടാം.

നട്ട് മൂന്നാം മാസം മണ്ണുകൂട്ടിക്കൊടുക്കുന്നത് വിളവിന് ആക്കം കൂട്ടും. മണ്ണിൽ നനവ് നിലനിറുത്തുവാൻ ശ്രദ്ധിക്കണം. ഇവയ്ക്ക് ജൈവവളങ്ങൾ മാത്രം നൽകിയാൽ മതിയാകും. 245-290 ദിവസംവരെയാണ് വയമ്പിന്റെ വിളകാലം. നന്നായി പരിപാലിച്ചാൽ നല്ല ആദായം നേടുവാൻ കഴിയും. അങ്ങാടിമരുന്നുകടകൾ, ആയുർവേദഔഷധശാലകൾ തുടങ്ങിയവയാണ് പ്രധാനമായും ഇതിന്റെ ആവശ്യക്കാർ.


സ്ഥലസൗകര്യം കുറഞ്ഞവർക്ക് ചാക്കിലോ പോളിത്തീൻ ബാഗിലോ മണ്ണ്, ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്തും നടാം.

■

## വായന

### വഴിവിളക്ക്

ഗ്രന്ഥകർത്രി : വത്സാ ജോസ് കാപ്പിൽ
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 100 ₹




സുദൃഢവും സുതാര്യവുമായ ഗുരുശിഷ്യബന്ധങ്ങൾ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ഒരു പുനർവിചിന്തനത്തിന് ഉപകരിക്കുന്ന ഉത്തമമായ ചിന്തകൾ അനുവാചകർക്കു പകർന്നു നല്കാൻ പര്യാപ്തമാണ് 'വഴിവിളക്കി' ലെ അനുഭവങ്ങൾ. വലിയ കാര്യങ്ങൾ ചെയ്യുന്നിതിനെക്കാൾ, ചെറിയ കാര്യങ്ങൾ വലിയ സന്തോഷത്തോടെ ചെയ്യാൻ ഈ ഗ്രന്ഥം പ്രചോദിപ്പിക്കുന്നു.

---

### അശ്വാരൂഢൻ

ഗ്രന്ഥകർത്താ : വി.പി. ജോൺസ്
പ്രസാധനം : ഗയ പുത്തകച്ചാല, തൃശൂർ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 ₹




യുദ്ധം മനുഷ്യരിൽ ഉണങ്ങാത്ത മുറിവുണ്ടാക്കുന്നു. ഒറ്റനിമിഷംകൊണ്ട് മനുഷ്യന് എല്ലാം നഷ്ടമാകുന്നു. കണ്ണടച്ചുതുറക്കുംമുമ്പേ എല്ലാം കത്തിച്ചാമ്പലാകും. നഗരങ്ങൾ ശവപ്പറമ്പാകും. യുദ്ധം യഥാർത്ഥത്തിൽ ആർക്കുവേണ്ടി? എന്തിനുവേണ്ടി? ഏതൊരു മനുഷ്യനും നഷ്ടങ്ങൾ മാത്രം നൽകുന്ന യുദ്ധമെപ്പോഴും ലോകത്ത് അരങ്ങുവാഴുന്നു. സ്തോഭജനകമായ നിരവധി അനുഭവങ്ങളെയും സന്ദർഭങ്ങളെയും നാടകീയ ഭംഗിയോടെ ഈ കൃതി അവതരിപ്പിക്കുന്നു. യുദ്ധവും പ്രതികാരവാഞ്ഛയും പ്രേമവുമാണ് ഈ കൃതിയിലെ പ്രധാന ബിന്ദുക്കൾ.

---

### ജ്ഞാനവചസ്സുകൾ

ഗ്രന്ഥകർത്താ : ജോസ് ഇടിക്കുള
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 ₹



ദൈവത്തെ അറിഞ്ഞുസ്നേഹിച്ച് വിശ്വാസത്തിലുറയ്ക്കാൻ ഉതകുന്ന വചനവിചിന്തനങ്ങൾ. മനുഷ്യജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും അന്വേഷിക്കുന്നവർക്കുമുമ്പിൽ ഇതിലെ ഓരോ വാക്കും വഴിവെളിച്ചമായിത്തീരുന്നു. തികച്ചും ബൈബിളധിഷ്ഠിതമെങ്കിൽത്തന്നെയും സത്യത്തിലും നീതിയിലും ചുവടുറപ്പിച്ച് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ജീവിതചിന്തകൾ ദൈവസ്നേഹത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്ന നാനാജാതിമതസ്ഥർക്കും സ്വീകാര്യമാകുമെന്നുറപ്പ്.

## ഊഷരം (24)

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

സുഗന്ധസസ്യങ്ങളുടെയും പരിമളദ്രവ്യങ്ങളുടെയും നാഥനായവനു തന്റെ വാഴ്‌വിലെ വാസത്തിനിടയിൽ ലഭിച്ച ഒരു തൈലാഭിഷേകം. അതും ഒരു നാരിയിൽനിന്ന്. പണപ്രേമികൾക്കും ദുരാഗ്രഹികൾക്കും അവളുടെ ചെയ്തി ഒരു പാഴ്ച്ചെലവായപ്പോൾ കർത്താവിന് അത് സദ്പ്രവൃത്തിയും മഹത്തായ നിക്ഷേപവുമായി. സമ്പന്നരും സംപൂജ്യരുമായ പലരും അവന്റെ മിത്രങ്ങളും ശ്രോതാക്കളുമായുണ്ടായിരുന്നു. എങ്കിലും, അവർക്കൊന്നും തോന്നാതിരുന്നത് ഒരു സ്ത്രീക്കു തോന്നി. അതുകൊണ്ടുതന്നെ അവളുടെ പേരും പ്രവൃത്തിയും വേദഗ്രന്ഥത്തിന്റെ ഏടുകളിൽ ഇടം നേടി. നമ്മുടെ ഹൃദയമാകുന്ന ബഥാനിയായിൽ എത്രയോ തവണ നമ്മുടെ നാഥൻ അതിഥിയായി എത്തിയിട്ടുണ്ട്. അവനെ ആതിഥ്യമര്യാദകളോടെ നാം സ്വാഗതം ചെയ്തിട്ടുണ്ടോ, സ്വീകരിച്ചിട്ടുണ്ടോ, സൽക്കരിച്ചിട്ടുണ്ടോ? ഓർക്കണം, നാം വിളമ്പിക്കൊടുക്കുന്ന ആത്മീയവിഭവങ്ങളാണ് പൈദാഹങ്ങൾ അകറ്റി അവനെ സംതൃപ്തനാക്കുന്നത്. അവയിൽ പ്രഥമം നമ്മുടെ അനുതാപം തന്നെ. ഹൃദയമാകുന്ന വെൺകൽഭരണിയിൽ മനസ്താപത്തിന്റെ നാർദിൻ നിറച്ചുവയ്ക്കാം.



## അഭിഷേകം

സമ്പത്തും സംഭാവനകളുമൊക്കെ നാം അവനെപ്രതി കൊടുത്തിട്ടുള്ളവ നല്ലതുതന്നെ. അവയോടൊപ്പം, അവയെക്കാളുപരി അവൻ മാത്രം കാണുന്ന നമ്മുടെ ഹൃദയം അർപ്പിച്ചിട്ടുണ്ടോ? ബഥാനിയായിലെ പെൺപിറന്നവൾ കർത്താവിന്റെ ശിരസ്സു പൂശിയത് അവളിലെ പശ്ചാത്താപത്തിന്റെ പനിനീരുകൊണ്ടായിരുന്നു. അതിന്റെ പരിമളത്തിലാണ് അവൻ ആകൃഷ്ടനായത്. അതുകൊണ്ടാണ് അത് ശിമയോൻ വിളമ്പിവച്ചവയെക്കാൾ രുചികരമായി തോന്നിയതും. ശിമയോന്റേത് ഭൗതികവിഭവങ്ങളായിരുന്നെങ്കിൽ അവളുടേത് ആത്മീയമായിരുന്നു. അവൻ വിരുന്നൊരുക്കിയത് തന്റെ ഊട്ടുമുറിയിലെ വട്ടമേശയിലായിരുന്നെങ്കിൽ അവൾ തന്റെ പൊട്ടിത്തകർന്ന ഉൾത്തടത്തിലായിരുന്നു. നാം കൊടുക്കുന്നതിന്റെ ഭാരമല്ല, കൊടുക്കുമ്പോഴുള്ള നമ്മുടെ ഭാവമാണ് കർത്താവ് കണക്കിലെടുക്കുക. ആരുടെയും ആത്മീയതയെയും ഭക്തിപ്രകടനങ്ങളെയും പാഴ്‌വേലയായി കാണുകയോ വിമർശിക്കുകയോ ചെയ്യാതിരിക്കാം. ദൈവം അവയ്ക്കൊക്കെ നാമറിയാതെ വ്യാഖ്യാനവും അർത്ഥവും നല്കുന്നുണ്ട്. ആത്മീയതയെ കമ്പോളക്കണ്ണുകൾകൊണ്ട്, ലാഭനഷ്ടങ്ങളുടെ ത്രാസിൽ തൂക്കി നോക്കരുത്. വിശ്വാസജീവിതത്തിൽ ലാഭങ്ങൾ മാത്രമല്ല, ചില നഷ്ടങ്ങളുമുണ്ടാകാം. ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നതാണു പ്രധാനം. ആശിച്ച അനുഗ്രഹങ്ങൾ കിട്ടാതെ വരുമ്പോൾ ഇട്ടെറിഞ്ഞുപോകാനുള്ളതല്ല വിശ്വാസം. നമ്മുടെ ജീവിതസാഹചര്യങ്ങളാകുന്ന ബഥാനിയായിൽ ശുദ്ധവും, മൂല്യമേറിയതുമായ കാണിക്കകൾ കർത്താവിനു നേദിക്കാനുള്ള നിയോഗമാണ് നമ്മുടേത്. അവയാൽ നമ്മുടെ ജീവിതം സൗരഭ്യപൂരിതമാകട്ടെ.

■

ദൈവത്തിനർഹമായത് യഥാസമയം യഥോചിതം കൊടുക്കുന്നവരിലാണ് അവിടുത്തെ ദൃഷ്ടി പതിയുക. മനുഷ്യർക്കു കാണാൻ കഴിയുന്ന തരത്തിലുള്ള

*കർദിനാൾ റോബർട്ട് സറായുടെ ‘എന്നന്നേക്കും’ (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ അവലോകനം*

# പുരോഹിതനായിരിക്കുന്നതിലെ ആനന്ദം

## XVI



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ക**ഴിഞ്ഞ അധ്യായങ്ങളിൽ താൻ പ്രധാനമായും വിശുദ്ധരെയും മാർപാപ്പാമാരെയും, ഒറ്റവാക്കിൽ പറഞ്ഞാൽ, സഭയെ ശ്രവിക്കാനാണ് അവസരം ഒരുക്കിയതെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നു. ഈ സമാപനപേജുകളിൽ കൂടുതൽ വ്യക്തിഗതമായ ചില കാര്യങ്ങൾ കുറിക്കുവാൻ അനുവദിച്ചാലും എന്നാണ് ഗ്രന്ഥകാരൻ ഈ അധ്യായത്തിൽ ആദ്യം തന്നെ എഴുതുന്നത്.

**വിസ്മയം**

“നിങ്ങളോട് ഒരു കാര്യം പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ ദിവസവും ഓരോ പ്രഭാതത്തിലും പ്രദോഷത്തിലും പൗരോഹിത്യത്തിലേക്ക് എന്നെ വിളിച്ച നല്ല ദൈവത്തിന്റെ കൃപയെ ഓർത്ത് ഞാൻ വിസ്മയഭരിതനാകുന്നു. എങ്ങനെയാണ്, തീർത്തും നിസ്സാരനായ എന്നെ കടാക്ഷിക്കുവാൻ ഈശോയ്ക്കു കഴിഞ്ഞതെന്നു സ്മരിച്ച് എല്ലാ ദിവസവും ഞാൻ ആശ്ചര്യപ്പെടുന്നു. അവിടുത്തെ പുരോഹിതനായി എന്തുകൊണ്ട് എന്നെ തിരഞ്ഞെടുത്തു? വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ ഗിനേ എന്ന രാജ്യത്തിലെ ‘ഉറൂസ്’ എന്ന വളരെ ചെറിയ ഗ്രാമത്തിലെ കൊച്ചുപയ്യനെത്തേടി കർത്താവ് എന്തുകൊണ്ടെത്തി? എന്തുകൊണ്ട് എന്നെ? അജ്ഞനും അയോഗ്യനുമായ ഈ എന്നെ?”

**ആനന്ദം**

ഇപ്രകാരം വിനയാന്വിതനായി സ്വയം ചോദ്യങ്ങൾ ചോദിക്കുന്ന കർദിനാൾ ഓരോ ദിവസവും ഈ ഉദാരമായ ദൈവദാനത്തിന്റെ ആഴവും പരപ്പും അനുഭവിച്ചറിയുന്നു. ഈ അവബോധം സുസ്ഥിരമായ ശാന്തിയുടെയും ആനന്ദത്തിന്റെയും വറ്റാത്ത സ്രോതസ്സാണ് എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. അതേ, എല്ലാദിവസവും വിശുദ്ധകുർബാനയാകുന്ന ബലി അർപ്പിക്കുവാൻ എനിക്കു സാധിക്കുന്നു; എല്ലാ ദിവസവും മിശിഹായോടുകൂടി കാൽവരി കയറുന്നു. അനുദിനം അവിടുത്തോടൊപ്പം സ്ലീവായിൽ മരിക്കുന്നു. എല്ലാ ദിവസവും മിശിഹായോടൊപ്പം ഞാൻ പ്രാർത്ഥിക്കുന്നു; ലോകം മുഴുവനുംവേണ്ടി മാധ്യസ്ഥ്യം യാചിക്കുന്നു.”

സാർവത്രികസഭയോടു ചേർന്ന് ദൈവത്തെ സ്തുതിക്കാനും അവിടുത്തേക്കു ശുശ്രൂഷ ചെയ്യാനും നിരന്തരം അവിടുത്തെ തിരുമുമ്പിൽ നില്ക്കാനും നമ്മളെ പ്രാപ്തരാക്കുന്ന അമൂല്യനിധിയാണ് യാമപ്രാർത്ഥന എന്നും കർദിനാൾ സറാ പഠിപ്പിക്കുന്നു.

ഇപ്രകാരം തന്റെ പൗരോഹിത്യഹൃദയം നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കുന്ന കർദിനാൾ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ദിവ്യകാരുണ്യസന്നിധിയിലുള്ള ആരാധനയുടെയും പ്രാധാന്യം എടുത്തുപറയുന്നുണ്ട്.

മാനുഷികമായി ചിന്തിക്കുമ്പോൾ, ഈ ജീവിതക്രമം താങ്ങാനാവാത്ത ഭാരമായി തോന്നിയേക്കാമെങ്കിലും ഈശോ ഈ കുരിശുവഹിക്കാൻ പുരോഹിതനെ സഹായിക്കുമെന്ന് കർദ്ദിനാൾ സറാ നിരീക്ഷിക്കുന്നു.

**ജോൺ പോൾ രണ്ടാമൻ**

തന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ് കർദിനാൾ സറാ തുടർന്നു വിവരിക്കുന്നത്. 1992 ഫെബ്രുവരിമാസത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഗിനേയിൽ അപ്പസ്തോലികസന്ദർശനം നടത്തി. വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്ന പ്രസ്തുത സന്ദർശനാവസരത്തിൽ ഫെബ്രുവരി 25-ാം തീയതി തലസ്ഥാനനഗരിയിലെ സ്റ്റേഡിയത്തിൽവച്ച് മൂന്നു ഡീക്കന്മാർക്ക് മാർപാപ്പാ വൈദികപട്ടം നല്കി. തദവസരത്തിൽ അദ്ദേഹം നടത്തിയ പ്രഭാഷണം തന്റെ കാതുകളിൽ



ഇപ്പോഴും മാറ്റൊലിക്കൊള്ളുന്നതായി അന്ന് ആ തലസ്ഥാനനഗരിയായ കൊണാക്രിയുടെ മെത്രാപ്പോലീത്താ ആയിരുന്ന കർദിനാൾ റോബർട്ട് സറാ സാക്ഷ്യപ്പെടുത്തുന്നു.

**പൗരോഹിത്യം**

ശക്തമായ ഭാഷയിൽ പരിശുദ്ധപിതാവ് ആ നവവൈദികരോടു പറഞ്ഞു: “കർത്താവീശോമിശിഹാ ഗാഗുൽത്തായിൽ രക്തംചിന്തി അർപ്പിച്ച ബലിയാണ് അവിടുന്നു പാനം ചെയ്ത രക്ഷയുടെ കാസാ. ഈ ബലിയിലൂടെയാണ് സേവകനും മോചനദ്രവ്യവുമായ മിശിഹാ മർത്ത്യകുലത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കിയത്. കർത്താവുതന്നെ അരുൾചെയ്ത വാക്കുകൾ – “സേവിക്കപ്പെടാനല്ല സേവിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ അർപ്പിക്കാനുമാണു മനുഷ്യപുത്രൻ വന്നിരിക്കുന്നത്” – ഇവിടെ പരിശുദ്ധപിതാവ് ഉദ്ധരിക്കുകയും അതേ സേവനചൈതന്യമുള്ളവരായിരിക്കണമെന്ന് നവവൈദികരോട് ആഹ്വാനം ചെയ്യുകയും ചെയ്തു.

പരിശുദ്ധപിതാവ് നവവൈദികരോട് ദൈവവിളിയുടെ മാഹാത്മ്യം വിശദീകരിക്കുന്ന ഭാഗമാണ് തുടർന്നുവരുന്നത്: “സന്തോഷത്തോടെ ഈ ദൈവവിളിക്കു പ്രത്യുത്തരം നല്കിക്കൊണ്ട് നിങ്ങൾ ആകർഷകമായ ഒരു കരാറിലാണ് ഏർപ്പെടുന്നത്. ഈ തീരുമാനം സ്വതന്ത്രവും നിരുപാധികവുമാണ്. അങ്ങനെ നിങ്ങൾ നിങ്ങളുടെ അസ്തിത്വത്തെ കർത്താവിനും അവിടുത്തെ സഭയ്ക്കും സമർപ്പിക്കുകയാണ്. ദാമ്പത്യജീവിതവും കുടുംബജീവിതവും വേണ്ടന്നുവച്ച് നിങ്ങൾ പരിശുദ്ധവും പരിപൂർണവുമായ സംലഭ്യതയോടെ കർത്താവിന് സ്വയം സമർപ്പിക്കുന്നു. പൗരോഹിത്യത്തിലേക്കു നിങ്ങളെ സ്വീകരിക്കുന്ന അഭിവന്ദ്യമെത്രാന് നിങ്ങൾ എളിയ മനസ്സോടെ അനുസരണം വാഗ്ദാനം ചെയ്യുന്നു. അതുവഴി നിങ്ങൾ മിശിഹായോടും സഭയോടും ഉള്ള വിധേയത്വത്തോടെ വൈദികസംഘത്തിന്റെ ഭാഗമെന്ന നിലയിൽ കൂട്ടായ ദൗത്യത്തിൽ പങ്കുചേരുന്നു. കർത്താവിനോടുള്ള ആത്മബന്ധത്തിൽ അടിയുറച്ചുനിന്നുകൊണ്ട് ഫലസമൃദ്ധമായ ശുശ്രൂഷ നിർവഹിക്കുവാൻവേണ്ടി സഭയുടെ ആരാധനക്രമത്തിലും പ്രാർത്ഥനയിലും വിശ്വസ്തതയോടെ ഭാഗഭാക്കാകാൻ നിങ്ങൾ പ്രതിജ്ഞയെടുക്കുന്നു.”

പരിശുദ്ധപിതാവ് തുടർന്ന്, ഈ ശുശ്രൂഷാപൗരോഹിത്യംവഴി ഓരോ വൈദികനും പ്രത്യേകമാംവിധം, പുതിയ ഉടമ്പടിയിലെ നിത്യനും അനന്യനുമായ ഏകപുരോഹിതനായ മിശിഹായോട് ഐക്യത്തിൽ കഴിയുന്നു എന്ന് ഉദ്ബോധിപ്പിക്കുന്നു. കൈവയ്പുശുശ്രൂഷവഴി വൈദികർ പൂർണമായും പരിശുദ്ധ റൂഹായാൽ പവിത്രീകൃതരാകുന്നു. കരങ്ങൾ പൂശപ്പെടുന്നതുവഴി മിശിഹായുടെ നാമത്തിൽ ദൈവപിതാവിന് ദിവ്യകാരുണ്യബലി അർപ്പിക്കുവാനുള്ള ദിവ്യദാനം വൈദികർക്കു ലഭിക്കുന്നു എന്നും പരിശുദ്ധ പിതാവ് വിശദീകരിക്കുന്നു.

‘പുരോഹിതന്റെ പ്രേഷിതദൗത്യത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധകുർബാനയാണ്,’ എന്നും ‘ദിവ്യരക്ഷകന്റെ പരമോന്നതബലിയിൽ അനുദിനം ഭാഗഭാക്കാകുകവഴി പുരോഹിതൻ തന്നോടൊപ്പം മനുഷ്യവംശം മുഴുവനെയും സ്നേഹനിധിയായ ദൈവത്തിന് സമർപ്പിക്കുന്നുവെന്നും വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ തന്റെ പ്രഭാഷണത്തിൽ വ്യക്തമാക്കി. അദ്ദേഹം തുടർന്നു: ‘‘കർത്താവിന്റെ മാതൃക പിൻചെന്ന് ഏറ്റവും എളിയവരോട് അടുപ്പം പാലിക്കുക. വേദനിക്കുന്നവരെ ശ്രവിക്കുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്യുക.” നല്ലയിടയനായ ഈശോയെ അനുകരിച്ച് എപ്പോഴും ആത്മാക്കളുടെ രക്ഷയിൽ തത്പരരാകാനാണ് പ്രസംഗം സമാപിപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവ് വി. ജോൺപോൾ രണ്ടാമൻ ഉപദേശിച്ചത്.

**മാർപാപ്പായുടെ ഊറാറ**

തിരുപ്പട്ടദാനശുശ്രൂഷകളെത്തുടർന്ന് ഗിനേയിലെ യുവജനങ്ങളുമായുള്ള കൂടിക്കാഴ്ചയായിരുന്നു. വളരെ ദീർഘമായ പരിപാടികൾക്കുശേഷം തലസ്ഥാനനഗരിയായ കൊണാക്രി അതിരൂപതാ കേന്ദ്രത്തിൽ രാത്രിവിശ്രമത്തിനായി എത്തിയ മാർപാപ്പാ ഏറെ പരിക്ഷീണിതനായിരുന്നു. എങ്കിലും, അവിടെയുള്ള ഗ്രോട്ടോയിൽ പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപത്തിൽ കിരീടം അണിയിക്കുകയും അവിടെ മുട്ടുകുത്തി വളരെ നേരം നിശ്ശബ്ദനായി പ്രാർത്ഥിക്കുകയും ചെയ്തു. അവിടെ സന്നിഹിതരായിരുന്ന വൈദികർക്കെല്ലാം ദൈവമാതൃഭക്തിയിൽ പാഠമായിരുന്നു അത്. ഈശോയുടെ അമ്മയാണ് പൗരോഹിത്യത്തിന്റെ അമ്മ.

കർദിനാൾ സറാ തുടർന്ന് എഴുതുന്നു: “പ്രാർത്ഥന കഴിഞ്ഞ് എണീറ്റ പരിശുദ്ധപിതാവ് സാവധാനം എന്റെ അടുക്കൽ വന്ന് അദ്ദേഹം അണിഞ്ഞിരുന്ന ഊറാറ ഊരി എന്റെ തോളുകളിൽ ധരിപ്പിച്ചു. ഞാനാകെ സ്തംഭിച്ചു പോയി. ഇത് എന്താണു സൂചിപ്പിക്കുന്നത് എന്നു ഗ്രഹിക്കുവാൻ ഞാൻ കുറച്ചു സമയം എടുത്തു.” ഹൃദയസ്പർശിയായ ഈ വിവരണത്തെത്തുടർന്ന് കർദിനാൾ സറാ ഊറാറയെക്കുറിച്ച് അഗാധമായ കാഴ്ചപ്പാട് പങ്കുവയ്ക്കുന്നു.

ഒരിക്കൽക്കൂടി തിരുപ്പട്ടം ലഭിച്ചതുപോലെയും പരിശുദ്ധപിതാവിലൂടെ മിശിഹാ തന്നെയാണ് ഈ ഊറാറ തന്നെ ധരിപ്പിച്ചതെന്നും അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഈശോ പറയുകയാണ്: ‘‘പോവുക, എന്റെ അജഗണത്തിന്റെ ഇടയനായിരിക്കുക. അവരെ നയിക്കുക, അവരെ സ്നേഹിക്കുക, അവരെ നയിക്കുക, പഠിപ്പിക്കുക, അതിലെല്ലാം ഉപരിയായി എന്റെ ശരീരവും രക്തവുംകൊണ്ട് അവരെ പരിപോഷിപ്പിക്കുക. എന്നോടൊപ്പം ആത്മാക്കളെ നേടാനായി നീയും വരിക.” ഇപ്രകാരം ആത്മഗതം ചെയ്യുന്ന കർദിനാൾ സറാ, വൈദികരോട് ഓരോ തവണ ഊറാറ ധരിക്കുമ്പോഴും ഈ ചിന്തകൾ ഓർമിക്കണമെന്നും യാതൊരു കാരണത്താലും നഷ്ടധൈര്യരാകരുതെന്നും ഉപദേശിക്കുന്നു.

**എന്നന്നേക്കും**

ഈശോമിശിഹാ എപ്പോഴും വൈദികനോടൊപ്പം ഉള്ളതുകൊണ്ട് പുരോഹിതനായിരിക്കുന്നതിലുള്ള ആനന്ദം അവനു നഷ്ടമാവുകയില്ല.

സഭാനൗക കാറ്റിലും കോളിലും മുങ്ങിത്താഴുമെന്നു തോന്നിയാലും മിശിഹാ അവിടെ സദാ സന്നിഹിതനാണ്. അവിടുന്ന് നിദ്രയിലാണെന്നു തോന്നിയാലും നമ്മുടെ ആനന്ദമായ മിശിഹാകർത്താവ് എപ്പോഴും പുരോഹിതന്റെ ഹൃദയത്തിൽ കുടികൊള്ളുന്നു. അതേ, അവിടുന്ന് അവിടെ വസിക്കുന്നത് എന്നേക്കുമാണ് (For the Eternity).

■



നോവൽ 27

# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

ആരാച്ചാർ നിരാശനായി. ആരാച്ചാരുടെ കൂട്ടാളികളും. കാഴ്ചക്കാരായി എത്തിയവരും അങ്ങനെതന്നെ.

എന്നാൽ, നിരാശയുടെ നെല്ലിപ്പലകയോളമെത്തിയത് ദേവസഹായമാണ്. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ സൂര്യൻ അസ്തമിച്ചുപോയി. അദ്ദേഹം വിലപിച്ചു:

“എന്റെ കർത്താവേ... ഈ ഭാഗ്യം ഞാനനുഭവിക്കുന്നതിന് യോഗ്യനല്ലെന്നു കണ്ടിട്ടാണോ എന്നെ വീണ്ടുമീ നിർഭാഗ്യാവസ്ഥയിൽ പ്രവേശിപ്പിച്ചത്... എങ്കിലും എന്റെ ഇഷ്ടമല്ലല്ലോ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.”

ദേവസഹായം അതിരുകളില്ലാത്ത സങ്കടം അനുഭവിച്ചു. താൻ സ്വർഗസൗഭാഗ്യം അനുഭവിക്കേണ്ടതിലേക്ക് ഇനിയും ലോകത്തിന്റെ ക്രൂരതകൾ അനുഭവിക്കേണ്ടിയിരിക്കുന്നു. എന്റെ അനവധിയായ പാപങ്ങൾ ഉരുകിത്തീരുംവരെ ഈ ലോകം എന്നോടു പ്രവർത്തിക്കും.

മരണത്തിൽനിന്നു രക്ഷപ്പെട്ടതിനെപ്രതി സന്തോഷിക്കുന്നതിനു പകരം സങ്കടപ്പെടുന്ന ഒരു മനുഷ്യനെ ആരാച്ചാരും കൂട്ടരും ആദ്യമായി കാണുകയായിരുന്നു. അവർ പറഞ്ഞു:

“ഇവനു ഭ്രാന്താണ്. കൊലക്കളത്തിലേക്ക് ആനന്ദത്തോടെ നടന്നുപോകുന്നു. മരണത്തിൽനിന്ന് രക്ഷപ്പെട്ടപ്പോൾ എന്തൊക്കെയോ പുലമ്പിക്കൊണ്ട് മടിച്ചുമടിച്ചു നടക്കുന്നു.”

കുളമക്കാട്ടുനിന്നും പത്മനാഭപുരം കോട്ടയിലെ തടവറയിലെത്തിയപ്പോഴേക്കും ദേവസഹായത്തിന്റെ സർവശേഷിയും നഷ്ടപ്പെട്ടിരുന്നു. വിശപ്പ് ഒരു വന്യമൃഗത്തെപ്പോലെ അദ്ദേഹത്തെ ആക്രമിച്ചു. ദാഹം പന്നഗത്തെപ്പോലെ അദ്ദേഹത്തെ ചുറ്റിവരിഞ്ഞു.

പടയാളികൾ പിറകോട്ടു കെട്ടിയിരുന്ന കൈകളഴിച്ചു. കൈകാലുകളിൽ വിലങ്ങു തറച്ചു. തടവറയ്ക്കുള്ളിലേക്കു തള്ളി. വലിയൊരു ശബ്ദത്തോടെ തടവറയുടെ വാതിലടഞ്ഞു.

തള്ളലിന്റെ ശക്തിയിൽ ദേവസഹായം വീണുപോയി. വീണപടി എത്രനേരം കിടന്നു? നിശ്ചയമില്ല. വിശപ്പും ദാഹവും അതിലേറെ ക്ഷീണവുംകൊണ്ട് എപ്പോഴേ ഉറങ്ങിപ്പോയി. ഒരു ചെറിയ കഷണം മരണം പോലെയായിരുന്നു ഉറക്കം.

പിന്നെയെപ്പോഴോ തടവറയുടെ വാതിൽ തുറക്കപ്പെട്ടു. വെളിച്ചം അകത്തേക്കു തള്ളിക്കയറിയപ്പോൾ ദേവസഹായം കണ്ണുതുറന്നു. നേരം മദ്ധ്യാഹ്നത്തോടടുക്കുന്നു എന്ന് ദേവസഹായത്തിനു മനസ്സിലായി. പടയാളികൾ അദ്ദേഹത്തിന്റെ വിലങ്ങുകൾ അഴിച്ചുമാറ്റി.

തടവറയുടെ കോണിലിരുന്ന മൺപാത്രം അപ്പോഴാണ് ദേവസഹായം കണ്ടത്. അതിലിരുന്ന വെള്ളം മതിയാവോളം കുടിച്ചു. വെള്ളത്തിന് വല്ലാത്തൊരു അരുചിയുണ്ടായിരുന്നു. പഴകിയ വെള്ളമായിരുന്നിരിക്കണം.

പടയാളികൾ ദേവസഹായത്തിനെ കുഴിത്തറവരെ നടത്തിക്കൊണ്ടുപോയി. തന്നെ എങ്ങോട്ടാണു കൊണ്ടുപോകുന്നതെന്ന് അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നില്ല.

ദേവസഹായംപിള്ളയെ എരുമപ്പുറത്തു കയറ്റി ഓരോ ഗ്രാമങ്ങളിലൂടെയും ചന്തസ്ഥലങ്ങളിലൂടെയും അങ്ങാടിത്തെരുവുകളിലൂടെയും കൊണ്ടുനടക്കാനും ക്രിസ്തുമതം ഉപേക്ഷിക്കാൻ ബ്രാഹ്മണരെക്കൊണ്ടുപദേശിപ്പിക്കാനും അനുസരിക്കാത്തപക്ഷം ദിവസവും ചൂരൽകൊണ്ട് മുപ്പത് അടിവീതം അടിക്കാനും അടിയേറ്റുണ്ടാകുന്ന മുറിവുകളിൽ മുളകരച്ചു തേച്ച് വെയിലത്തിരുത്തുവാനും മഹാരാജാവിന്റെ കല്പനയുണ്ടായിരുന്നു. ആ കല്പന ദേവസഹായം അറിഞ്ഞിരുന്നില്ല.

കുഴിത്തറയെത്തിയപ്പോൾ ഭടന്മാർ അദ്ദേഹത്തെ ചൂരൽകൊണ്ട് കണക്കറ്റ് പ്രഹരിച്ചു. മുപ്പതടി എന്ന രാജകല്പന അവർ തൃണവത്ഗണിച്ചുകളഞ്ഞു. ഓരോരുത്തരും മാറിമാറി അദ്ദേഹത്തെ പ്രഹരിച്ചു.

ദേവസഹായത്തിന്റെ ശരീരം പൊട്ടിപ്പിളർന്നു. മുറിവുകളിൽനിന്ന് രക്തവും വെള്ളവും പുറപ്പെട്ടു. പൊട്ടാത്തയിടങ്ങളിൽ ചൂരൽപ്പാടുകൾ തിണർത്തു കിടന്നു. ശക്തമായ അടികളേല്ക്കുമ്പോഴും ദേവസഹായം കരഞ്ഞില്ല. അയ്യോ എന്നൊരു ശബ്ദം പുറത്തു വന്നില്ല.



അപ്പോൾ ദേവസഹായത്തിന്റെ മനസ്സിൽ മനുഷ്യപുത്രൻ സഹിച്ച ചമ്മട്ടിയടികളായിരുന്നു. ഇളക്കം തട്ടാത്ത ധ്യാനത്തിന്റെ മൂർത്തനിമിഷങ്ങൾ...

ഭടന്മാർക്കും കാഴ്ചക്കാർക്കും അതിശയകരമായിരുന്നു ദേവസഹായത്തിന്റെ സഹനം. കണ്ടുനിന്നവർ ആ ക്രൂരത കാണാനാകാതെ കണ്ണുപൊത്തി. ചിലർ അയ്യോ എന്നു നിലവിളിച്ചു. ഭടന്മാർ അവരെ ചിതറിച്ചു.

മനുഷ്യനെ ശിക്ഷിക്കുവാൻ ദൈവം ഏതെങ്കിലും മൃഗങ്ങളെ കണ്ടെത്തേണ്ട കാര്യമില്ല. മനുഷ്യൻതന്നെ അതു ചെയ്യുന്നു. മനുഷ്യനെപ്പോലെ അതു ചെയ്യാൻ മറ്റാരുമില്ല. ചില മൃഗങ്ങൾ മറ്റു ജാതിയിലുള്ളവയെ ആക്രമിക്കുകയും സ്വജാതിയിലുള്ളവയെ സംരക്ഷിക്കുകയും ചെയ്യും. എന്നാൽ, മനുഷ്യവർഗം സ്വയം നശിപ്പിക്കുന്നു. മനുഷ്യൻ മനുഷ്യനോടു കുറുനരിയേക്കാൾ സൂത്രശാലിയും കടുവയെക്കാൾ ക്രൂരനും സിംഹത്തേക്കാൾ കർക്കശക്കാരനുമായി പ്രവർത്തിക്കുന്നു. ഒരർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യനെ കെട്ടഴിച്ചുവിട്ടാൽ അവൻ പിശാചും വിഷസർപ്പവുമായി പരിണമിക്കുമെന്ന് സന്ദേഹം വേണ്ട.

ചൂരൽപ്രയോഗത്താൽ പൊട്ടിപ്പിളർന്ന ദേവസഹായത്തിന്റെ ശരീരത്തിലെ മുറിവുകളിൽ ഭടന്മാർ അരച്ചെടുത്ത മുളകു തേച്ചു പിടിപ്പിച്ചു.

അസഹ്യമായിരുന്നു നീറ്റൽ. മുളകിന്റെ എരിവ് മുറിവുകളിലൂടെ, രോമകൂപങ്ങളിലൂടെ മാംസം തുളച്ച് അസ്ഥിയോളം ചെല്ലുന്നു. അസ്ഥികൾ പൊട്ടുന്നതുപോലെയും കരൾ പറിഞ്ഞുപോകുന്നതുപോലെയും ദേവസഹായത്തിനു തോന്നി.

ഒരു കാറ്റുപോലുംവന്ന് ദേവസഹായത്തിനെ തണുപ്പിച്ചില്ല. ഒരു പക്ഷിപ്പാട്ടുപോലും അദ്ദേഹത്തെ ആശ്വസിപ്പിച്ചില്ല. സൂര്യന്റെ അഗ്നിനഖങ്ങൾ മുളകിന്റെ നീറ്റലിനൊപ്പം ദേവസഹായത്തിലേക്കാഴ്ന്നിറങ്ങി. ആകാശം അടർന്നു വീഴുന്നതുപോലെയും ഭൂമി പിളരുന്നതുപോലെയും അനുഭവപ്പെട്ടു. നീർ നിറഞ്ഞ കണ്ണുകളിൽ കൊള്ളിമീനുകൾ മിന്നിമറഞ്ഞു. ദേവസഹായം ബോധംമറഞ്ഞ് നിലത്തു വീണു. അദ്ദേഹത്തിന്റെ വരണ്ട ചുണ്ടുകൾ സൂര്യനു നേരേ പിളർന്നിരുന്നു.

കാഴ്ചക്കാർക്കിടയിൽനിന്ന് ഒരു ചെറുപ്പക്കാരൻ ഒരു മൺപാത്രത്തിൽ വെള്ളവുമായി വന്ന് ദേവസഹായത്തിന്റെ ചുണ്ടുകൾക്കിടയിലേക്കൊഴിച്ചുകൊടുത്തു. തണുത്തവെള്ളം ചുണ്ടുകൾക്കിടയിലൂടെ കണ്ഠനാളത്തിലൂടെ, മൃതസഞ്ജീവനിപോലെ ആമാശയത്തിലേക്കൊഴുകി. ചെറുപ്പക്കാരൻ ദേവസഹായത്തിന്റെ മുഖം നനച്ചു.

രാജഭടന്മാരുടെ അനുവാദത്തോടെയായിരുന്നില്ല ചെറുപ്പക്കാരന്റെ ചെയ്തികൾ. രാജകിങ്കരന്മാർക്കത്ര പഥ്യമായില്ല. ഭടന്മാരിലൊരാൾ ചൂരൽകൊണ്ടു ചെറുപ്പക്കാരനെ ശക്തിയായി അടിച്ചു. അപ്രതീക്ഷിതമായുണ്ടായ പ്രഹരത്തിൽ ചെറുപ്പക്കാരൻ ഒന്നു പുളഞ്ഞു. പിന്നെ മൺകലം നിലത്തിട്ട് എഴുന്നേറ്റ് ഭടന്മാർക്കു നേരേ തിരിഞ്ഞു.

അരോഗദൃഢഗാത്രനായ യുവാവ്. വിരിഞ്ഞ മാറിടം. ഉറച്ചുരുണ്ട മാംസപേശികൾ. കാൽമുട്ടോളമെത്തുന്ന ബാഹുക്കൾ. അരയിൽ തിരുകിയ കലമാൻ കൊമ്പിന്റെ പിടിയുള്ള കഠാര.

ചെറുപ്പക്കാരന്റെ കണ്ണുകളിൽ സൂര്യൻ കത്തുന്നു. മുഖത്ത് ഒരു സമുദ്രക്ഷോഭത്തിന്റെ തിരയിളക്കങ്ങൾ. അവൻ അരയിൽ തിരുകിയിരുന്ന കഠാരപ്പിടിയിൽ കൈമുറുക്കി.

ഭടന്മാർ ആറുപേർ. പോരാളികൾ. പക്ഷേ, ആറുപേർക്കിവനൊരുത്തൻ മതി. രാജഭടന്മാർ നേരിയ ഭയത്തോടെ പിന്നാക്കം മാറി. എങ്കിലും അവർ അധികാരമുള്ളവരാണ്. അതിന്റെ അഹങ്കാരത്തോടെ ഭടന്മാരിലൊരാൾ ചോദിച്ചു:

“നിന്റെ പേരെന്ത്?”

“ശെൽവൻ.”

“നാട്...?”

“മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുമനസ്സ് വാണരുളുന്ന നാട് തന്നെ.”

ചെറുപ്പക്കാരന്റെ വാക്കുകളിൽ മുറ്റിനിന്നിരുന്ന ഭയമില്ലായ്മയും അവന്റെ കണ്ണുകളിലെ വീറും ഭടന്മാരെ തെല്ലൊന്ന് ഭയപ്പെടുത്താതിരുന്നില്ല. ജീവനിൽ ഭയമില്ലാത്തവരാരുമില്ല. അത് മഹാരാജാവായാലും പ്രജയായാലും.

“ഉം... പൊയ്ക്കോ.” ഭടന്മാർ പറഞ്ഞു. ചെറുപ്പക്കാരൻ കാണികൾക്കിടയിലേക്കു മറഞ്ഞു.

അകം തണുത്തപ്പോൾ ദേവസഹായം കണ്ണുകൾ ചിമ്മി. സൂര്യൻ കാരുണ്യരഹിതമായി കണ്ണിൽ കുത്തി. അദ്ദേഹത്തിന്റെ കാഴ്ച മഞ്ഞളിച്ചുപോയി. ലോകം വീണ്ടും ഇരുണ്ടുപോയി.

“എഴുന്നേല്ക്കടാ നായേ...” ഭടന്മാരിലൊരുവൻ ആക്രോശിച്ചു. ഒരുവിധം ദേവസഹായം പൂഴിയിൽ എഴുന്നേറ്റിരുന്നു. ഭടന്മാർ അദ്ദേഹത്തെ എരുമപ്പുറത്തു കയറ്റിയിരുത്തി. എരുമ നടക്കാൻ കൂട്ടാക്കാതെ സ്തംഭം പിടിച്ചുനിന്നു. എത്ര ശ്രമിച്ചിട്ടും ആ മൃഗം മുമ്പോട്ടൊരടി നീങ്ങിയില്ല. ഭടന്മാരിലൊരുവൻ അതിനെ ശക്തമായി തല്ലി. അപ്രതീക്ഷിതമായുണ്ടായ പ്രഹരത്താൽ എരുമ പൊടുന്നനെ മുമ്പോട്ടു കുതിച്ചു. ദേവസഹായം മറിഞ്ഞു നിലത്തു വീണു. ‘കർത്താവേ...’ എന്നൊരു രോദനം മാത്രം ദേവസഹായത്തിൽനിന്നു പുറപ്പെട്ടു വന്നു.

അതിദാരുണമായിരുന്നു ആ കാഴ്ച. കാഴ്ചക്കാരായി നിന്ന കഠിനഹൃദയർപോലും അയ്യോ എന്നു നിലവിളിച്ചുപോയി. ഉഷ്ണക്കാറ്റുപോലും മരച്ചില്ലകളിൽ വിലപിച്ചു. സൂര്യൻ തന്റെ അഗ്നിനാളങ്ങളെ പിന്നാക്കം പിടിച്ചു.

അവർ ദേവസഹായത്തിനെ വീണ്ടും എരുമപ്പുറത്തു കയറ്റി. കുന്നത്തൂർ, നട്ടാലം തുടങ്ങിയ സ്ഥലങ്ങളിൽക്കൂടി പത്മനാഭപുരത്തേക്കു തന്നെയായിരുന്നു ആ യാത്ര. യാത്രാമധ്യേ പലവട്ടം ദേവസഹായം എരുമപ്പുറത്തുനിന്നു വീണു. അപ്പോഴൊക്കെ ഭടന്മാർ അദ്ദേഹത്തെ കണക്കറ്റു പ്രഹരിച്ചു. അസഭ്യവാക്കുകൾ കൊണ്ടഭിഷേകം ചെയ്തു.

ഓരോ വട്ടവും എരുമപ്പുറത്തുനിന്നു വീഴുമ്പോഴും ഗാഗുൽത്തയിലേക്കുള്ള പീഡനയാത്രയിൽ കുരിശുമായി നിലംപൊത്തിയ യേശുവിന്റെ വീഴ്ചകളായിരുന്നു ദേവസഹായത്തിന്റെ മനസ്സിൽ. അത് ദൈവം പതിച്ചുകൊടുത്ത ഒരു മുദ്രയായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ പതിഞ്ഞു കിടന്നു. ആയതിനാൽ ദേവസഹായം തന്റെ വീഴ്ചയുടെ ആഘാതമറിഞ്ഞില്ല.

ശേഷം 14-ാം പേജിൽ

# ആശങ്കയുടെ തിരത്തള്ളലിൽ തീരദേശജനത

1-ാം പേജ് തുടർച്ച

400 മീറ്റർ വീതിയുള്ള ഇതിന്റെ പ്രവേശനകവാടത്തിലൂടെ 16 മീറ്റർ വരെയുള്ള മദർഷിപ്പുകൾക്കു പ്രവേശിക്കാൻ നിലവിൽ 15 മുതൽ 18 വരെ മീറ്റർ ആഴമുള്ള ഈ കടൽപ്രദേശം ഡ്രെഡ്ജ് ചെയ്ത് 20.4 മീറ്റർ ആഴം ആക്കേണ്ടതുണ്ടെന്ന് പരിസ്ഥിതി പഠനറിപ്പോർട്ടു പറയുന്നു. കൂടാതെ, കണ്ടെയ്നറുകൾ, മറ്റ് അനുബന്ധസൗകര്യങ്ങൾ എന്നിവയ്ക്കായി 66 ഹെക്ടർ



(165 ഏക്കർ) കടൽ നികത്തുകയും വേണം. പ്രകൃതിദത്തമായി നിലവിലുണ്ടായിരുന്ന പൊഴിമുഖങ്ങളെയും കടലിടുക്കുകളെയും ദ്വീപുകളെയും കായലുകളെയും പ്രയോജനപ്പെടുത്തി നിർമിച്ചിട്ടുള്ള കൊച്ചി, ബോംബെ, ഗോവ തുടങ്ങിയ സ്വാഭാവികതുറമുഖങ്ങളിൽനിന്നു വ്യത്യസ്തമായി തുറസ്സായ കടലിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള കൃത്രിമ തുറമുഖ നിർമാണം സൃഷ്ടിക്കാവുന്ന പ്രത്യാഘാതം ഭയാനകമാണെന്ന് ഇതിനകം തീരദേശം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

വലിയകടപ്പുറത്ത് കമ്പിവേലികെട്ടി തിരിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കപ്പലുകളുടെ സുരക്ഷിതമായ പോക്കുവരവിനു സഹായകരമാകുന്ന രീതിയിൽ പോർട്ട് ഏരിയായിൽ മത്സ്യബന്ധന യാനങ്ങൾ പ്രവേശിക്കുന്നത് ഒഴിവാക്കാൻ, പോർട്ട് നിയമങ്ങൾ ഉപയോഗിച്ചു വിഴിഞ്ഞം മുതൽ പൊഴിയൂർവരെ മത്സ്യബന്ധനനിരോധിതമേഖലയാക്കി പ്രഖ്യാപിക്കാനുള്ള സാധ്യത ഏറെയാണ്. വിഴിഞ്ഞം മുതൽ പൊഴിയൂർവരെ കേന്ദ്ര മത്സ്യഗവേഷണകേന്ദ്രത്തിന്റെ 2010 ലെ കണക്കനുസരിച്ച് 1882 മത്സ്യബന്ധന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനത്തെ ഇതു പ്രതികൂലമായി ബാധിക്കും.

നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേപുലിമുട്ടിനേക്കാൾ 800 മീറ്റർ കടലിൽ തള്ളിനില്ക്കുന്ന പുതിയ പുലിമുട്ടുനിർമാണം മൂലം മത്സ്യബന്ധന ഹാർബറിൽ മണ്ണു കയറി ആഴം കുറയുകയും ഇതിനകം നാല് അപകടമരണങ്ങൾ ഉണ്ടാവുകയും ചെയ്തു. സംശയിക്കേണ്ട, പല സന്ദർഭത്തിൽ തിരയിളക്കം കാരണം യാനങ്ങൾ കൂട്ടിമുട്ടിയുള്ള അപകടം തുടർക്കഥയാവും. ഹാർബറിൽ രൂപപ്പെടുന്ന മണൽത്തിട്ടകൾവഴി ജലജന്യരോഗങ്ങളായ കോളറയും ത്വഗ്രോഗങ്ങളും പടർന്നുപിടിക്കുന്നതിനും സാധ്യതയേറെയാണ്. ഇക്കാര്യങ്ങളെല്ലാം അനുഭവസമ്പന്നരായ മത്സ്യത്തൊഴിലാളികൾ മുന്നറിയിപ്പു നൽകിയ കാര്യങ്ങളാണ്.

വിഴിഞ്ഞം തുറമുഖനിർമാണം മൂന്നിലൊന്നു പൂർത്തിയായപ്പോൾ 600 മീറ്റർ കടൽത്തീരം നഷ്ടപ്പെട്ടു. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് വലിയതുറയിൽ മാത്രം അഞ്ചു വരിവീടുകളാണ് കടലെടുത്തത്. കൊച്ചുതോപ്പ്, തോപ്പ്, കണ്ണാന്തുറ, വെട്ടുകാട് തുടങ്ങി തുമ്പവരെ അശാസ്ത്രീയമായി നടത്തുന്ന നിർമാണത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

തുറമുഖനിർമാണത്തിന്റെ ഫലമായും തുടർച്ചയായ ഡ്രഡ്ജിംഗ് കാരണവും ചൊവ്വര, വിഴിഞ്ഞം, കോവളം പാറക്കെട്ടുകളിലെ ജൈവവൈവിധ്യവും മുത്തിച്ചിപ്പിയും തിരുവനന്തപുരം ജില്ലയിലെ സമ്പുഷ്ടമായ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥകളും നാമാവശേഷമായി മത്സ്യലഭ്യത കുറയുകയും ചെയ്യുമെന്നത് തർക്കമറ്റ സംഗതിയാണ്. കൂടാതെ കടൽ പരിസ്ഥിതിയിലുണ്ടാകുന്ന ഗണ്യമായ മാറ്റം അടിക്കടിയുള്ള ചുഴലിക്കാറ്റിനും മറ്റു പ്രകൃതി ദുരന്തങ്ങൾക്കും ഇടയാക്കും.

വിഴിഞ്ഞം വാണിജ്യതുറമുഖനിർമാണംമൂലം തീരദേശജനത നേരിടാൻ പോകുന്ന പ്രശ്നങ്ങളും ആശങ്കകളും ആവർത്തിച്ചാവർത്തിച്ച് ശ്രദ്ധയിൽപ്പെടുത്തിയിട്ടും, അധികാരികൾ, വിസിൽ ഉൾപ്പെടെ അദാനിയുടെ സ്തുതിപാഠകരായി നിലകൊള്ളുന്ന സ്ഥിതിയാണുള്ളത്. ഈ സ്ഥിതി തുടർന്നാൽ തിരുവനന്തപുരം ജില്ലയിലെ 50000 ത്തിൽപ്പരം മത്സ്യത്തൊഴിലാളികൾക്ക് ക്രമേണ മത്സ്യബന്ധനം അസാധ്യമായിത്തീരും.

അശാസ്ത്രീയമായി നിർമിച്ച മുതലപ്പൊഴി മരണപ്പൊഴിയായി മാറിക്കഴിഞ്ഞു. ഇതിനകം 45 ഓളം വിലപ്പെട്ട ജീവനുകളാണ് പൊലിഞ്ഞത്. കൂടാതെ, താഴമ്പള്ളി മുതൽ മാമ്പള്ളി വരെയുള്ള ജനവാസകേന്ദ്രങ്ങളിലൂണ്ടാകുന്ന തീരശോഷണംമൂലം ധാരാളം വീടുകൾ നഷ്ടപ്പെടുകയും തീരദേശറോഡ് പലതവണ തകരുകയും ചെയ്തു.

തീരദേശജനതയുടെ ആവശ്യങ്ങൾ അക്കമിട്ടു പറയട്ടെ: 1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമാണം മൂലമുണ്ടാകുന്ന തീരശോഷണത്തിനു ശാശ്വതപരിഹാരം കാണുക. 2. തീരശോഷണംമൂലം ഭവനം നഷ്ടപ്പെട്ട് മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ ക്യാമ്പുകളിൽ കഴിയുന്ന കുടുംബാംഗങ്ങളെ അടിയന്തരമായി വാടക നൽകി മാറ്റിപ്പാർപ്പിക്കുക. 3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കുക. 4. തീരശോഷണത്തിനു കാരണവും വിഴിഞ്ഞം മത്സ്യബന്ധനതുറമുഖത്തിനും കോവളം - ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയുമായ അദാനി തുറമുഖനിർമാണം നിർത്തിവച്ച് പ്രദേശവാസികളെയും ഉൾപ്പെടുത്തി സുതാര്യമായി പഠനം നടത്തുക. 5. അനിയന്ത്രിതമായ മണ്ണെണ്ണവില വർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക; തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക. 6. കാലാവസ്ഥാ മുന്നറിയിപ്പു കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമംവേതനം നൽകുക. 7. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

കടലും മത്സ്യആവാസവ്യവസ്ഥകളും മത്സ്യബന്ധനവും സംരക്ഷിക്കേണ്ടത് മത്സ്യത്തൊഴിലാളികളുടെ മാത്രം വിഷയമല്ല. കേരളത്തിലെ മത്സ്യ ഉപഭോക്താക്കളും കടലിന്റെ സുഹൃത്തുക്കളും നിലനില്പിന്റെ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു മുന്നോട്ടു വരണം.

■

## സാന്ത്വനം

# മനസ്സുകൾ അകന്നാൽ



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

ലിബിനും സാറായും സ്കൂളിൽ പഠിക്കുമ്പോൾ മുതലേ നല്ല സുഹൃത്തുക്കളാണ്. നന്നായി പഠിക്കുന്ന കുട്ടി എന്ന നിലയിൽ സാറായോട് ലിബിന് ഒരു പ്രത്യേക സ്നേഹമുണ്ടായിരുന്നു. ഈ സ്നേഹം വളർന്ന് പ്രായപൂർത്തിയായപ്പോൾ ലിബിൻ വീട്ടുകാരുടെ ചെറിയ എതിർപ്പുകളെ മറികടന്ന് സാറായെ വിവാഹം കഴിച്ചു. സാറാ തങ്ങളെക്കാൾ പാവപ്പെട്ട വീട്ടിലെ കുട്ടിയായതുകൊണ്ടാണ് വീട്ടുകാർ എതിർത്തത്.

എന്നാൽ, ലിബിൻ ഒരുപാട് സമ്പന്നൻ അല്ല. ഒരു ഇടത്തരം കുടുംബം.



കുടുംബം മുമ്പോട്ടുപോകുവാൻ ലിബിൻ സ്വന്തം ഓട്ടോ ഓടിക്കും; അല്ലാത്തപ്പോൾ കൂലിപ്പണിക്കു പോകും. എന്നാൽ, നന്നായി പഠിക്കുന്നവളല്ലേ എന്നു വിചാരിച്ച് ലിബിൻ സാറായെ നഴ്സിങ്ങിനു വിട്ടു. നഴ്സിംഗ് കഴിഞ്ഞ സാറായെ കുടുംബത്തിന്റെ സാമ്പത്തികബുദ്ധിമുട്ടുകൾ മാറുമല്ലോ എന്നു ചിന്തിച്ച് ലിബിൻ ഒ.ഇ.റ്റി. പഠിപ്പിച്ച് ഓസ്ട്രേലിയയ്ക്കു യാത്രയാക്കി. ലിബിനും കുട്ടിക്കും എന്താണെങ്കിലും ഒന്നരവർഷത്തിനകം പോകാമെന്നും അവൻ പ്രതീക്ഷിച്ചു. എന്നാൽ, ഇന്ന് ലിബിന്റെ സങ്കടം സാറാ അവനെ അവഗണിക്കുന്നു എന്നതാണ്. അവന്റെ കാര്യങ്ങൾ അന്വേഷിക്കാറില്ല. അവൾ പോയിട്ട് ഇപ്പോൾ മൂന്നുവർഷമായി. ആകെ ചെയ്ത ഉപകാരം പഠിപ്പിക്കാൻ എടുത്ത ലോൺ അവൾ അടച്ചുതീർത്തു എന്നതാണ്. ഇടയ്ക്ക് അവധിക്കു വന്ന സാറാ കുട്ടിയെ കാണാൻ വന്നതൊഴിച്ചാൽ പിന്നീടുള്ള ദിവസങ്ങളിൽ അവളുടെ വീട്ടിൽ താമസിച്ചു മടങ്ങുകയായിരുന്നു. ഇപ്പോൾ സാറായ്ക്ക് വിവാഹബന്ധം വേർപെടുത്തണം. ലിബിന് അതു ചിന്തിക്കാനേ കഴിയുന്നില്ല. ലിബിൻ തനിക്കുവേണ്ടി അനുഭവിച്ച കഷ്ടപ്പാടുകൾ സാറാ അംഗീകരിക്കുന്നുവെങ്കിലും ഇനി ഒരുമിച്ചു ജീവിക്കാൻ തയ്യാറല്ല.

വർഷങ്ങളോളം സ്നേഹിക്കുകയും ഒരുമിച്ചു താമസിക്കുകയും ചെയ്ത സാറായെ അമിതമായി ലിബിൻ വിശ്വസിച്ചു. അവളുടെ സ്വഭാവപ്രത്യേകതകൾ എല്ലാം അംഗീകരിക്കാവുന്നവയായിരുന്നു. പിന്നെ ഒരു കുഞ്ഞുണ്ടല്ലോ എന്നത് അവന്റെ ബലവും. ഇവിടെ ലിബിനോട് 'എന്തിനാ അവളെ പഠിപ്പിക്കാൻ വിട്ടത്, ഉള്ളതുകൊണ്ട് ജീവിച്ചാൽ പോരായിരുന്നോ' എന്നു ചോദിക്കുന്ന ഒത്തിരിപ്പേരുണ്ട്. എന്നാൽ, പഠിത്തം കൂടിയതും കുറഞ്ഞതുമാണോ ഇവർ തമ്മിലുള്ള അകല്ച്ചയ്ക്കു കാരണം? അല്ല. പഠനകാലം മുതൽ സാറാ മറ്റൊരു സ്ഥലത്ത് ഒറ്റയ്ക്കായിരുന്നു. ശാരീരികവും വൈകാരികവുമായുള്ള അകല്ച മാനസിക അകല്ച്ചയ്ക്കു കാരണമായി. തന്നെയുള്ള താമസത്തിലൂടെ പരസ്പരമുള്ള ധാരണകൾ കുറഞ്ഞു. ചെറിയ പിണക്കങ്ങൾ, അഭിപ്രായ വ്യത്യാസങ്ങൾ ഒക്കെയും മാറ്റാൻ, ആശ്വസിപ്പിക്കാൻ സാധ്യതകൾ ഇല്ലാതായി.

വിവാഹശേഷം കഴിവതും ദമ്പതികൾ ഒരുമിച്ചു താമസിക്കുക എന്നതാണ് പ്രധാനം. പണ്ടുള്ളവർ മാറിത്താമസിച്ചിട്ടില്ലേ എന്ന ചോദ്യമുണ്ട്. പക്ഷേ, അന്ന് പുരുഷന്മാർ ജോലിക്കു പുറത്തുപോകുമ്പോഴും സ്ത്രീകൾ മാതാപിതാക്കളോടും കുട്ടികളോടുമൊപ്പം വീട്ടിലായിരുന്നു. ഇന്നിപ്പോൾ നേരേ മറിച്ചാണ്. സ്ത്രീകളെ സംബന്ധിച്ച് കൂടുതൽ സ്നേഹം, പരിഗണന, പണം ഒക്കെ കിട്ടിയാൽ അങ്ങോട്ട് ഒരു ചായ്വ് സ്വാഭാവികം. ഇന്ന് ഇതെല്ലാം ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ സാധ്യമാണ്.

ഇവിടെ പ്രതിപാദിച്ച ദമ്പതികളുടെ ജീവിതമെടുക്കുക. അവർ ഒരുമിച്ചു ജീവിച്ചപ്പോൾ എല്ലാക്കാര്യങ്ങളിലും നല്ല പൊരുത്തമായിരുന്നു, സന്തോഷമായിരുന്നു. അകന്നുകഴിഞ്ഞ മൂന്നുനാലു വർഷംകൊണ്ടാണ് എല്ലാം തലകീഴായി മറിഞ്ഞത്. പഠനത്തിനായി പോകുന്ന ജീവിതപങ്കാളിയെ കൂടക്കൂടെ കാണാനും, ഒരുമിച്ചുതാമസിക്കാനും സൗകര്യമുള്ളതാണ് രണ്ടുകൂട്ടർക്കും എപ്പോഴും നല്ലത്. പ്രത്യേകിച്ച് സാമ്പത്തികമായി ഉയർന്ന കുടുംബത്തിലുള്ളവർ സമ്പത്തു കുറഞ്ഞ കുടുംബത്തിൽനിന്നു വിവാഹം കഴിച്ചാൽ. കാരണം, ദരിദ്രകുടുംബത്തിൽനിന്നു വരുന്നവർക്ക് എപ്പോഴും അപകർഷതാബോധം ഉണ്ടാകും. വിവാഹത്തിന്റെ ആദ്യനാളുകൾക്കുശേഷം അവർ അത് വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിക്കും.

ആയതിനാൽ വിവാഹിതരാകാനുള്ള യുവതീയുവാക്കൾ കൂടുതൽ ദീർഘവീക്ഷണമുള്ളവരായിരുന്നുകൊണ്ട്, ജീവിതപങ്കാളി തന്റെ കുടുംബത്തിനും തനിക്കും ചേർന്നതാണോയെന്ന് നന്നായി ആലോചിച്ചു തീരുമാനമെടുക്കണം. ഉയർച്ചയിലും തകർച്ചയിലും ശാരീരികമായും മാനസികമായും ജീവിതപങ്കാളിയോട് അടുത്തായിരിക്കുവാൻ സാധ്യതയുള്ള തീരുമാനങ്ങളാണ് എടുക്കേണ്ടത്. അല്ലെങ്കിൽ ചിലപ്പോൾ സ്വയംപര്യാപ്തത വന്നുകഴിയുമ്പോൾ സ്വീകരിച്ച ഔദാര്യങ്ങളെല്ലാം അവകാശങ്ങളായി ചിത്രീകരിച്ച് ഇതര പങ്കാളിയെ ഒഴിവാക്കാൻ സാധ്യതയുണ്ടെന്ന് ഓർക്കുക. സ്വയം വിഡ്ഢികളാകാതിരിക്കാൻ സമ്പത്തിനേക്കാൾ സ്നേഹത്തിനും സമാധാനത്തിനും പ്രാധാന്യം കൊടുത്തു ജീവിച്ചുതുടങ്ങുക. കുടുംബജീവിതം കൂടുതൽ കെട്ടുറപ്പുള്ളതാകും.

■

കവിജീവിതങ്ങൾ

അജിത്കുമാർ ഗോതുരുത്ത്

# അവിസ്മരണീയം ഈ വിശുദ്ധനാമം



**വി**ശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ആത്മീയജീവിതത്തിന്റെ പിൻബലത്തിൽ മാത്രമല്ല, വിശുദ്ധപദവിയിലേക്ക് എത്തപ്പെടുന്നത് എന്നതു പ്രത്യേകം സ്മരണീയമാണ്. വൈകുണ്ഠസ്വാമികൾ ജനിക്കുന്നതിന്റെ നാലുവർഷം മുമ്പ് 1805 ഫെബ്രുവരി 10 ന് കുര്യാക്കോസ് – മറിയം ദമ്പതികളുടെ ഇളയമകനായി ആലപ്പുഴ ജില്ലയിലെ കുട്ടനാടൻഗ്രാമമായ കൈനകരിയിൽ ജനിച്ചു. വൈകുണ്ഠസ്വാമികൾ തെക്കേ തിരുവിതാംകൂറിൽ സാമൂഹികപരിഷ്കരണപ്രക്രിയകളിൽ സജീവമായ നാളുകളിൽ ചാവറയച്ചനും നിശ്ശബ്ദവിപ്ലവപ്രവർത്തനങ്ങളിൽ ഏർപ്പെടുകയായിരുന്നു. ചരിത്രനിർമിതിയിൽ വേണ്ടത്ര രേഖപ്പെടുത്താതെ പോയ ആ പ്രവർത്തനങ്ങൾ ശ്രീനാരായണഗുരു അടക്കമുള്ള നവോത്ഥാനശില്പികൾക്കു ശക്തിപകർന്നു എന്നു നാം തിരിച്ചറിയേണ്ടതുണ്ട്.

കുടുംബമാണ് ഒരു സമൂഹത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. വഴക്കുള്ള തറവാട് വേഗം ക്ഷയിക്കും. മക്കളോട് അടുപ്പവും അകൽച്ചയും അധികം പാടില്ല. കുടുംബം പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങളെ നന്മയുടെ വഴിയിൽ സംരക്ഷിക്കാൻ കഴിയണം. ഉറങ്ങുന്നതിനും ഉണരുന്നതിനും കൃത്യത പാലിക്കണം. മറ്റുള്ളവർക്കു നന്മ ചെയ്യാതെ ഒരു ദിവസം കടന്നുപോകരുത്. ജോലി ചെയ്തവന്റെ വിയർപ്പു വറ്റുന്നതിനു മുന്നേ കൂലി നല്കണം. മാന്യമായ കൂലി കൊടുക്കാത്തവനു സമാധാനം ലഭിക്കയില്ല – ചാവറയച്ചന്റെ നിർദേശങ്ങളാണ്.

നിത്യദാരിദ്ര്യത്തിന്റെ ആ നാളുകളിൽ ശവമടക്കാൻ ഓരോ കുടുംബവും പെടാപ്പാടു പെട്ടിരുന്നു. എല്ലാ കുടുംബങ്ങളും പ്രതിമാസം നിശ്ചിതസംഖ്യ സ്വരൂപിച്ച് മരണപ്പെടുന്ന കുടുംബങ്ങളെ സഹായിക്കുന്ന ആശയം മുന്നോട്ടുവച്ചത് ചാവറയച്ചനാണ്.

സാധാരണക്കാർക്കുവേണ്ടി സ്ഥാപിച്ച സ്കൂളിൽ ഉച്ചഭക്ഷണത്തിനാവശ്യമായ പണം സമ്പാദിക്കുന്നതിനായി ചാവറയച്ചൻ കണ്ടെത്തിയ മാർഗമായിരുന്നു പിടിയരിസമ്പ്രദായം. ഓരോ നേരവും ഭക്ഷണത്തിനുള്ള അരി അളന്നു പാത്രത്തിലിടുമ്പോൾ ഒരുപിടി മറ്റൊരു പാത്രത്തിലിട്ട് സൂക്ഷിച്ചുവച്ച് ആഴ്ചയുടെ അവസാനം ആശ്രമത്തിൽ എത്തിക്കുകയും അത് പാവപ്പെട്ട വിദ്യാർത്ഥികൾക്കു ഭക്ഷണത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുക. സ്ത്രീകളുടെ ഇടയിൽ സമ്പാദ്യശീലം വളർത്താൻ ഇതു സഹായിച്ചു.

ഉള്ളവരിൽനിന്ന് ഇല്ലാത്തവനെ സഹായിക്കാനുള്ള മാർഗങ്ങൾ അദ്ദേഹം കണ്ടെത്തി. വരുമാനത്തിന്റെ അഞ്ചു ശതമാനം സാധുജനസംരക്ഷണത്തിനായി നീക്കിവയ്ക്കാൻ സമ്പന്നനെ നിർബന്ധിക്കുന്നതായിരുന്നു നൂറ്റിക്കഞ്ഞ് എന്ന ഈ പദ്ധതി. തെങ്ങ് ധാരാളമുള്ള സമ്പന്നരിൽനിന്ന് ഒരു തെങ്ങ് പള്ളിക്കായി നീക്കിവച്ച് അതിലെ വരുമാനം പാവപ്പെട്ടവരെ സഹായിക്കാൻ നല്കുക തുടങ്ങിയ ആശയങ്ങൾ ചാവറയച്ചൻ സമൂഹത്തിനു നൽകി.

കവിയെന്ന നിലയിൽ തന്റേതായ സംഭാവനയും മലയാളസാഹിത്യത്തിനു നല്കിയാണ് അദ്ദേഹം കടന്നുപോയത്. മലയാളകാവ്യധാരയിലെ ചെറുശേരി, എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയ കവികളുടെ കാവ്യശൈലിയുടെ അടുത്താണ് ഈ കവിതകളുടെ സ്ഥാനം. മനോഹരമായ വാങ്മയചിത്രങ്ങൾ അദ്ദേഹം കവിതയിലൂടെ വരച്ചുവച്ചു.



 ഏതാണ്ട് 112 രേഖകളാണ് ചാവറയച്ചന്റെ രചനകളായി കണ്ടെത്തിയിട്ടുള്ളതത്രേ. മലയാളം, തമിഴ്, സംസ്കൃതം, ലത്തീൻ, ഇറ്റാലിയൻ, സുറിയാനി, പോർച്ചുഗീസ് ഭാഷകളിൽ അദ്ദേഹത്തിനു പരിജ്ഞാനമുണ്ടായിരുന്നു.

ചരിത്രസംഭവങ്ങളുടെ വിവരണം, സാഹിത്യകൃതികൾ, ആധ്യാത്മികകൃതികൾ, കത്തുകൾ, ജീവചരിത്രങ്ങൾ, ഇടയനാടകങ്ങൾ, മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നിങ്ങനെ അദ്ദേഹത്തിന്റെ രചനകളെ തിരിക്കാം.

ഡോ. സുകുമാർ അഴീക്കോട് ചാവറക്കൃതികളെ വിലയിരുത്തിക്കൊണ്ട് അദ്ദേഹം മതത്തെ സാഹിത്യവത്കരിക്കുകയും സാഹിത്യത്തെ മതവത്കരിക്കുകയും ചെയ്തു എന്നുപറയുന്നുണ്ട്. വെൺമണിക്കവികൾ രൂപസൗന്ദര്യത്തിലും ബാഹ്യസൗന്ദര്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന കാലത്ത് ആത്മസൗന്ദര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും നേർച്ചിത്രങ്ങളുമായി ചാവറയച്ചൻ കവിതകളെഴുതി. ഭക്തിസാഹിത്യത്തിൽ എഴുത്തച്ഛൻശൈലിയോടാണ് കവിതകൾ ഐക്യപ്പെടുന്നത്.

ചാവറയച്ചന്റെ സാഹിത്യകൃതികളിൽ പ്രമുഖം 'ആത്മാനുതാപം' മഹാകാവ്യമാണ്. ആത്മചരിതത്തിൽ തുടങ്ങി ക്രിസ്തുജീവിതത്തിൽ അവസാനിക്കുന്നതാണ് ഈ കൃതി. മനോഹരമായ കാവ്യവർണനകളാൽ സമ്പുഷ്ടമാണ് 'ആത്മാനുതാപം'. 'അനസ്താസ്യയുടെ രക്തസാക്ഷ്യം' എന്ന ഖണ്ഡകാവ്യവും പ്രധാനപ്പെട്ട രചനയാണ്.

മലയാളസാഹിത്യത്തിനും സമൂഹത്തിനും മഹത്തായ സംഭാവന ചെയ്തയാളാണ് ചാവറയച്ചൻ എന്നത് വേണ്ടത്ര ഗൗരവത്തോടെ വിലയിരുത്തേണ്ടിയിരിക്കുന്നു.

■

ദളം ഇരുപത്തിനാല്






മോബിൻ മോഹൻ

# റാബിസിനെ കീഴടക്കിയ കഥ

**കു**ഞ്ഞുണ്ണിയും അമ്മാളുവും ജോണിക്കുട്ടിയും കഥ കേൾക്കാൻ ഉണ്ണീരിയമ്മയുടെയടുത്തിരിക്കുമ്പോഴാണ് ഇട്ടിണ്ടാൻ ഓടി വരുന്നത്. അവൻ നന്നായി അണയ്ക്കുണ്ടായിരുന്നു.

"ഉണ്ണിയമ്മേ.. എന്നെ ഒരു പട്ടി ഓടിച്ചു."


"പേപ്പട്ടിയാണോ ഇട്ടിണ്ടാനേ...?" ജോണിക്കുട്ടി ചോദിച്ചു.

"പേപ്പട്ടി കടിച്ചിരുന്നെങ്കിൽ ഇട്ടിണ്ടാന്റെ കാര്യം കുഴപ്പത്തിലായേനെ"– കുഞ്ഞുണ്ണി പറഞ്ഞു.

"എന്തു കുഴപ്പം?" – ഉണ്ണീരിയമ്മ ഇടപെട്ടു.

"പണ്ടായിരുന്നു കുഴപ്പം. ഇപ്പോൾ പേവിഷബാധയ്ക്കു പ്രതിവിധിയുണ്ട്. റാബിസ് എന്ന ഒരുതരം വൈറസ് ആണ് പേവിഷബാധയ്ക്കു കാരണം. റാബിസ് വൈറസിനെ പിടിച്ചുകെട്ടാൻ കഴിയാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അനേകായിരങ്ങളെയാണ് ഈ വൈറസ് മരണത്തിലേക്കു കൂട്ടിക്കൊണ്ടുപോയത്. പേവിഷബാധയേറ്റ ഒരാൾക്ക് ദുരിതവും തീവ്രവേദനയും ഏറ്റുവാങ്ങി മരണത്തിന് കീഴടങ്ങുക എന്നതു മാത്രമായിരുന്നു ചെയ്യാനുണ്ടായിരുന്നത്. അതിഭീകരമായിരുന്നു പേവിഷബാധയേറ്റ ഒരാളുടെ അന്ത്യം.അതുകൊണ്ടുതന്നെ പേവിഷബാധയ്ക്ക് വാക്സിൻ കണ്ടുപിടിച്ച ലൂയി പാസ്ചറുടെ കഥയാവട്ടെ ഇന്ന്."

എല്ലാവരും ഉണ്ണീരിയമ്മ പറയുന്നതു കേൾക്കാൻ കാതുകൾ കൂർപ്പിച്ചു.



ലൂയി പാസ്ചർ

പേവിഷബാധയേറ്റു മരണമടയുന്ന ആളുകളുടെ ദുരിതം കണ്ടാണ് ലൂയി പാസ്ചർ വാക്സിൻ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ തുടങ്ങിയത്. പേവിഷബാധയേറ്റ ആളുകളുടെ മുറിവിൽ ഇരുമ്പു പഴുപ്പിച്ചു വയ്ക്കുന്ന പ്രാകൃതമായ ചികിത്സയായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. ഇത് അശാസ്ത്രീയമാണെന്ന് ലൂയി പാസ്ചർ വാദിച്ചു.

പേപ്പട്ടികളിൽനിന്ന് ഉമിനീർ ശേഖരിച്ച് അദ്ദേഹം പരീക്ഷണങ്ങൾ ആരംഭിച്ചു. മുയലുകളെയാണ് പരീക്ഷണത്തിനു വിധേയമാക്കിയത്. ഒരിക്കൽ ഒരു പേപ്പട്ടിയുടെ ഉമിനീർ ശേഖരിക്കുവാൻ അതിസാഹസികമായ ഒരു കാര്യം ലൂയിപാസ്റ്റർ ചെയ്തു. ഒരു ചെറിയ ഗ്ലാസ്ട്യൂബ് കൊണ്ട് പട്ടിയുടെ വായിൽനിന്നു സ്വന്തം വായ ഉപയോഗിച്ച് ഉമിനീർ വലിച്ചെടുത്തു. ചെറുതായൊന്നു പാളിയാൽ ഉമിനീർ സ്വന്തം ശരീരത്തിൽ എത്തി പേവിഷബാധയേറ്റു മരണപ്പെടുമായിരുന്നു. സ്വന്തം ജീവിതം വരെ പണയപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം പരീക്ഷണങ്ങളിൽ ഏർപ്പെട്ടത്. അവസാനം വാക്സിൻ അദ്ദേഹം കണ്ടെത്തി. മുയലുകളിൽ വിജയകരമായി പരീക്ഷണം പൂർത്തിയായി. എങ്കിലും മനുഷ്യനിലേക്കു പരീക്ഷിക്കുവാൻ തുടങ്ങിയില്ല.

അക്കാലത്താണ് ജോസഫ് മെയ്സ്റ്റർ എന്ന കുട്ടിക്ക് പേവിഷബാധ ഏൽക്കുന്നത്. തന്റെ കുഞ്ഞിന്റെ മരണം ഉറപ്പാണെന്ന് ആ മാതാപിതാക്കൾ വിശ്വസിച്ചു. മകന്റെ മരണം ദിവസങ്ങൾക്കകം കൺമുന്നിൽ സംഭവിക്കാൻ പോകുന്നു. ലോകത്തെ ഏറ്റവും നിർഭാഗ്യവാന്മാരായ മാതാപിതാക്കൾ തങ്ങളാണെന്ന് അവർ കരുതി. ജീവിതം കൈവിട്ടുപോയ നിമിഷങ്ങൾ. അവസാനശ്രമം എന്ന നിലയിൽ ആ മാതാപിതാക്കൾ ലൂയി പാസ്ചറിനെ സമീപിച്ചു. വാക്സിൻ കണ്ടെത്തിയെങ്കിലും അത് മനുഷ്യനിലേക്കു പ്രയോഗിച്ചു തുടങ്ങിയിരുന്നില്ല. മനുഷ്യശരീരം ഈ വാക്സിനോട് എങ്ങനെ പ്രതികരിക്കും എന്നതും അറിയില്ല. ഏതായാലും വാക്സിൻ കുട്ടിയിൽ പ്രയോഗിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പേവിഷബാധയാൽ മരണം ഉറപ്പായ സാഹചര്യത്തിൽ വാക്സിൻ ഒന്നു പരീക്ഷിക്കുന്നതിൽ എന്താണു തെറ്റ്? ഒരുപക്ഷേ അവൻ ജീവിതത്തിലേക്കു തിരിച്ചുവന്നേക്കാം. സഹപ്രവർത്തകരായുള്ള ശാസ്ത്രജ്ഞന്മാർ ലൂയി പാസ്ചറിനെ എതിർത്തു. പക്ഷേ, ആ സാഹസികത ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറായി. ജോസഫ് മെയ്സ്റ്ററിന്റെ ശരീരത്തിൽ വാക്സിൻ കുത്തിവച്ചു.

ഒടുവിൽ ശാസ്ത്രലോകത്തെ ഞെട്ടിച്ചുകൊണ്ട് ആ വാർത്ത പരന്നു. ജോസഫ് മെയ്സ്റ്റർ ജീവിതത്തിലേക്കു തിരിച്ചുവന്നിരിക്കുന്നു. റാബിസ് വൈറസ് നിരുപാധികം കീഴടങ്ങിയിരിക്കുന്നു.

ജോസഫ് മെയ്സ്റ്ററെ മാത്രമല്ല ആയിരങ്ങളെയാണ് വാക്സിൻ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവന്നത്.

"ഹാവൂ സമാധാനമായി! ഇനിയിപ്പോൾ പട്ടി ഓടിച്ചാലും പേടിക്കണ്ടല്ലോ. അങ്ങേര് ഒരു സംഭവം തന്നെ"– ഇട്ടിണ്ടാൻ പറഞ്ഞു.

എല്ലാവർക്കും ചിരി പൊട്ടി.

■

# ആദർശരാഷ്ട്രീയത്തിന്റെ ആൾരൂപം

## തിരുവിതാംകൂറിന്റെ ഝാൻസി റാണി അക്കാമ്മ ചെറിയാൻ ഓർമയായിട്ട് 40 വർഷം



ബേബിച്ചൻ ഏർത്തയിൽ

സ്വന്തം വ്യക്തിപ്രഭാവം കൊണ്ട് ജീവിച്ചിരുന്ന കാലഘട്ടത്തെ പ്രകാശമാനമാക്കിയ തിരുവിതാംകൂറിന്റെ പ്രഗല്ഭമതിയായ ഒരു രാഷ്ട്രീയ നായികയായിരുന്നു അക്കാമ്മ ചെറിയാൻ. കാലത്തിന്റെ മഹാപ്രവാഹത്തിൽ ഇന്നും പൊലിയാതെ കത്തിജ്ജ്വലിക്കുന്ന ദീപശിഖ. 1938 ൽ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ ജന്മദിനമായ ഒക്ടോബർ 23 ന് രാജകൊട്ടാരത്തിലേക്കു ശ്രീമതി അക്കാമ്മ ചെറിയാൻ നയിച്ച ജാഥ തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രത്തിലെയെന്നല്ല, അഖിലേന്ത്യാ സമരത്തിലെതന്നെ സുപ്രധാനമായ നാഴികക്കല്ലാണ്. സർ സി. പി.യുടെ കിരാതഭരണത്തിനെതിരേ ജനലക്ഷങ്ങളെ അണിനിരത്തി നടത്തിയ ഈ ജാഥ അധികാരികളെ കിടിലം കൊള്ളിച്ചു. രാജാധികാരം ഉണർന്നു. കാലാൾപ്പടയുടെ അകമ്പടിയോടെ പട്ടാളലോറി മുന്നോട്ടു നീങ്ങി. എന്നാൽ, വാളന്റിയർമാർ സ്വസ്ഥാനങ്ങളിൽനിന്നിളകിയില്ല. ഒടുവിൽ, കേണൽ വാട്കിസ് തോക്കുയർത്തി. തോക്കിനുമുന്നിൽ അക്കാമ്മ ചെറിയാൻ ഈറ്റപ്പുലിയെപ്പോലെ ചാടിവീണു: “Shoot me first; Then only my men” ആദ്യത്തെ വെടിയുണ്ട എന്റെ ചങ്കിനു നേരേ പായിക്കൂ എന്നവർ അലറി. വാട്കിസിന്റെ കൈ താനേ താണുപോയി.

ഇതൊക്കെയാണെങ്കിലും രാഷ്ട്രീയകേരളത്തെ ഒരു കാലഘട്ടം നീളെ ജ്വലിപ്പിച്ചുനിറുത്തിയ, പ്രൗഢഗംഭീരയായ ആ മഹതി പിന്നീട് രാഷ്ട്രീയത്തിൽ ഒന്നുമല്ലാതായതെന്തുകൊണ്ട് എന്നൊരു വലിയ ചോദ്യമുണ്ട്. തന്റെ 23-ാമത്തെ വയസ്സിൽ ബി.എ.എൽ.ടി. പാസ്സായശേഷം അധ്യാപികവൃത്തിയിലേക്കു കടന്ന അവർ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂൾ ഹെഡ്മിസ്ട്രസായിരിക്കെയാണ് എല്ലാം ഇട്ടെറിഞ്ഞ് രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുന്നത്. ഒരു ദശാബ്ദക്കാലം നാടിന്റെ മോചനത്തിനായി കഠിനാധ്വാനം ചെയ്യുകയും മൂന്നുവർഷക്കാലം ജയിൽവാസമനുഭവിക്കുകയും ചെയ്ത കഥാനായിക എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയായിട്ടും അവരെ ഒരു മന്ത്രിയാക്കാൻ അന്നത്തെ സ്റ്റേറ്റു കോൺഗ്രസ് നേതൃത്വം തയ്യാറായില്ല. അധികാരം കിട്ടിയപ്പോൾ അക്കാമ്മയുടെ ത്യാഗവും സേവനങ്ങളും ബന്ധപ്പെട്ടവർ മറന്നുകളഞ്ഞു. ആത്മാർത്ഥതയുടെയും നിസ്വാർത്ഥതയുടെയും പ്രതീകമായ ഈ സ്ത്രീരത്നത്തിന് അവഗണനയുടെ വേദനിപ്പിക്കുന്ന നിരവധി അനുഭവങ്ങളാണു കാലം സമ്മാനിച്ചത്. അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ് സെക്രട്ടറി, കേരളത്തിൽനിന്നു പാർലമെന്റിലേക്കു മത്സരിക്കേണ്ട സ്ഥാനാർത്ഥികളുടെ പട്ടിക പ്രധാനമന്ത്രി ജവഹർലാൽനെഹ്രുവിന്റെ മുമ്പിൽ സമർപ്പിച്ചപ്പോൾ, സ്ത്രീപ്രാതിനിധ്യമില്ലാത്തതിനാൽ ദേഷ്യപ്പെട്ട് ആ ലിസ്റ്റ് അദ്ദേഹം വലിച്ചെറിയുകയായിരുന്നു. യോഗ്യരായ സ്ത്രീകൾ കേരളത്തിലില്ലെന്നും അക്കാമ്മ ചെറിയാൻ ഒരു വോളണ്ടിയർ മാത്രമാണെന്നുമത്രേ ചിലർ വിശദീകരണം നൽകിയത്. എന്നാൽ, അക്കാമ്മ ചെറിയാനെപ്പോലെ കാര്യപ്രാപ്തിയും സത്യ



അക്കാമ്മ ചെറിയാൻ

സന്ധതയും രാജ്യസ്നേഹവുമുള്ള ഒരാളെ ഒഴിവാക്കിയ നേതൃത്വം തെറ്റായ വഴിയിലൂടെയാണു നീങ്ങുന്നതെന്ന് അന്നത്തെ മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു.

ഒരു കുടുംബിനി മാത്രമായുള്ള പതിന്നാലു വർഷത്തെ രാഷ്ട്രീയവനവാസത്തിനുശേഷം 1967 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കാഞ്ഞിരപ്പള്ളിയിൽനിന്നു മത്സരിക്കുവാൻ ടിക്കറ്റു നൽകി കോൺഗ്രസ് മുന്നോട്ടു വന്നു.

പീരുമേട്ടിലൂടെ കെ.റ്റി. തോമസ് കരിപ്പാപ്പറമ്പിലുമൊന്നിച്ച് സ്ഥാനാർത്ഥി അക്കാമ്മ വർക്കി പ്രചാരണത്തിനു ജീപ്പിൽ പോകുന്നത് ലേഖകന്റെ ഓർമയിലുണ്ട്.

എന്നാൽ, മധ്യതിരുവിതാംകൂറിൽ കോൺഗ്രസിന്റെ ശക്തി മുഴുവൻ ചോർന്നുപോയ കാലഘട്ടമായിരുന്നു അത്. കേരള കോൺഗ്രസിന്റെ ആവിർഭാവമായിരുന്നു അതിനു കാരണം. ‘കോൺഗ്രസ് ഇന്ന് ഏറ്റവും വലിയ ദുരന്തകാലത്താണ്. ഈ സമയത്ത് കോൺഗ്രസിനെ രക്ഷിക്കേണ്ടത് എന്റെ ചുമതലയായി കരുതുന്നു’ എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് അക്കാമ്മ വർക്കി മത്സരിച്ചത്. ഫലം വന്നപ്പോൾ ഇടതുസ്ഥാനാർത്ഥിക്ക് 22681 വോട്ടും കേരള കോൺഗ്രസ് സ്ഥാനാർത്ഥിക്ക് 14335 വോട്ടും കോൺഗ്രസ് സ്ഥാനാർത്ഥി അക്കാമ്മ വർക്കിക്ക് 6139 വോട്ടും മാത്രം! ഈ തിരഞ്ഞെടുപ്പുഫലത്തോടെ അക്കാമ്മ പൊതുജീവിതമവസാനിപ്പിച്ച് സ്വസ്ഥമായ കുടുംബജീവിതത്തിലേക്കു മടങ്ങി. ഭർത്താവ് വി.വി. വർക്കി സ്വാതന്ത്ര്യസമരസേനാനിയും നല്ലൊരു പ്രഭാഷകനും എഴുത്തുകാരനുമായിരുന്നു. വാഴൂരിൽനിന്നു മത്സരിച്ച് തിരു-കൊച്ചി നിയമസഭാംഗമായി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

എങ്കിലും, ഇരുവരുടെയും രാഷ്ട്രീയജീവിതത്തിൽ, നേട്ടങ്ങൾക്കു പകരം കോട്ടങ്ങൾ മാത്രമായിരുന്നു ഫലം. എരുമേലിയിൽ കുടുംബസ്വത്തായി അക്കാമ്മയ്ക്കുണ്ടായിരുന്ന എട്ടേക്കർ സ്ഥലവും ചിറക്കടവിൽ വി.വി. വർക്കിക്കുണ്ടായിരുന്ന നാലേക്കർ ഭൂമിയും അന്യാധീനപ്പെട്ടു. പൊതുപ്രവർത്തനത്തിൽ അവർക്ക് എല്ലാം നഷ്ടപ്പെടുകയായിരുന്നു. തിരുവനന്തപുരത്ത് വാടകവീട്ടിലാണ് ദീർഘകാലം ഇവർ താമസിച്ചിരുന്നത്. 1982 മേയ് 5 ന് 73-ാം വയസ്സിൽ അന്തരിക്കുന്നതുവരെ അക്കാമ്മ അവിടെ കഴിച്ചുകൂട്ടി.

തിരുവനന്തപുരത്ത് കവടിയാറിൽ അക്കാമ്മയുടെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ടൗണിലുള്ള പുത്തനങ്ങാടി സെന്റ് മേരീസ് സ്കൂൾ റോഡിന് ലേഖകന്റെ നിവേദനത്തെത്തുടർന്ന് ‘അക്കാമ്മ ചെറിയാൻ റോഡ്’ എന്ന് പഞ്ചായത്ത് നാമകരണം ചെയ്തു. സഹൃദയ വായനശാല പുതുക്കിപ്പണിയുമ്പോൾ ഉചിതമായ ഒരു സ്മാരകം അവിടെയുണ്ടാകണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ആദർശരാഷ്ട്രീയത്തിന്റെ ആൾരൂപമായ, തിരുവിതാംകൂറിന്റെ ഝാൻസി റാണി അക്കാമ്മ ചെറിയാന്റെ വിലപ്പെട്ട ജീവിതവും രാഷ്ട്രസേവനവും ചരിത്രത്തിൽ വിളങ്ങിനില്ക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

■



11-ാം പേജ് തുടർച്ച

പത്മനാഭപുരത്തു കൊണ്ടുവന്ന് ഭടന്മാർ ദേവസഹായത്തിനെ വീണ്ടും കാരാഗൃഹത്തിലടച്ചു. കാരാഗൃഹത്തിലെ കനത്ത ഇരുട്ടിൽ ഒന്നും കാണാനാവാതെ ദേവസഹായം കണ്ണുമിഴിച്ചു കിടന്നു.

ഇരുട്ടിൽ മിന്നാമിന്നിക്കൂട്ടങ്ങൾപോലെ പരശ്ശതം നക്ഷത്രങ്ങൾ മിന്നുന്നു. ദൂരെയെവിടെയോ ആരോ കിന്നരം വായിക്കുന്നതുപോലെ.

ദേവസഹായം മെല്ലെ മെല്ലെ ഉറക്കത്തിലേക്കു വഴുതി. ദാഹവും വിശപ്പും ക്ഷീണവുമായി അദ്ദേഹം ഉറക്കത്തിന്റെ കരിങ്കടലിൽ മുങ്ങി.

സുദീർഘമായ ഉറക്കമായിരുന്നു. സമയകാലങ്ങളെക്കുറിച്ചു നിശ്ചയമില്ലാതെ തെളിനീരൊഴുകുന്ന ഒരു നദിയുടെ ശാന്തവും നിശ്ശബ്ദവുമായ പ്രവാഹംപോലെയായിരുന്നു നിദ്ര. ഉറക്കത്തിന്റെ നേരമത്രയും ഢിലനായിയുടെ കാവൽദൈവം മിഖായേൽ മാലാഖ തനിക്കു കാവലുണ്ടെന്ന് ദേവസഹായം സ്വപ്നത്തിൽ ദർശിച്ചു.

നാലഞ്ചു ദിവസങ്ങൾ കഴിഞ്ഞാണ്. രാജകല്പനപ്രകാരം ദേവസഹായത്തിനെ പത്മനാഭപുരത്തുനിന്നു തിരുവിതാംകോട്ടിൽ കൊണ്ടുപോയി തടവിൽ പാർപ്പിച്ചു. മൂന്നു വശവും കൽച്ചുവരുകളുള്ള തടവറയുടെ മുൻവശം കമ്പിയഴികളിട്ട കൂറ്റൻവാതിലായിരുന്നു. ആയതിനാൽ വെളിച്ചവും വല്ലപ്പോഴും കാറ്റും ലഭിച്ചിരുന്നു.

കാലുകളിൽ വിലങ്ങു തറച്ചിരുന്നെങ്കിലും കൈകൾ സ്വതന്ത്രങ്ങളായിരുന്നു. കമ്പിയഴികൾക്കിടയിലൂടെ ആകാശച്ചെരിവു കാണാം. നക്ഷത്രങ്ങളെയും അപൂർവ്വമായി ചന്ദ്രനെയും. കാറ്റും വെളിച്ചവും കിട്ടിയപ്പോൾത്തന്നെ ദേവസഹായത്തിൽ ഒരുണർവ് സാവധാനം നിറയാൻ തുടങ്ങി.

പത്മനാഭപുരത്തുനിന്നു വ്യത്യസ്തമായി തിരുവിതാംകോട്ടിൽ അദ്ദേഹത്തെ കാണുന്നതിനും ഉപദേശം കേൾക്കുന്നതിനും നിരവധിയാളുകൾ വരിക പതിവായി. അകലെദേശങ്ങളിൽനിന്നു വരുന്ന ആളുകളിൽ ക്രിസ്ത്യാനികൾ മാത്രമല്ല ഹിന്ദുക്കളുമുണ്ടായിരുന്നു. അവർ കൊണ്ടുവരുന്ന പഴങ്ങളും മറ്റും കഴിച്ച് അവരോടു സംസാരിച്ച് ദേവസഹായം സമയംപോക്കി. ചിലർ അദ്ദേഹത്തോടു പ്രാർത്ഥന ആവശ്യപ്പെട്ടു. മറ്റു ചിലർ ഉപദേശങ്ങൾ തേടി.

നിഷ്ഠുരമായി പീഡിപ്പിച്ചിട്ടും എത്ര ഉപദേശിച്ചിട്ടും ദേവസഹായം സത്യമതത്തെ ഉപേക്ഷിക്കുന്നില്ലെന്നു കണ്ടപ്പോൾ അധികാരികൾക്ക് വൈരാഗ്യം പൂർവാധികം മൂർച്ഛിച്ചു. ബ്രാഹ്മണന്മാർ കൊണ്ടുവന്ന ഭസ്മം ധരിക്കാനോ വേദമന്ത്രങ്ങൾ ഉച്ചരിക്കുവാനോ ദേവസഹായം ഒരുമ്പെട്ടില്ല. എന്തെന്നാൽ ലോകത്തിന്റെ ദോഷങ്ങളെ അകറ്റുവാൻ ദേവസഹായം വിശ്വാസത്തെ വസ്ത്രംപോലെ ധരിച്ചിരുന്നു.

കലിപൂണ്ട ബ്രാഹ്മണർ ഭടന്മാരെക്കൊണ്ട് ദേവസഹായത്തെ കാണാൻ വരുന്ന ജനങ്ങളെ നിർഭയമായി പ്രഹരിക്കാൻ തുടങ്ങി. (തുടരും)



*കെ. സി. എസ്. എൽ. പാലാ രൂപത ലീഡേഴ്സ് ക്യാമ്പ് മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്യുന്നു. രൂപത ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, സജിമോൻ പി. മാത്യു, ജിജോ മാത്യു, എബി ജോസ്, സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ സമീപം.*



# OVERSEAS EDUCATION SERVICES

STUDY AT

GERMANY CANADA AUSTRALIA NEW ZEALAND

For Plus two & Degree Students
Great opportunities in Germany without IELTS & German Language

NAIPUNNYA INTERNATIONAL
By the Archdiocese of Ernakulam-Angamaly

St.Thomas Press Building, Pala, Pin:686575
0482 2 201546 | pala@naipunnyaint.com

Head Office — Other Branches

ERNAKULAM 0484-2381948/49 | KALOOR 9544 9191 44 | ANGAMALY 9544 9191 55 | THRIKKAKARA 9544 9191 33

33 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

B.A. - All subjects (M.G. University)
B.Com - Finance and Taxation, Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.




# ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

Deepanalam Weekly

RNI No : 16998/68
Vol. 55 No. 25 Date of Publication 18 aug 2022
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.